# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

ഒക്ടോബർ 2014 വാല്യം 41 ലക്കം 6 *ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ്* പേജ് 16 വില 5.00 രൂപ


# ബിജെപി-ആർഎസ്എസ് ഇൻഡ്യൻ നവോത്ഥാനത്തിന്റെയും സ്വാതന്ത്ര്യ സമരത്തിന്റെയും ഉജ്ജ്വലമായ പാരമ്പര്യത്തെ തകർക്കാൻ ശ്രമിക്കുന്നു

*(സമുന്നത മാർക്സിസ്റ്റ് ദാർശനികനും മഹാനായ തൊഴിലാളിവർഗ്ഗ നേതാവും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ സ്ഥാപക ജനറൽസെക്രട്ടറിയുമായ സഖാവ് ശിബ്ദാസ്ഘോഷിന്റെ 38-ാം ചരമവാർഷികത്തോടനുബന്ധിച്ച് ആഗസ്റ്റ് 5-ന് കൊൽക്കത്തയിൽ നടന്ന അനുസ്മരണസമ്മേളനത്തിൽ പാർട്ടി ജനറൽസെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ് നടത്തിയ പ്രസംഗത്തിന്റെ തെരഞ്ഞെടുത്ത ഭാഗങ്ങളാണ് ഇവിടെ പ്രസിദ്ധീകരിക്കുന്നത്. സംഘപരിവാർ ശക്തികൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ആശയക്കുഴപ്പങ്ങളെ മാർക്സിസം-ലെനിനിസം-ശിബ്ദാസ്ഘോഷ് ചിന്തകളുടെ വെളിച്ചത്തിൽ ഉജ്ജ്വലമായി വിശകലനം ചെയ്യുന്ന ഈ പ്രസംഗഭാഗം എല്ലാ പുരോഗമന ജനാധിപത്യ വിശ്വാസികൾക്കും മാർഗ്ഗദർശനം നൽകുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. രാജ്യം ഇന്ന് നേരിടുന്ന രാഷ്ട്രീയവും സാമൂഹ്യവും സാംസ്കാരികവുമായ വെല്ലുവിളികളെ ശാസ്ത്രീയമായി വിശകലനം ചെയ്തുകൊണ്ട്, വർഗ്ഗബഹുജനസമരങ്ങൾക്ക് ദിശകാട്ടുന്ന അർത്ഥസമ്പന്നവും സാമാന്യം ദീർഘവുമായ ആ പ്രസംഗത്തിന്റെ പൂർണ്ണരൂപം ഒരു പ്രത്യേക പുസ്തകമായി പ്രസിദ്ധീകരിക്കുന്നതാണ് — എഡിറ്റർ, യൂണിറ്റി.)*

**- പ്രൊവാഷ് ഘോഷ്**



**ബി.ജെ.പി കുത്തക മുതലാളിത്തത്തിന്റെ ദാസന്മാർ**

**ക**ഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിന് മുമ്പ് തന്നെ കുത്തകകളും വിദേശമുതലാളിമാരും കോർപ്പറേറ്റ് മേഖലയും ബിജെപിയെ അധികാരത്തിലേറ്റാൻ തീരുമാനിച്ചിരുന്നു. ഇക്കാലമത്രയും അവർക്കുവേണ്ടി പ്രവൃത്തിയെടുത്തിരുന്ന കോൺഗ്രസ്സിനെക്കൊണ്ട് തൽക്കാലം പ്രയോജനമില്ലെന്ന കണക്കുകൂട്ടലിന്റെ അടിസ്ഥാനത്തിലായിരുന്നു അത്. അങ്ങനെ അവർ ബിജെപിക്ക് വേണ്ടി ഭീമമായ തുക മുടക്കി പ്രചാരണം നടത്തി. ഗുജറാത്തിലെ വംശഹത്യയുടെ സൂത്രധാരനെന്ന് കരുതപ്പെടുന്നയാളാണ് നരേന്ദ്രമോഡി. നിരപരാധികളുടെ രക്തം പുരണ്ട കൈകളാണ് അദ്ദേഹത്തിന്റേത്. ആ വ്യക്തി മാദ്ധ്യമപ്രചാരണത്തിലൂടെ ഒരു സുപ്രഭാതത്തിൽ രാജ്യത്തിന്റെ രക്ഷകനായി അവതരിപ്പിക്കപ്പെട്ടു. ഇങ്ങനെയാണ് ബൂർഷ്വാസി നേതാക്കന്മാരെ

*(ശേഷം 11-ാം പേജിൽ)*

## ഉന്നതനീതിപീഠത്തിലെ നിയമനങ്ങൾ

### സർക്കാർ കൈകടത്തൽ ഭരണപരമായ ഫാസിസത്തിലേക്കുള്ള ചുവടുവെയ്പിന്റെ ദുസ്സൂചനകൾ

**സു**പ്രീംകോടതിയിലെയും ഹൈക്കോടതികളിലെയും ജഡ്ജിമാരുടെ നിയമനത്തെ ച്ചൊല്ലിയുള്ള തർക്കങ്ങൾക്ക് അടുത്തിടെ രാജ്യം വേദിയായി. ഒരു കൊളീജിയം സമ്പ്രദായമാണ് ഇതുവരെ ഇക്കാര്യത്തിൽ നിലനിന്നിരുന്നത്. അതായത്, ജഡ്ജിമാരെ ജഡ്ജിമാർ ചേർന്ന് നിയമിക്കുന്ന രീതി. സുപ്രീം കോടതി ചീഫ് ജസ്റ്റിസിന്റെ നേതൃത്വത്തിൽ ജഡ്ജിമാരടങ്ങുന്നതാണ് ഈ കൊളീജിയം. സുപ്രീം കോടതി നിയമനത്തിന് അഞ്ചും ഹൈക്കോടതിയിലെ നിയമനങ്ങൾക്ക് മൂന്നും അംഗങ്ങൾ അടങ്ങുന്നതായിരുന്നു കൊളീജിയം.

*(ശേഷം 5-ാം പേജിൽ)*

# നികുതി-ചാർജ്ജ് വർദ്ധനവുകൾ

# ജനദ്രോഹം മുഖമുദ്രയാക്കിയ യു.ഡി.എഫ് ഭരണം

**2011 മേയിൽ, നേരിയ ഭൂരിപക്ഷത്തിൽ ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ അധികാരത്തിലെത്തിയ യുഡിഎഫ് സർക്കാർ നേർത്ത ഭൂരിപക്ഷമേയുള്ളു എന്നതുകൊണ്ടാകാം, തുടക്കത്തിൽ ജനങ്ങളെ അധികം ദ്രോഹിക്കാതിരുന്നെങ്കിലും അധികം വൈകാതെ തന്നെ തനിനിറം കാട്ടിത്തുടങ്ങുകയുണ്ടായി. എന്നാൽ ഇന്നുകാണുന്ന വിധം സർവ്വസീമകളും ലംഘിച്ചുകൊണ്ടുള്ള ജനദ്രോഹഭരണത്തിന്റെ തുടക്കമായി സാധാരണജനങ്ങൾ അതിനെ കണ്ടിരുന്നില്ല. കഴിഞ്ഞ രണ്ടര പതിറ്റാണ്ടായി രാജ്യത്തിന്റെ സാമ്പത്തിക - സാമൂഹ്യരംഗങ്ങളിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന അതീവ വിനാശകരമായ നയങ്ങളുടെ നടത്തിപ്പുകാരായി യു.ഡി.എഫ് ഭരണം നിലകൊണ്ടു.**




എൽയുഎഫ്സെക്രട്ടേറിയറ്റിനുമുന്നിൽ നടത്തിയ പ്രതിഷേധ മാർച്ച്. മുൻനിരയിൽ സഖാക്കൾ സി.കെ.ലൂക്കോസ്, എൻ.വേണു, കെ.എസ്.ഹരിഹരൻ, ഡോ.വി.വേണുഗോപാൽ, കെ.ആർ.സദാനന്ദൻ, ടി.എസ്.നാരായണൻ മാസ്റ്റർ തുടങ്ങിയവർ

**സം**സ്ഥാനസർക്കാരിന്റെ ഏതു നയത്തിന്റെയും ലക്ഷ്യം സ്വകാര്യ മൂലധനശക്തികളുടെ വളർച്ചയ്ക്ക് കളമൊരുക്കുക എന്നതു മാത്രമായി മാറിയപ്പോൾ, പണിയെടുത്തു ജീവിക്കുന്ന സാധാരണജനങ്ങളുടെ ജീവിതം അടിമുടി ദുരിതപൂർണ്ണമായി. ഏറ്റവുമൊടുവിൽ പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന നികുതി-ചാർജ്ജ് വർദ്ധനവുകൾ യു.ഡി.എഫ് ഭരണം നടപ്പാക്കി വരുന്ന നയങ്ങളുടെ തീവ്രരൂപമാണ്. 4000 കോടി രൂപയുടെ നികുതി വർദ്ധനവാണ് ഒറ്റയടിക്ക് ജനങ്ങൾക്കുമേൽ അടിച്ചേൽപ്പിച്ചത്. ജനാധിപത്യ സംവിധാനങ്ങളെയും പൊതുബജറ്റിനെയും നോക്കുകുത്തിയാക്കിക്കൊണ്ട്, യാതൊരു ചർച്ചയുമില്ലാതെ എടുത്ത ഈ നടപടി, അതിന്റെ രീതി കൊണ്ടും മാനം കൊണ്ടും കേരളചരിത്രത്തിൽ സമാനതകളില്ലാത്തതാണ്. എന്നിട്ടും, സംസ്ഥാനത്തിന്റെ യഥാർത്ഥ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ജനങ്ങൾക്കുമുന്നിൽ വെളിപ്പെടുത്താൻ സർക്കാർ തയ്യാറാകുന്നില്ല. പൊതുബജറ്റിനെ മറികടന്ന്, നിയമസഭയെ മറികടന്ന്, സമസ്ത മേഖലകളിലും നികുതിയും നിരക്കും കൂട്ടുമ്പോൾ, അതിന്റെ യഥാർത്ഥ കാരണങ്ങൾ ജനങ്ങൾ അറിയേണ്ടതല്ലേ? വിശേഷിച്ചും പ്രതിസന്ധിയില്ല എന്ന് സർക്കാർ ആവർത്തിക്കുമ്പോൾ! ഇല്ലെങ്കിൽ എന്തു ജനാധിപത്യമാണ് ഇവിടുള്ളത്?

കേരളം ഇന്ന് അഭിമുഖീകരിക്കുന്നത് സാമ്പത്തികപ്രതിസന്ധിയല്ല മറിച്ച് സാമ്പത്തികപ്രയാസം മാത്രമാണെന്ന് ധനമന്ത്രി കെ.എം.മാണി പറയുകയുണ്ടായി. യാഥാർത്ഥ്യമെന്താണ്? 2013 അവസാനിക്കുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം 1,04,743 കോടി രൂപയായി ഉയർന്നിരുന്നു. ഇപ്പോഴത് 1,20,000 കോടിയായിട്ടുണ്ട്. അതായത് സംസ്ഥാനത്തെ

*(ശേഷം 7-ാം പേജിൽ)*

## ഉൾപ്പേജുകളിൽ


പേജ് 2- ചുവപ്പു മങ്ങി കാവിയാകുന്ന സിപിഐ(എം)-

പേജ് 3- മദ്യനയത്തെ അട്ടിമറിക്കാനുള്ള നീക്കം ചെറുക്കുക

പേജ് 4- സൈദ്ധാന്തിക പാഠങ്ങൾ

പേജ് 8- നിർമ്മാണത്തൊഴിലാളി സെക്രട്ടേറിയറ്റ് മാർച്ച്

പേജ് 8- ഇടതുപക്ഷ ഐക്യമുന്നണി, വിവിധ റിപ്പോർട്ടുകൾ

പേജ്-9 കാശ്മീർ ദുരിതാശ്വാസ പ്രവർത്തനം

പേജ് 15- ശരത്ചന്ദ്രചാറ്റർജി അനുസ്മരണം

പേജ് 16- വിദ്യാഭ്യാസ സംരക്ഷണ സംഗമം

# ചുവപ്പ് മങ്ങി കാവിയാകുന്ന സിപിഐ(എം)

**ചുവപ്പ് നിറം അല്പം അരോചകമല്ലേ എന്ന് സിപിഎം നേതാക്കൾക്ക് തോന്നിത്തുടങ്ങിയിരിക്കുന്നു. കാവിയാകുമ്പോൾ അല്പം മയമുണ്ട്. സ്വീകാര്യതയും കൂടും. എല്ലാം മയപ്പെടുത്താനുള്ള തീരുമാനം പാർട്ടി കൈക്കൊള്ളുന്നത് ഈ പശ്ചാത്തലത്തിലാണ്. ജീവകാരുണ്യപ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ തുനിഞ്ഞത് ഈ കാഴ്ചപ്പാടോടെയായിരുന്നു. ഇപ്പോഴിതാ മതപരമായ ചടങ്ങുകളിലേക്ക് പുരോഗമിക്കുകയാണ്. ഒരു വെല്ലുവിളിയുടെ സ്വരം പശ്ചാത്തലമായി വേണമെന്ന് നിർബന്ധമുള്ളതുകൊണ്ട്, മതപരമായ ചടങ്ങുകൾ ആരുടേയും കുത്തകയല്ല എന്നുകൂടി പറഞ്ഞു വച്ചു. ഭാരതീയ പാരമ്പര്യത്തെക്കുറിച്ച് വലിയ അഭിമാനം തോന്നിത്തുടങ്ങിയ സിപിഐ ഇതോടെ ഒറ്റയടിക്ക് ബഹുദൂരം പിന്നിലുമായി.**

ഇപ്പോൾത്തന്നെ വിശ്വാസികളെക്കൊണ്ട് നിറഞ്ഞിരിക്കുകയാണ് പാർട്ടി. വിശ്വാസത്തിന്റെ അടിത്തറ തന്നെ അന്ധതയായതുകൊണ്ട് അന്ധവിശ്വാസമെന്ന് വേർതിരിച്ച് പറയുന്നതിൽ വലിയ കാര്യമില്ല . അതായത്, മന്ത്രവാദം, മഷിനോട്ടം, കൂടോത്രം തുടങ്ങിയവയൊക്കെ താമസിയാതെ സഖാക്കളുടെ പ്രവർത്തനമേഖലകളായി മാറും. ആഭിചാര പ്രവൃത്തികൾക്ക് അനുയോജ്യമായ ഒരു മനോഘടന കൈമുതലായുള്ളതുകൊണ്ട് ഈ രംഗങ്ങളിലൊക്കെ മികവു പുലർത്തുകയെന്നത് വലിയ കീറാമുട്ടിയൊന്നുമാകാനും പോകുന്നില്ല.

പാർട്ടി പരിപാടികളിൽ ജനപങ്കാളിത്തം കുറയുകയും മതപരമായ ചടങ്ങുകളിൽ ജനങ്ങൾ തടിച്ചുകൂടുകയും ചെയ്യുന്നത് കണ്ടിട്ടാണ് ചുവപ്പാണ് ജനങ്ങളെ അകറ്റുന്നത് എന്ന നിഗമനത്തിലെത്തിയത്. ജനപിന്തുണ വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ചായി പിന്നെ ചിന്ത. നേതാക്കൾ മാന്യമായും മര്യാദയോടെയും സംസാരിക്കണം എന്നാണ് ആദ്യം തീരുമാനിച്ചത്. ഇത്ര കടുത്ത തീരുമാനങ്ങൾ പെട്ടെന്നൊന്നും നടപ്പിലാക്കാനാവില്ലല്ലോ. രാഷ്ട്രീയ കൊലപാതകങ്ങൾ അവസാനിപ്പിക്കും എന്ന പ്രഖ്യാപനം പിന്നാലെ വന്നു. ഇങ്ങനെപോയാൽ പാർട്ടിവെറും പച്ചക്കറിയായിപ്പോകും എന്നു തോന്നിയതുകൊണ്ടാകാം മനോജ് വധത്തിന് മുതിർന്നത്. ഇടയ്ക്കൊക്കെ ഓരോ കൊലപാതകങ്ങൾ നടത്തി അണികളുടെ ആത്മവീര്യം കെടാതെ നോക്കേണ്ടത് ദീർഘവീക്ഷണമുള്ള നേതൃത്വത്തിന്റെ കടമയാണ്.

തീരുമാനം ശരിയായാലും തെറ്റായാലും അക്ഷരം പ്രതി നടപ്പിലാക്കുന്നവരാണ് സിപിഐ(എം) അണികൾ. ഭൗതികവാദികളായി ഇനിയും സ്വയം കരുതുന്ന ചിലർക്ക് മതപരമായ ചടങ്ങുകളെന്നു കേട്ടപ്പോൾ സ്വല്പം ആശയക്കുഴപ്പമുണ്ടായെങ്കിലും അത് അല്പായുസ്സായിരുന്നു. ജനപിന്തുണ നഷ്ടപ്പെട്ടാൽ തെരഞ്ഞെടുപ്പിൽ തോൽക്കും. പിന്നെ അധികാരത്തിലെത്താനാവില്ല. അധികാരമില്ലെങ്കിൽ സംഘടനയും കാണില്ല. അതായത്. സംഘടനാപരമായി നോക്കുമ്പോൾ ഏറ്റവും ശരിയായ തീരുമാനമാണ് ഇപ്പോൾ കൈക്കൊണ്ടിരിക്കുന്നത് എന്നർത്ഥം. കാര്യങ്ങളുടെ കിടപ്പ് മനസ്സിലായതോടെ എല്ലാ ആശയക്കുഴപ്പവും മാറി.

ശ്രീകൃഷ്ണജയന്തി ആഘോഷങ്ങളായിരുന്നു, പൈലറ്റ്പ്രോജക്ട്. അതിന്റെ വിജയംനൽകിയ ആത്മവിശ്വാസമാണ് നവരാത്രി ആഘോഷങ്ങളിലേയ്ക്കും മറ്റുമത വിഭാഗങ്ങളുടെ ചടങ്ങുകളിലേയ്ക്കുമൊക്കെ ചുവടുവയ്ക്കാൻ കരുത്തു പകർന്നത്. നവരാത്രി വിഗ്രഹഘോഷയാത്രയ്ക്ക് ഭക്തിപുരസ്സരം സ്വീകരണം നൽകാൻ സിപിഎം എംഎൽഎ യും തിരുവനന്തപുരം കോർപ്പറേഷൻ മേയറും മറ്റും പൊരിവെയിലത്ത് മണിക്കൂറുകളാണ് കാത്തുനിന്നത്. ആർഎസ്എസുകാർ പോലും നിഷ്പ്രഭരായിപ്പോയി. പുത്തനച്ചി പ്രതിഭാസമാണെന്ന സമാധാനത്തിലാണ് ആർ.എസ്.എസ്. ഈ നില തുടർന്നാൽ ഒരു മത്സരവേദിയായി ചടങ്ങുകൾ മാറുമെന്ന് പ്രത്യാശിക്കാം.

പത്മനാഭസ്വാമി ക്ഷേത്രത്തിലെ നിറപുത്തിരി ചടങ്ങുമായി ബന്ധപ്പെട്ട് പുത്തരിക്കണ്ടത്തുനിന്ന് കതിര് കൊയ്ത് ക്ഷേത്രത്തിലെത്തിച്ചിരുന്ന ചടങ്ങ് ഏറെ നാളായി മുടങ്ങിക്കിടക്കുകയായിരുന്നു. തിരുവനന്തപുരം കോർപ്പറേഷൻ മുൻ കൈയെടുത്ത് അതും പുനഃസ്ഥാപിച്ചു. ഒരു ചടങ്ങും ഇനിമേൽ മുടങ്ങാൻ അനുവദിക്കില്ല എന്ന വാശിയിലാണ് പാർട്ടി. ഗണേശോൽസവവും സാമാന്യം തെറ്റില്ലാതെ ആഘോഷിച്ചു.

ഭൂരിപക്ഷ വർഗ്ഗീയതയുടെ അപകടം ചൂണ്ടിക്കാണിച്ച് ന്യൂനപക്ഷങ്ങളുടെ വോട്ടു പിടിക്കുന്ന കൗശലമേ ഇത്രനാളും പ്രയോഗത്തിലുണ്ടായിരുന്നുള്ളൂ. പുതിയ തീരുമാനത്തിന്റെ നടപ്പിലാക്കൽ ഈ രംഗത്ത് എന്തൊക്കെ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്ന് ഇപ്പോൾ പ്രവചിക്കാനാവില്ല.

സ്വത്വവാദത്തെ അനുകൂലിച്ചും എതിർത്തും പൊടുന്നനെ ചില ചർച്ചകൾ നടന്നപ്പോൾ ആർക്കും ഗുട്ടൻസ് പിടികിട്ടിയില്ല. ആദിവാസികൾ, പട്ടികജാതിക്കാർ തുടങ്ങി ഓരോരോ വിഭാഗങ്ങളെയായി ജാതിയടിസ്ഥാനത്തിൽ സംഘടിപ്പിക്കാനുള്ള ഒരു മഹദ്പദ്ധതിയുടെ മുന്നൊരുക്കമായിരുന്നു അതെന്ന് പിന്നീടാണ് മനസ്സിലാകുന്നത്.

പശ്ചിമബംഗാളിൽ ജനജീവിതത്തിന്റെ സമസ്തമേഖലകളെയും അടക്കി ഭരിച്ചവർ ഇന്ന് മാളത്തിലൊളിച്ചിരിക്കുകയാണ്. വോട്ടു ചെയ്യാൻപോലും സഖാക്കൾ പുറത്തിറങ്ങുന്നില്ല. ഗുണ്ടായിസത്തിന്റെ മറുവശം ഭീരുത്വമാണല്ലോ. ബംഗാളിൽ ബിജെപി കരുത്താർജ്ജിക്കുന്നത് സിപി.എമ്മിൽനിന്ന് പലായനം ചെയ്യുന്ന ഭീരുക്കളെയും ഭാഗ്യാന്വേഷികളെയും കൊണ്ടാണ്. കേരളത്തിൽ ആർഎസ്എസിന്റെ വളർച്ച തടയാനെന്നപേരിൽ കയ്യാളിയ കൊലപാതരാഷ്ട്രീയമാണ് ആർഎസ്എസിനെ ഒരു ശക്തിയാക്കിത്തീർത്തത് എന്ന വസ്തുതയും വിസ്മരിച്ചുകൂടാ. ഈ പശ്ചാത്തലത്തിൽ നോക്കുമ്പോൾ പുതിയ നിലപാടുകൾ ആത്മാഹത്യാപരമായിരിക്കും എന്ന് തിരിച്ചറിയാൻ വലിയ രാഷ്ട്രീയ പരിജ്ഞാനമൊന്നും വേണ്ട.

സി.പി.എമ്മിന്റെ അപചയം സമൂഹത്തിലേയ്ക്ക് പടർന്ന് സാമൂഹ്യാന്തരീക്ഷത്തെ മലീമസവും രോഗാതുരവുമാക്കിത്തീർക്കുന്നു എന്നതാണ് യഥാർത്ഥ അപകടം. ഉച്ചനീചത്വങ്ങൾക്കും അന്ധതയ്ക്കും നീതിനിഷേധത്തിനുമെല്ലാമെതിരെ പോരടിച്ച് കേരളീയ സമൂഹത്തെ ജനാധിപത്യവല്ക്കരിക്കാൻ നാരായണഗുരുവും അയ്യൻകാളിയും മറ്റും നടത്തിയ ഭഗീരഥപ്രയത്നങ്ങളുടെ ചരിത്രപ്രാധാന്യം തിരിച്ചറിയാൻ അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് കഴിയാതെ പോയി എന്നതാണ് പല ദുര്യോഗങ്ങൾക്കും ഇടയാക്കിയത്. മുതലാളിത്ത ചൂഷണവ്യവസ്ഥ നിലനിൽക്കുന്ന ഒരു രാജ്യം ജനങ്ങളെ പിന്നോക്കാവസ്ഥയിൽ തളച്ചിട്ട് ചൂഷണവാഴ്ച തടസ്സമില്ലാതെ തുടരാനാണ് ശ്രമിക്കുക. ജനാധിപത്യവിപ്ലവത്തിന്റെ പൂർത്തീകരിക്കാതെ അവശേഷിക്കുന്ന കടമകൾ ഏറ്റെടുക്കാൻ കമ്മ്യൂണിസ്റ്റുകൾക്കേ കഴിയൂ. മാർക്സിസത്തെ ശരിയായി ഉൾക്കൊള്ളാൻ കഴിയാതിരുന്ന, ഒരു പെറ്റി ബൂർഷ്വാ പാർട്ടിയായി മാത്രം നിലനിന്ന അവിഭക്ത കമ്മ്യൂണിസ്റ്റു പാർട്ടിക്ക് ഈ കടമകൾ ഏറ്റെടുക്കാൻ കെല്പുണ്ടായില്ല. കേരളീയ നവോത്ഥാനത്തിന്റെ പിന്തുടർച്ച ഉറപ്പാക്കാൻ കഴിയാതെ പോയതുമൂലം സമൂഹം ഇന്നും നാനാതരത്തിലുള്ള പിന്നോക്കാവസ്ഥകളിൽ തളച്ചിടപ്പെട്ടിരിക്കുന്നു. ഇപ്പോഴിതാ അതിനെല്ലാം ആക്കം വർദ്ധിപ്പിക്കുന്ന പുതിയ നിലപാടുകളുമായി കമ്മ്യൂണിസ്റ്റുകൾ എന്ന് അവകാശപ്പെടുന്നവർ തന്നെ രംഗത്തുവരികയും ചെയ്യുന്നു. നവോത്ഥാനം പ്രദാനം ചെയ്ത നേട്ടങ്ങളെപ്പോലും അട്ടിമറിക്കുന്ന ഈ കൂപ്പുകുത്തൽ സർവ്വവ്യാപിയായ തകർച്ചയിലേയ്ക്കാണ് കേരളീയ സമൂഹത്തെ നയിക്കുക. നവോത്ഥാന മൂല്യങ്ങളുടെ കാലികമായ വളർച്ചയും ഉയർച്ചയും സൃഷ്ടിച്ചെടുത്തുകൊണ്ടേ ഇതിനെ നേരിടാനാകൂ.

ബിജെപിയുടെ അധികാരാരോഹണവും ആർഎസ്എസിന്റെ കുടില പദ്ധതികളും സാമൂഹ്യ-സാംസ്കാരികരംഗങ്ങളിൽ സവിശേഷമായ വെല്ലുവിളികൾ ഉയർത്തുന്നുണ്ട്. ജനാധിപത്യ-മതേതര ധാരണകൾ ഊട്ടിയുറപ്പിക്കുന്ന നിലപാടുകളേ ഉത്തരവാദിത്വമുള്ള പ്രസ്ഥാനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും ഇന്നുണ്ടാകാവൂ. ആധുനികശാസ്ത്രം പ്രദാനം ചെയ്ത ഉന്നതമായ മൂല്യങ്ങൾ പുതിയ തലമുറയിൽ സന്നിവേശിപ്പിക്കാനുള്ള ഉദ്യമങ്ങൾക്കും ഇന്ന് പ്രാധാന്യമേറിയിരിക്കുന്നു. കലയും സാഹിത്യവുമുൾപ്പെടെ മനുഷ്യമനസ്സിനെ സംസ്ക്കരിച്ചെടുക്കാൻപോന്ന ഉപാധികളെയൊക്കെ ബലപ്പെടുത്തിയെടുക്കുന്നതിലും പ്രത്യേക ശ്രദ്ധവേണം.

സവിശേഷമായ ഈ ചരിത്ര സന്ദർഭത്തിൽ സിപിഎം പോലുള്ള പാർട്ടികളുടെ അപചയം സൃഷ്ടിക്കുന്ന വൈതരണികൾക്കെതിരെ ആ പാർട്ടികളിലെ ചിന്താശേഷിയുള്ള പ്രവർത്തകർ അണിനിരക്കണം. മനുഷ്യനന്മയെ, സാഹോദര്യത്തെ, ഐക്യത്തെ, പരസ്പര ബഹുമാനത്തെ, പരസ്പരവിശ്വാസത്തെ മുറുകെപ്പിടിച്ചുകൊണ്ടുള്ള കൂട്ടായ്മകളുണ്ടാകണം, എല്ലാ അനീതികളോടും വീട്ടുവീഴ്ചയില്ലാതെ പൊരുതുന്ന ഒരു മഹാപ്രസ്ഥാനത്തിൽ ഭാഗഭാക്കാകാൻ ഓരോ മനുഷ്യസ്നേഹിയും മുന്നോട്ടു വരേണ്ട സന്ദർഭമാണിത്. ●

## ചികിത്സാഫീസിനെതിരെ ബഹുജനധർണ്ണ

ചികിത്സാഫീസ് 50% വർദ്ധിപ്പിക്കുവാനുള്ള തീരുമാനം പിൻവലിക്കുക, വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഡോക്ടർമാരുടെയും മറ്റു ജീവനക്കാരുടെയും ഒഴിവുകൾ ഉടൻ നികത്തുക, ആശുപത്രിയോടുള്ള അധികാരികളുടെ അവഗണന അവസാനിപ്പിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി ആലപ്പുഴ ജില്ലാകമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 6 ന് വണ്ടാനം ആശുപത്രി കവാടത്തിനു സമീപം ബഹുജനധർണ്ണ നടന്നു.

ജില്ലാ പ്രസിഡന്റ് അഡ്വ: മാത്യു വേളങ്ങാടൻ ധർണ്ണ ഉദ്ഘാടനം ചെയ്തു. ജില്ലാ വൈസ് പ്രസിഡന്റ് ടി.ബി. വിശ്വനാഥൻ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന സിമിതിയംഗം അഡ്വ: ബി.കെ. രാജഗോപാൽ, ജില്ലാ വൈസ് പ്രസിഡന്റ് ആലാ വാസുദേവൻപിള്ള ജില്ലാ സെക്രട്ടറി എസ്. സീതിലാൽ, ഇന്ത്യൻ നഴ്സസ് പേരന്റ്സ് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് നന്ദനൻ വലിയ പറമ്പിൽ, ഗാന്ധി യുവകേന്ദ്ര ചെയർമാൻ അഡ്വ: നാസർ പൈങ്ങാമഠം, പേഷ്യന്റ്സ് വെൽഫയർ അസോസിയേഷൻ പ്രസിഡന്റ് അഡ്വ:ബി.സുരേഷ്, മദ്യവിരുദ്ധ ജനകീയ സമരസമിതി ജില്ലാ സെക്രട്ടറി സി.വി. പീതാംബരൻ, അഖിലേന്ത്യാ മഹിളാ സാസ്കാരിക സംഘടന ജില്ലാ സെക്രട്ടറി കെ.ജെ.ഷീല, അഡ്വ: എം.എ. ബിന്ദു, ബി.സുജാതൻ, പി.കെ.ശശി, റ്റി. വിശ്വകുമാർ, എന്നിവർ പ്രസംഗിച്ചു. ●



ജെപിഎസ് ജില്ലാ പ്രസിഡന്റ് അഡ്വ: മാത്യു വേളങ്ങാടൻ ധർണ്ണ ഉദ്ഘാടനം ചെയ്യുന്നു.

**ഐഎൻപിഎയുടെ ആഭിമുഖ്യത്തിൽ**

## രക്ഷിതാക്കളുടെയും നഴ്സുമാരുടെയും ധർണ്ണ

ഐഎൻപിഎ മാവേലിക്കര മേഖല കമ്മിറ്റി മാവേലിക്കര എസ്ബിടി ബ്രാഞ്ചിനു മുന്നിൽ സെപ്തംബർ 30 ന് സംഘടിപ്പിച്ച നഴ്സുമാരുടേയും രക്ഷിതാക്കളുടെയും ധർണ്ണ ഐഎൻപിഎ സംസ്ഥാന സെക്രട്ടറി എസ് മിനി ഉദ്ഘാടനംചെയ്തു.

ആഗോളവൽക്കരണനടപടികളുടെ ഭാഗമായി സർക്കാരുകൾ വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കുന്ന നയങ്ങളാണ് പാവപ്പെട്ട രക്ഷിതാക്കളെ കടക്കെണിയിൽപ്പെടുത്തിയിരിക്കുന്നതെന്നും അതിനാൽ വിദ്യാഭ്യാസവായ്പ സമ്പൂർണ്ണമായി സർക്കാർ ഏറ്റെടുക്കണമെന്നും അവർ ആവശ്യപ്പെട്ടു. ബാങ്കുകൾ അനുവർത്തിക്കുന്ന നിയമവിരുദ്ധ നടപടികൾക്കെതിരെ ശക്തമായ സമരവുമായി മുന്നോട്ടുപോകുമെന്നും അവർ പറഞ്ഞു.

ഐഎൻപിഎ ജില്ലാ പ്രസിഡന്റ് നന്ദനൻ വലിയപറമ്പിൽ, ജില്ലാസെക്രട്ടറി കെ.ജെ. ഷീല, ജില്ലാ ട്രഷറർ കെ.ശിവൻകുട്ടി തുടങ്ങിയവർ ധർണ്ണയ്ക്ക് അഭിവാദ്യം അർപ്പിച്ചുകൊണ്ടു പ്രസംഗിച്ചു. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ധർണ്ണയിൽ യൂണിറ്റ് സെക്രട്ടറിയും ജില്ലാകമ്മിറ്റി അംഗവുമായ പുഷ്പരാജൻ സ്വാഗതവും ആശംസിച്ചു. ●



പ്രതിഷേധ ധർണ്ണ ഐഎൻപിഎ സംസ്ഥാനസെക്രട്ടറി എസ്.മിനി ഉദ്ഘാടനം ചെയ്യുന്നു

# മദ്യനയം അട്ടിമറിക്കാനുള്ള ആസൂത്രിത നീക്കത്തെ പരാജയപ്പെടുത്തുക

**അടച്ചുപൂട്ടിയ 418 ബാറുകൾ തുറക്കില്ലെന്നും, തുറന്നിരിക്കുന്ന 312 ബാറുകളും അടച്ചുപൂട്ടുമെന്നും, 10ശതമാനം ബിവറേജസ് ഔട്ട്‌ലെറ്റുകൾ വീതം ഓരോ വർഷവും നിർത്തലാക്കുമെന്നും, എല്ലാ ഞായറാഴ്ചയും ഡ്രൈ ഡേ ആക്കുമെന്നുമുള്ള സർക്കാർ തീരുമാനം ജനകീയ സമരത്തിന്റെ വിജയമാണ്. വളരെ പ്രതീക്ഷയോടെയാണ് കേരളം ഈ പ്രഖ്യാപനത്തെ നോക്കിക്കാണുന്നത്, വിശേഷിച്ചും വീട്ടമ്മമാർ. സ്ത്രീകളുടെ കണ്ണുനീർ അത്രയേറെ ഈ മണ്ണിൽ വീണു കഴിഞ്ഞു. കേരളീയ സമൂഹത്തെ സംബന്ധിച്ചിടത്തോളം വളരെ നേരത്തെതന്നെ എടുക്കേണ്ടിയിരുന്ന ഒരു തീരുമാനമാണിത്.**

മദ്യനയം അട്ടിമറിക്കാൻ ആസൂത്രിതനീക്കം നടക്കുന്നു എന്നതാണ് ഇപ്പോഴത്തെ കാഴ്ച. വിവേചനം പാടില്ല എന്ന പ്രഖ്യാപനത്തോടെ സംസ്ഥാന സർക്കാരിന്റെ നീക്കത്തിന് തടയിട്ടിരിക്കുന്നത് സുപ്രീം കോടതിയാണ്. കേരളത്തിൽ ഈ ചർച്ചയ്ക്കു തുടക്കമിട്ടതും സുപ്രീം കോടതിതന്നെയാണ്. നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പാലിക്കുന്നില്ല എന്നതിന്റെ പേരിൽ സുപ്രീംകോടതിയുടെ പരാമർശത്തെ തുടർന്നാണ് 418 ബാറുകൾ അടച്ചുപൂട്ടിയത്. മദ്യം സാമൂഹ്യ വിപത്താണെന്നും കോടതി നിരീക്ഷിച്ചു. സമ്പൂർണ്ണ മദ്യനിരോധനമാണ് സർക്കാരിന്റെ ലക്ഷ്യമെങ്കിൽ ഗുജറാത്ത് മാതൃക സ്വീകരിക്കാൻ ഉപദേശിച്ച കോടതിയാണ് ബാറുകൾ അടച്ചൂപൂട്ടുകവഴി പാവപ്പെട്ടവനോട് വിവേചനം കാണിക്കുകയാണെന്ന് അഭിപ്രായപ്പെട്ടിരിക്കുന്നത്.

പണമുള്ളവൻ മാത്രം മദ്യപിച്ചാൽ മതിയോ എന്നു കോടതി ചോദിക്കുമ്പോൾ മദ്യപാനവും മദ്യവിൽപ്പനയും മൗലികാവകാശമാണോ? പാവപ്പെട്ടവൻ ഇന്നാട്ടിൽ മറ്റ് യാതൊരുവിധ വിവേചനങ്ങളും അനുഭവിക്കാത്ത സമത്വസുന്ദരവും സുരഭിലവുമായ ജീവിതമാണോ നയിച്ചു പോരുന്നത്? മദ്യം എല്ലാവർക്കും കൊടുക്കണം എന്നു പറയുന്നവർ ഭക്ഷണവും പാർപ്പിടവും തൊഴിലും വിദ്യാഭ്യാസവും നൽകുന്നതിൽ വിവേചനം പാടില്ല എന്ന് എന്താണ് പറയാത്തത്? സ്ത്രീകളുടെ ജീവൻ അപകടപ്പെടുത്തുന്നതിൽ മദ്യം എത്ര ശക്തമായ ഘടകമാണ് എന്നത് നിർഭയ സംഭവം തെളിയിച്ചു. സ്ത്രീകളുടെ സുരക്ഷിതത്വം കരുതിയെങ്കിലും മദ്യം നിരോധിക്കണം എന്ന് അധികാര സ്ഥാനങ്ങളിൽ ഇരിക്കുന്നവർ ആരെങ്കിലും അഭിപ്രായപ്പെട്ടോ. നിർഭയ സംഭവം ഊതിപ്പെരുപ്പിച്ച് വാർത്തയാക്കിയതുവഴി ടൂറിസ്റ്റുകളുടെ ഒഴുക്കു കുറഞ്ഞു എന്നു വിലപിക്കുന്ന മന്ത്രിമാരാണ് നമുക്കുള്ളത്. സ്ത്രീകളുടെയും പെൺകുട്ടികളുടെയും സുരക്ഷിതത്വം ഉറപ്പാക്കാനുള്ള നിർദ്ദേശങ്ങൾ അടങ്ങിയ ജസ്റ്റിസ് വർമ്മ കമ്മീഷൻ റിപ്പോർട്ട് നിർഭയ സംഭവത്തിന് രണ്ടുവയസ്സാകുമ്പോഴും നടപ്പിലാക്കപ്പെട്ടിട്ടില്ല എന്നത് എന്തുകൊണ്ട് കാണുന്നില്ല? സമ്പൂർണ്ണമദ്യനിരോധനം ഭരണഘടന അനുശാസിക്കുന്നുമുണ്ട്. മദ്യമുൾപ്പെടെയുള്ള ലഹരി വസ്തുക്കൾ ആരോഗ്യത്തിന് ഹാനികരമായതിനാൽ അവയുടെ വിൽപ്പനയിൽ നിയന്ത്രണം ഏർപ്പെടുത്തുവാൻ സംസ്ഥാനസർക്കാരിന് പൂർണ്ണ അവകാശമുണ്ട്. മദ്യം സംസ്ഥാന ഗവൺമെന്റുകളുടെ പരിധിയിൽവരുന്ന കാര്യമാണ്. സംസ്ഥാന സർക്കാരിന് നയം രൂപീകരിക്കാൻ സ്വാതന്ത്ര്യമുണ്ട്.

ഒരു വിഭാഗം ബാറുടമകളെയും ചില സ്ഥാപിത താൽപ്പര്യക്കാരേയുമാണ് പ്രത്യക്ഷത്തിൽ കാണുന്നതെങ്കിലും അവരിൽ ഒതുങ്ങില്ല അട്ടിമറിലോബി എന്നത് വ്യക്തമാണ്. കുടികുറയുന്നതുകൊണ്ടും കുടിയന്മാരുടെ എണ്ണം കുറയുന്നതുകൊണ്ടും കേരളത്തിന്റെ സാമൂഹ്യ അന്തരീക്ഷം സ്വസ്ഥമാകുന്നതുകൊണ്ടും ആർക്കൊക്കെയാണ് ബുദ്ധിമുട്ട്? കേരളത്തിലെ മദ്യനയം ദേശീയ സാർവ്വദേശീയ രംഗങ്ങളിൽവരെ ചർച്ചയായിരിക്കുന്നുവെന്ന് വേണം കരുതാൻ. മദ്യനയത്തിനെതിരെ രംഗത്തുവന്നിരിക്കുന്നതിൽ ഇന്റർനാഷണൽ സെന്റർ ഫോർ ആൽക്കഹോൾ പോളിസീസ് എന്ന സംഘടനയും ഉൾപ്പെടും. ആഗോള മദ്യക്കുത്തകകളുടെ സംഘടനയാണിത്. ഓരോ രാജ്യത്തെയും മദ്യനയം തീരുമാനിക്കുന്നതിൽ നിർണ്ണായകമായ സ്വാധീനം ഇവർക്കുണ്ട്. അതിൽ അത്ഭുതമില്ല. കാരണം ദേശീയ സാർവ്വദേശീയ മദ്യക്കുത്തകകൾ അവരുടെ സജീവവും ഇളക്കമില്ലാത്തതുമായ കമ്പോളമായി കണ്ടിരുന്നത് കേരളത്തെയും കേരളത്തിലെ കുടിയൻമാരെയുമാണ്. നിലവിലുള്ള കുടിയന്മാരെ അങ്ങനെ നിലനിർത്താനും സ്ത്രീകളും കുട്ടികളുമടക്കം പുതിയ കുടിയന്മാരെ കണ്ടെത്താനുമുള്ള പദ്ധതികളുമായി ദേശീയ അന്തർദ്ദേശീയ മദ്യക്കുത്തകകൾ കേരളത്തെ ലക്ഷ്യം വയ്ക്കുന്നു എന്നത് പുതിയ വാർത്തയല്ല. മദ്യത്തിനനുകൂലമായ പ്രചാരണം നടത്താൻ മരുന്നുകമ്പനികളെയും, ഡോക്ടർമാരെപ്പോലും സ്വാധീനിക്കാൻ ശ്രമിക്കുന്നു എന്ന വാർത്തകൾക്കും ഏറെ പഴക്കമില്ല. അമേരിക്കയിലും യൂറോപ്പിലുമൊക്കെ ജനങ്ങളിൽ മദ്യവിമുഖത വളർന്നുവരുന്നതാണത്രേ കേരളത്തിലേയ്ക്ക് കടക്കുവാൻ മദ്യകമ്പനികളെ പ്രേരിപ്പിച്ചിരിക്കുന്നത്. ബിയർ മദ്യമല്ല എന്ന പ്രഖ്യാപനവും സോഫ്റ്റ് ഡ്രിങ്ക്സിൽ ആൽക്കഹോൾ ചേർക്കാനുള്ള തീരുമാനവുമൊന്നും വെറുതെ വന്നതല്ല. കേരളം പെട്ടെന്ന് മദ്യവിമുഖമാകുന്നത് ഇക്കൂട്ടരെ ചൊടിപ്പിച്ചില്ലെങ്കിലേ അത്ഭുതമുള്ളൂ.

മദ്യക്കച്ചവടമെന്നു പറയുമ്പോൾ വില്പനയിലും കുടിയിലും മാത്രം ഒതുങ്ങുന്ന ഒരു കമ്പോളമല്ല അത്. കേരളത്തിൽ മദ്യപാനം മൂലം രോഗികളായിക്കൊണ്ടിരിക്കുന്നവരുടെ എണ്ണം വളരെ വലുതാണ്. അടിമുതൽ മുടിവരെ ഒരുവനെ രോഗിയാക്കി കൊല്ലാതെ കൊല്ലുകയാണ് മദ്യം. നിത്യേന ഈ ഗണത്തിലേയ്ക്ക് ആളെത്തുന്നുമുണ്ട്. സംസ്ഥാനത്ത് 10 ലക്ഷത്തോളം കരൾ രോഗികൾ തന്നെയുണ്ട് എന്നതാണ് ഔദ്യോഗിക കണക്ക്. ക്യാൻസർ രോഗികളുടെ എണ്ണവും കുറവല്ല. മാനസിക രോഗികൾ, ഹൃദ്രോഗികൾ, വൃക്കരോഗികൾ തുടങ്ങിയവർ വേറെയും. കുടിയൻമാരുടെ എണ്ണം കുറയുകവഴി, ഡീ അഡിക്ഷൻ സെന്ററുകളും മാനസിക ചികിത്സാകേന്ദ്രങ്ങളും ഉൾപ്പെടെ സ്വകാര്യ ആശുപത്രികൾക്ക് നല്ലൊരു മാർക്കറ്റ് ക്രമേണ ഇല്ലാതെയാകുകയാണ്. വാഹനാപകടങ്ങളാണ് മറ്റൊരു കമ്പോളം. കേസും അനുബന്ധകാര്യങ്ങളും വേറെ.

കൊള്ളപ്പലിശക്കാരനും സ്വർണ്ണപണയസ്ഥാപനങ്ങൾക്കും വരെ പങ്കുള്ളൊരു വിപണിയാണ് നിന്ന നിൽപ്പിൽ നഷ്ടപ്പെടാൻ പോകുന്നത്. അനധികൃതമായി ജോലിക്ക് ഹാജരാകാത്തവരിൽ 40% മദ്യപാനശീലക്കാരാണ് എന്ന് കണ്ടെത്തിയത് ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷനാണ്. മദ്യപാനം മൂലമുള്ള തൊഴിൽ പ്രശ്നങ്ങൾ കാരണം ഇന്ത്യയ്ക്ക് പ്രതിവർഷം 70000 –80000 ദശലക്ഷം ഡോളർ നഷ്ടപ്പെടുന്നുവെന്ന് ലോകാരോഗ്യ സംഘടനയുടെ 2004 റിപ്പോർട്ടിലും ചൂണ്ടിക്കാട്ടുന്നു. മദ്യപാനികളിൽ മറ്റാരെക്കാളും കടം വാങ്ങുന്ന ശീലമുണ്ട്. മദ്യാസക്തിക്ക് അടിമയായ ഒരുവൻ പണിക്ക് പോകുന്നില്ലെങ്കിൽ മദ്യപിക്കാനുള്ള പണം വായ്പയെടുക്കും. അവരുടെ ഭാര്യമാർക്ക് കുടുംബം നോക്കണമെങ്കിൽ അവശേഷിക്കുന്ന തരി സ്വർണ്ണം വിൽക്കുകയോ പണയപ്പെടുത്തുകയോ ചെയ്യാതെ തരമില്ല. ഇതൊക്കെ നമ്മുടെ നാട്ടിൽ നിത്യേന നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ്.

മദ്യപാനത്തെത്തുടർന്നുണ്ടാകുന്ന കുറ്റകൃത്യങ്ങൾ, കൊലപാതകങ്ങൾ, ഗാർഹിക പീഡനങ്ങൾ, വിവാഹമോചനങ്ങൾ ഒക്കെയും കമ്പോളംതന്നെ. അതായത് മദ്യപാനത്തിന്റെ അനന്തരഫലമെന്നവണ്ണം സമൂഹത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ജീർണ്ണതയെയും തകർച്ചയെയും ഉപജീവിക്കുന്നവരുണ്ട് എന്ന് ചുരുക്കം. അവർ നിസ്സാരക്കാരുമല്ല. സർക്കാരിന്റെ മദ്യനയത്തിൽ ഇടപെടാനും തിരുത്തിക്കാനുംപോന്ന ശേഷിയും അവർക്കുണ്ട്. അവരുടെ ആസൂത്രിതവും സംഘടിതവുമായ നീക്കമാണ് നടക്കുന്നത്.

മദ്യനിരോധനം പ്രായോഗികമല്ല എന്ന് ഉദാഹരണസഹിതം സമർത്ഥിക്കുക എന്നതാണ് ഇവർ പയറ്റുന്ന തന്ത്രം. ഒറ്റയടിക്ക് നിരോധിക്കുന്നത് പ്രത്യാഘാതങ്ങളുണ്ടാക്കും, മദ്യദുരന്തത്തിന് ഇടവരുത്തും, മദ്യനിരോധനമല്ല മദ്യവർജ്ജനമാണ് വേണ്ടത് തുടങ്ങിയവയാണ് മറ്റുവാദങ്ങൾ. മദ്യനിരോധനം പ്രായോഗികമല്ല എന്നു പറയുന്നവർ ആദ്യം മനസ്സിലാക്കേണ്ടത് കേരളത്തിൽ മദ്യം ഇനിയും നിരോധിക്കപ്പെട്ടിട്ടില്ല എന്നതാണ്.

ഘട്ടം ഘട്ടമായി മദ്യത്തിന്റെ ലഭ്യത കുറയ്ക്കുക എന്നത് കേരളീയ സമൂഹം ദീർഘകാലമായി ആവശ്യപ്പെടുന്നതും യുഡിഎഫ് സർക്കാർ പ്രകടനപത്രികയിലൂടെ ഉറപ്പുതന്നതുമായ കാര്യമാണ്. ഇതിനകം നിരോധിക്കപ്പെട്ടതുതന്നെ ഘട്ടം ഘട്ടമായിട്ടാണ്. ആദ്യഘട്ടമായി 418 ബാറുകൾ പൂട്ടി. കേരളത്തിന്റെ സാമൂഹ്യ അന്തരീക്ഷത്തിൽ ഗുണപരമായ ഒട്ടേറെ മാറ്റങ്ങൾക്ക് അത് ഇടയാക്കി എന്നത് കണക്കുകൾ വ്യക്തമാക്കുന്നുമുണ്ട്.

മദ്യംമൂലമുള്ള സംഘട്ടനങ്ങളിൽ 36 ശതമാനവും ഗാർഹിക പീഡനങ്ങളിൽ 31 വും വാഹനാപകടങ്ങളിൽ 27 ശതമാനവും കുറവുവന്നിരിക്കുന്നുവെന്ന് പറഞ്ഞിരിക്കുന്നത് കേരളത്തിന്റെ ആഭ്യന്തരമന്ത്രിയാണ്. ഇത് നിസ്സാരമായ കാര്യമാണോ? കേരളത്തെ സംബന്ധിച്ചിടത്തോളം ഒരു മദ്യശാല അടച്ചുപൂട്ടിയാൽത്തന്നെ അതിന്റെ വ്യത്യാസം പ്രകടമാണ് എന്നതാണ് യാഥാർത്ഥ്യം. കേരളം ദീർഘകാലങ്ങൾക്കുശേഷം ഏതാണ്ട് സ്വസ്ഥത അനുഭവിച്ചു തുടങ്ങിയിരിക്കുന്നു എന്നാണ് നാനാകോണുകളിൽനിന്നായി വന്നിരുന്ന റിപ്പോർട്ടുകൾ ചൂണ്ടിക്കാട്ടുന്നത്. തെരുവുകളിലും ബസ്സുകളിലും മദ്യപന്മാരുടെ ശല്യം കുറഞ്ഞിരിക്കുന്നു. മദ്യപന്മാരുടെ വീടുകളിൽ പ്രതീക്ഷയുടെ നാമ്പുകൾ കിളിർത്തിരിക്കുന്നു, അങ്ങനെ ഗുണപരമായ ഒട്ടേറെ വ്യതിയാനങ്ങൾ വന്നിരിക്കുന്നു. കേവലം 418 ബാറുകൾ പൂട്ടിയപ്പോഴാണ് ഈ സ്ഥിതി എന്നത് ഓർക്കണം. മദ്യത്തിന് വേണ്ടി വാദിക്കുന്നവർ ഈ കണക്കുകൾ കാണാതെ പോകുന്നതെന്ത് ?

സ്ഥിരം മദ്യപാനികളിൽ 30ശതമാനം കുടി നിർത്താൻ പ്രസ്തുത സാഹചര്യം ഇടവരുത്തി എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ട റിപ്പോർട്ടാണ്. മദ്യത്തിന്റെ ലഭ്യത മദ്യപാനശീലം വളർത്തുന്നതിൽ നിർണ്ണായകമായ ഘടകമാണ് എന്നത് വീണ്ടും തെളിയിക്കപ്പെടുകയാണ് ഈ റിപ്പോർട്ടിലൂടെ. കുട്ടികളിൽ വളർന്നുവരുന്ന മദ്യപാനശീലം പരിശോധിച്ചാൽ, ലഭ്യതയും, മദ്യത്തിനനുകൂലമായ പ്രചാരണവുമാണ് അവരെ ഈ ശീലത്തിലേയ്ക്ക് നയിക്കുന്നത് എന്ന് കാണാനാകും. മദ്യശാലകളുടെ എണ്ണം കുറച്ചുകൊണ്ടല്ലാതെ മദ്യവർജ്ജനത്തെക്കുറിച്ച് പറയുന്നതിൽ എന്താണ് അർത്ഥം.

ഗുജറാത്ത് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളെ ചൂണ്ടിക്കാട്ടിയാണ് മദ്യനിരോധനം പ്രായോഗികമല്ല എന്നു പറയുന്നത്. മദ്യം നിരോധിക്കപ്പെട്ടാൽ വ്യാജമദ്യം ഒഴുകും, മദ്യദുരന്തമുണ്ടാകും എന്ന വാദഗതി എത്രബാലിശമാണ്? മദ്യനിരോധനം അപ്രായോഗികമാണ് എന്ന വാദമുയർത്തി നിരോധനം പിൻവലിക്കുവാൻ തുനിഞ്ഞപ്പോൾ ജനങ്ങളുടെ കടുത്ത എതിർപ്പിനെത്തുടർന്ന് നരേന്ദ്രമോഡിക്ക് ആ നീക്കത്തിൽനിന്നും പിന്തിരിയേണ്ടിവന്നു എന്നത് സമീപകാല ചരിത്രമാണ്. ബഹുഭൂരിപക്ഷം ജനങ്ങളും എങ്ങനെ ചിന്തിക്കുന്നു എന്നാണ് ഇത് തെളിയിക്കുന്നത്. ഏറ്റവും മ്ലേച്ഛമായ ഒരു നടപടി എന്നതാണ് മദ്യപാനത്തെക്കുറിച്ച് ഗുജറാത്തിലെ ജനങ്ങളുടെ പൊതുവികാരം. കടുത്ത മദ്യപാനികളും മദ്യാസക്തരുമുണ്ടാകാം. പക്ഷേ അവർ ജനസംഖ്യയുടെ എത്ര ശതമാനം വരും. അവരെ പ്രതിയാണോ ഒരു നയം രൂപപ്പെടുത്തേണ്ടത്? കേരളത്തിൽത്തന്നെ ഇന്ത്യയിൽ ഏറ്റവും കൂടുതൽ മദ്യം ഉപയോഗിക്കുന്ന സംസ്ഥാനം എന്നു പറയുമ്പോഴും ജനസംഖ്യയിൽ 20 ശതമാനം മദ്യപാന ശീലം ഉള്ളവർ എന്നു പറയുമ്പോഴും അതിൽ കടുത്ത മദ്യപാനികളും മദ്യാസക്തരുമായവർ എത്രവരും? അവർക്ക് യഥേഷ്ടം മദ്യപിക്കണം എന്നു കരുതി മദ്യനയം രൂപീകരിക്കുന്നത് ആശാസ്യമാണോ? അവർക്കുവേണ്ടി മദ്യശാലകൾ തുറക്കുകയല്ല വേണ്ടത് അവർക്ക് ചികിത്സ ഉറപ്പാക്കുകയാണ്.

പല കാലങ്ങളിലായി ഇന്ത്യയിൽ മദ്യം നിരോധിക്കപ്പെട്ട സംസ്ഥാനങ്ങളാണ് നാഗാലാൻഡ്, മിസ്സോറാം, ഗുജറാത്ത്, മണിപ്പൂർ, തമിഴ്നാട്, ആന്ധ്ര പ്രദേശ്, ഹരിയാന തുടങ്ങിയവ. മദ്യത്തിന്റെ ദുരന്തം താങ്ങാനാകാതെ വന്നപ്പോൾ ഈ പ്രദേശങ്ങളിലെ അമ്മമാരുടെ മുൻകൈയിൽ നടന്ന പ്രക്ഷോഭങ്ങളെത്തുടർന്ന് അതതുകാലങ്ങളിൽ അധികാരത്തിലിരുന്ന സർക്കാരുകൾ മദ്യം നിരോധിക്കാൻ നിർബന്ധിതരാകുകയാണുണ്ടായത്. നിർവ്വാഹമില്ലാതെ നിരോധനം പ്രഖ്യാപിച്ചെങ്കിലും നടപ്പിലാക്കുവാൻ സർക്കാരുകളും ഭരണസംവിധാനങ്ങളും അശേഷം ആത്മാർത്ഥത കാണിച്ചില്ല എന്നത് ഈ സംസ്ഥാനങ്ങളിൽനിന്നുള്ള റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. വ്യാജമദ്യനിർമ്മാണവും വിൽപ്പനയും അവരുടെ കൺമുന്നിൽ യഥേഷ്ടം നടന്നുകൊണ്ടേയിരിക്കുന്നു. പലപ്പോഴും അവർ കാഴ്ചക്കാർക്കുമപ്പുറം പങ്കാളികളുമായി. പലയിടങ്ങളിലും മദ്യദുരന്തവുമുണ്ടായി. നിരോധനം എടുത്തുകളയാൻ സർക്കാരുകൾ തയ്യാറാകാത്തത് സ്ത്രീകളെ ഭയന്നുതന്നെ. നിരോധനം ഉള്ളയിടങ്ങളിൽ മാത്രമല്ല മദ്യദുരന്തം ഉണ്ടായിക്കൊണ്ടിരിക്കുന്നത് എന്നതും ശ്രദ്ധേയമാണ്.

ഒരു നിയമമുണ്ടെങ്കിൽ അത് പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്താനുള്ള ഉത്തരവാദിത്തം ഭരണകൂടസംവിധാനങ്ങൾക്കില്ലേ? മദ്യം നിരോധിക്കപ്പെട്ടിടത്ത് വ്യാജമദ്യം വിൽക്കുന്നുവെങ്കിൽ അവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരികയല്ലേ വേണ്ടത്? ഏതാനും ചില ആളുകൾ നിയമലംഘനം നടത്തുന്നതിന്റെ പേരിൽ നിയമംതന്നെ എടുത്തുകളയണമെന്ന് ശഠിക്കുന്നതിന്റെ യുക്തി എന്താണ്? ആശാസ്യമല്ലാത്തതിന്റെ പേരിൽ പലകാര്യങ്ങളും നമ്മുടെ നാട്ടിൽ നിരോധിക്കപ്പെട്ടിട്ടുണ്ട്. പുകവലിയും ലഹരിമരുന്നു കച്ചവടവുമൊക്കെ. നിയമം ലംഘിക്കുന്നവർ യഥേഷ്ടമുണ്ടാകാം. അവരെ നിയമപരമായി നേരിടുകയോ വേണ്ടത് അതോ നിരോധനം പ്രായോഗികമല്ല എന്നതുകൊണ്ട് യഥേഷ്ടം അനുവദിക്കുകയോ? പൊതുസ്ഥലങ്ങളിലെ പുകവലിക്കെതിരെ നടക്കുന്ന നീക്കങ്ങൾ എത്രയോ ഫലപ്രദമായി ലക്ഷ്യം കണ്ടിരിക്കുന്നു. മദ്യം നിരോധിക്കപ്പെട്ടിടത്ത് വ്യാജമദ്യം ഒഴുകുന്നുവെങ്കിൽ സർക്കാർ സംവിധാനങ്ങളുടെ അപര്യാപ്തതയായി തന്നെ അത് കണക്കാക്കപ്പെടണം. സർക്കാർ സംവിധാനങ്ങൾ ഫലപ്രദമായി പ്രവർത്തിക്കാത്തിടത്താണ് വ്യാജമദ്യം ദുരന്തം വിതയ്ക്കുന്നത്.

കേരളത്തിൽ മദ്യം നിരോധിക്കപ്പെട്ടപ്പോഴല്ല മദ്യദുരന്തമുണ്ടായത്. ചാരായമുൾപ്പെടെ മദ്യം യഥേഷ്ടം

*(ശേഷം 4-ാം പേജിൽ)*

**സൈദ്ധാന്തിക പാഠങ്ങൾ**

# കാറൽ മാർക്സിന്റെ 'അർത്ഥശാസ്ത്ര നിരൂപണത്തിന് ഒരു സംഭാവന' എന്നകൃതിയുടെ ആമുഖത്തിൽനിന്ന്

*(മാർക്സിയൻ അർത്ഥശാസ്ത്രത്തിന്റെ ആവിഷ്ക്കരണത്തിലെ സുപ്രധാനമായ ഒരു നാഴികക്കല്ലെന്ന് വിശേഷിപ്പിക്കാവുന്ന മാർക്സിന്റെ അർത്ഥശാസ്ത്ര നിരൂപണത്തിന് ഒരു സംഭാവന 1858 ആഗസ്റ്റിനും 1859 ജനുവരിക്കും മദ്ധ്യേയാണ് രചിക്കപ്പെട്ടത്. ഇതിന്റെ സുപ്രസിദ്ധമായ ആമുഖം സ്വന്തം നിലയിൽത്തന്നെ വമ്പിച്ച സൈദ്ധാന്തിക പ്രാധാന്യം പേറുന്ന ഒന്നാണ്. മാർക്സ് ആവിഷ്ക്കരിച്ച ചരിത്രത്തെപ്പറ്റിയുള്ള ഭൗതികവാദപരമായ ധാരണയുടെ അന്തഃസത്തയും നിർവ്വചനവും ഇതിലടങ്ങിയിട്ടുണ്ട്. സമൂഹത്തിന്റെ വളർച്ചയുടെ ഒരു പ്രത്യേക ഘട്ടത്തിൽ ഉൽപ്പാദന ശക്തികളും ഉൽപ്പാദന ബന്ധങ്ങളും തമ്മിലുണ്ടാകുന്ന വൈരുദ്ധ്യങ്ങളാണ് സാമൂഹ്യവിപ്ലവങ്ങൾക്കുള്ള കാരണം എന്ന് ഇതിൽ മാർക്സ് വ്യക്തമാക്കുന്നു. നിലവിലുണ്ടായിരുന്ന സാമൂഹിക-സാമ്പത്തിക സംവിധാനത്തിന്റെ സ്ഥാനത്ത് അതിനേക്കാൾ പുരോഗമനപരമായ മറ്റൊന്ന് സ്ഥാപിതമാകുന്നതിനുള്ള മുഖ്യ കാരണം ഇതാണെന്ന് അദ്ദേഹം സമർത്ഥിക്കുന്നു.)*

**എ**ന്നെ വേട്ടയാടിക്കൊണ്ടിരുന്ന സംശയങ്ങൾ ദൂരീകരിക്കാൻവേണ്ടി ഞാൻ ആദ്യമായി ഏറ്റെടുത്ത പ്രവർത്തനം ഹെഗലിയൻ നിയമദർശനത്തെ വിമർശനാത്മകമായൊരു പുനഃപരിശോധനയ്ക്ക് വിധേയമാക്കുകയെന്നതായിരുന്നു... നിയമാനുസൃത ബന്ധങ്ങളെയൊ രാഷട്രീയ രൂപങ്ങളെയോ തനതായെടുത്തുകൊണ്ടോ, മനുഷ്യമനസ്സിന്റെ സാമാന്യവികാസം എന്നു പറയപ്പെടുന്നതിന്റെ അടിസ്ഥാനത്തിലോഅവയെ ഗ്രഹിക്കാനാവില്ലെന്നും, മറിച്ച് ഭൗതിക ജീവിതസാഹചര്യത്തിലാണ് അവയുടെ വേരുകൾ കുടികൊള്ളുന്നതെന്നും ഉള്ള നിഗമനത്തിലാണ് ഞാൻ എത്തിച്ചേർന്നത്. ഈ സാഹചര്യത്തിന്റെ ആകെത്തുകയെയാണ് ഹെഗൽ പതിനെട്ടാം നൂറ്റാണ്ടിലെ ഇംഗ്ലീഷ്-ഫ്രഞ്ച് ചിന്തകരെ അനുകരിച്ചുകൊണ്ട് 'സിവിൽ സമൂഹം' എന്ന സംജ്ഞയിൽ ഉൾപ്പെടുത്തിയത്. ഈ സിവിൽ സമൂഹത്തിന്റെ ഘടന മനസ്സിലാക്കുന്നതിന് അർത്ഥശാസ്ത്രം പരിശോധിക്കേണ്ടതുണ്ടെന്നുള്ള നിഗമനത്തിലാണ് എന്റെ അന്വേഷണം എന്നെ കൊണ്ടുചെന്നെത്തിച്ചത്. ... ഞാൻ എത്തിച്ചേർന്നതും, ശേഷം എന്റെ പഠനങ്ങൾക്ക് മാർഗ്ഗദർശകമായിത്തീർന്നതുമായ സാമാന്യനിഗമനം ഇപ്രകാരം സംഗ്രഹിക്കാം: തങ്ങളുടെ നിലനിൽപ്പിനുവേണ്ടിയുള്ള സാമൂഹ്യോൽപ്പാദനത്തിനിടയിൽ ആളുകൾ അനുപേക്ഷണീയമായും നിശ്ചിത ബന്ധങ്ങളിൽ ഏർപ്പെടുന്നു. ഈ ബന്ധങ്ങൾ അവരുടെ ഇച്ഛയിൽനിന്ന് സ്വതന്ത്രമായിട്ടുള്ളതാണ്. അതായത്, സമൂഹത്തിലെ ഭൗതികമായ ഉൽപ്പാദനശക്തികളുടെ വികാസത്തിലെ ഒരു നിർദ്ദിഷ്ട ഘട്ടത്തിന് ചേർന്ന ഉൽപ്പാദനബന്ധങ്ങളാണവ. ഈ ഉൽപ്പാദനബന്ധങ്ങളുടെ ആകെത്തുകയാണ് സമൂഹത്തിന്റെ സാമ്പത്തിക ഘടനയുടെ അടിസ്ഥാനം; നിയമപരവും രാഷ്ട്രീയവുമായ മേൽക്കൂരയ്ക്കുള്ള യഥാർത്ഥ അടിത്തറ ഇതാണ്. സാമൂഹ്യബോധത്തിന്റെ നിശ്ചിതരൂപങ്ങൾ ഇതിന് സദൃശമായിരിക്കും. ഭൗതികജീവിത്തിന്റെ ഉൽപ്പാദന സമ്പ്രദായമാണ് പൊതുവിൽ സാമൂഹ്യവും രാഷ്ട്രീയവും ബുദ്ധിപരവുമായ ജീവിതപ്രക്രിയയ്ക്ക് കളമൊരുക്കുന്നത്. **മനുഷ്യരുടെ ബോധം അവരുടെ അസ്തിത്വം നിർണ്ണയിക്കുകയല്ല ചെയ്യുന്നത്; അവരുടെ സാമൂഹ്യമായ അസ്തിത്വം അവരുടെ ബോധത്തെ നിർണ്ണയിക്കുകയാണ് ചെയ്യുന്നത്.** വികാസത്തിന്റെ ഒരു പ്രത്യേക ഘട്ടത്തിൽ സമൂഹത്തിന്റെ ഉൽപ്പാദന ശക്തികളും നിലവിലുള്ള ഉൽപ്പാദന ബന്ധങ്ങളും തമ്മിൽ സംഘട്ടനമുണ്ടാകുന്നു. നിയമഭാഷയിൽ പറഞ്ഞാൽ, ഏതൊരു സ്വത്തുടമബന്ധങ്ങളുടെ ചട്ടക്കൂടിനുള്ളിലാണോ അവ ഇതുവരെ പ്രവർത്തിച്ചുവന്നത് ആ സ്വത്തുടമബന്ധങ്ങളും ഉൽപ്പാദനശക്തികളും തമ്മിൽ ഒരു സംഘർഷം ജനിക്കുന്നു. ഉൽപ്പാദനശക്തികളുടെ വികാസരൂപങ്ങളെന്ന നിലവിട്ട് ഈ ബന്ധങ്ങൾ അവയെ കെട്ടിയിടുന്ന കാൽച്ചങ്ങലകളായി മാറുന്നു. അതോടെ സാമൂഹ്യവിപ്ലവത്തിന്റെ ഒരു യുഗം ആരംഭിക്കുന്നു. സാമ്പത്തികമായ അടിത്തറയിലുണ്ടാകുന്ന മാറ്റങ്ങൾ ഇന്നല്ലെങ്കിൽ നാളെ ഭീമമായ മേൽക്കൂരയുടെയാകെയുള്ള പരിവർത്തനത്തിന് വഴിതെളിക്കും. അപ്രകാരമുള്ള പരിവർത്തനത്തെപ്പറ്റി പഠിക്കുമ്പോൾ പ്രകൃതിശാസ്ത്രത്തിന്റെയത്ര കൃത്യതയോടെ നിർണ്ണയിക്കാൻ കഴിയുന്ന ഉൽപ്പാദനത്തിന്റെ സാമ്പത്തിക സാഹചര്യങ്ങളുടെ ഭൗതികമായ പരിവർത്തനവും നിയമപരമോ രാഷ്ട്രീയമോ മതപരമോ സൗന്ദര്യാത്മകമോ തത്ത്വശാസ്ത്രപരമോ ആയ പരിവർത്തനവും തമ്മിൽ എല്ലായ്പ്പോഴും വേർതിരിച്ച് കാണേണ്ടത് ആവശ്യമാണ്. ചുരുക്കത്തിൽ, ഏതെല്ലാം പ്രത്യയശാസ്ത്രപരമായ രൂപങ്ങളിലാണോ ആളുകൾ ഈ സംഘട്ടനത്തെപ്പറ്റി ബോധവാന്മാരാകുകയും അതിന്റെ നിർദ്ധാരണത്തിനുവേണ്ടി പരിശ്രമിക്കുകയും ചെയ്യുന്നത് ആ രൂപങ്ങളും യഥാർത്ഥ സാമ്പത്തികാവസ്ഥയും തമ്മിൽ വേർതിരിച്ചുകാണേണ്ടത് ആവശ്യമാണ്. **ഒരുവൻ സ്വയം തന്നെപ്പറ്റി എന്തുവിചാരിക്കുന്നുവെന്നതനുസരിച്ചല്ലല്ലോ നാം അയാളെ വിലയിരുത്തുന്നത്. അതുപോലെതന്നെ, ഒരു പരിവർത്തനകാലയളവിനെയും അതിന്റെ ബോധംവച്ച് വിലയിരുത്താനാവില്ല.** നേരേമറിച്ച്, ഈ ബോധത്തെ ഭൗതിക ജീവിതത്തിന്റെ വൈരുദ്ധ്യങ്ങൾവച്ച്, ഉൽപ്പാദനത്തിന്റെ സാമൂഹ്യശക്തികളും ഉൽപ്പാദനബന്ധങ്ങളും തമ്മിലുള്ള സംഘട്ടനംവച്ച്, വിശദീകരിക്കുകയാണ് വേണ്ടത്. ഒരു സാമൂഹ്യവ്യവസ്ഥിതിയിലെ എല്ലാ ഉൽപ്പാദനശക്തികളും അത് അനുവദിക്കുന്നത്ര വികസിക്കപ്പെടുന്നതുവരെ ആ സാമൂഹ്യ വ്യവസ്ഥ ഒരിക്കലും നശിപ്പിക്കപ്പെടുന്നില്ല. അതുപോലെ, കൂടുതലുയർന്ന ഉൽപ്പാദനബന്ധങ്ങളുടെ നിലനിൽപ്പിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ പഴയ സമൂഹത്തിന്റെ ചട്ടക്കൂടിനുള്ളിൽ പരിപക്വമാകുന്നതുവരെ ഈ ബന്ധങ്ങൾക്ക് പഴയവയെ നിഷ്ക്കാസനം ചെയ്യാനുമാവില്ല. ഇപ്രകാരം **മനുഷ്യരാശി അതിന് നിറവേറ്റാൻ കഴിയുന്ന കടമകൾ മാത്രമേ ഏറ്റെടുക്കുന്നുള്ളൂ. കാരണം, ഈ പ്രശ്നംതന്നെ ഉദിക്കുന്നത് അതിന്റെ പരിഹാരത്തിനുള്ള ഭൗതികസാഹചര്യങ്ങൾ ഉണ്ടായതിനുശേഷം മാത്രമോ, കുറഞ്ഞപക്ഷം ആ സാഹചര്യങ്ങൾ രൂപപ്പെട്ടുകൊണ്ടിരിക്കുന്നതിനിടയിൽ മാത്രമോ ആണെന്ന് സൂക്ഷ്മപരിശോധനയിൽ കാണാൻ കഴിയും.** വിശാലമായ അർത്ഥത്തിൽ, ഏഷ്യാറ്റിക്, പ്രാചീന, നാടുവാഴിത്ത, ആധുനികബൂർഷ്വാ ഉൽപ്പാദന സമ്പ്രദായങ്ങളെ സമൂഹത്തിന്റെ സാമ്പത്തിക വികാസത്തിലെ വിവിധ ഘട്ടങ്ങളായി വിവരിക്കാം. ബൂർഷ്വാ ഉൽപ്പാദന ബന്ധങ്ങളാണ് ഉൽപ്പാദനമെന്ന സാമൂഹ്യ പ്രക്രിയയുടെ ശത്രുതാപരമായ അവസാനത്തെ രൂപം. വ്യക്തിപരമായ വൈരമെന്ന അർത്ഥത്തിലല്ല ശത്രുതാപരമെന്നു പറയുന്നത്: വ്യക്തികളുടെ നിലനിൽപ്പിന്റെ സാമൂഹ്യസാഹചര്യങ്ങളിൽനിന്ന് സംജാതമാകുന്ന വൈരമാണ് ഇവിടെ അർത്ഥമാക്കുന്നത്. എന്നാൽ, ബൂർഷ്വാ സമൂഹത്തിൽ വളർന്നുവരുന്ന ഉൽപ്പാദനശക്തികൾതന്നെ ഈ വൈരം തീർക്കുന്നതിനുള്ള ഭൗതിക സാഹചര്യങ്ങളും സൃഷ്ടിക്കുന്നുണ്ട്. അതനുസരിച്ച്, മനുഷ്യസമൂഹത്തിന്റെ പ്രാക്ചരിത്രം ഈ സാമൂഹ്യവ്യവസ്ഥയോടെ അവസാനിക്കുകയും ചെയ്യുന്നു.

ഫ്രെഡറിക് എംഗൽസും മറ്റൊരു മാർഗ്ഗത്തിലൂടെ ( *ഇംഗ്ലണ്ടിലെ തൊഴിലാളിവർഗ്ഗത്തിന്റെ സ്ഥിതി* എന്ന അദ്ദേഹത്തിന്റെ കൃതി നോക്കുക) എന്റെ ഇതേ നിഗമനത്തിൽത്തന്നെ എത്തിച്ചേരുകയുണ്ടായി. സാമ്പത്തികസംവർഗ്ഗങ്ങളുടെ നിരൂപണത്തെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ ആ ഉജ്ജ്വലമായ ഉപന്യാസം ( ഇത് ജർമ്മൻ-ഫ്രഞ്ച് വാർഷിക പതിപ്പിൽ പ്രസിദ്ധീകരിച്ചിരുന്നു) പുറത്തിറങ്ങിയതുമുതൽ കത്തിടപാടിലൂടെ അദ്ദേഹവുമായി ഞാൻ നിരന്തരമായ സമ്പർക്കം പുലർത്തിയിരുന്നു. 1845-ൽ അദ്ദേഹവും ബ്രസ്സൽസിൽ താമസിക്കാനെത്തിയപ്പോൾ ജർമ്മൻ തത്ത്വശാസ്ത്രത്തിന്റേതിനുവിരുദ്ധമായ ഞങ്ങളുടെ ധാരണ ഒന്നിച്ചിരുന്ന് എഴുതിയുണ്ടാക്കാൻ, സത്യം പറഞ്ഞാൽ, ഞങ്ങളുടെ മുൻ തത്ത്വശാസ്ത്ര മനഃസാക്ഷിയുമായി കണക്കുതീർക്കുവാൻ, ഞങ്ങൾ തീരുമാനിച്ചു. ഹെഗലിനുശേഷമുള്ള തത്ത്വശാസ്ത്രത്തെ സംബന്ധിച്ച ഒരു നിരുപണത്തിന്റെ രൂപത്തിൽ ഈ ഉദ്ദേശ്യം നടപ്പിലാക്കപ്പെടുകയുംചെയ്തു. ( മാർക്സും എംഗൽസും ചേർന്ന് രചിച്ച *ജർമ്മൻ പ്രത്യയശാസ്ത്രം* എന്ന കൃതി -എഡിറ്റർ) ... കാലം കുറെ കഴിഞ്ഞപ്പോഴാണ് മാറിയ പരിതസ്ഥിതിയിൽ അതിന്റെ അച്ചടി സാദ്ധ്യമല്ലെന്ന വിവരം പ്രസാധകർ ഞങ്ങളെ അറിയിച്ചത്. കാര്യങ്ങൾ ഞങ്ങൾക്കുതന്നെ സ്വയം വ്യക്തമാകുകയെന്ന പ്രധാന ഉദ്ദേശ്യം നേടിക്കഴിഞ്ഞിരുന്നതിനാൽ രണ്ടുവലിയ ഒക്ടാവോ വാല്യങ്ങളിലായുള്ള ഇതിന്റെ കയ്യെഴുത്തുപ്രതി ചുണ്ടെലികളുടെ കരുളുന്ന വിമർശനത്തിനായി ഇട്ടെറിഞ്ഞുകൊടുത്തിട്ടുപോകാൻ ഞങ്ങൾക്ക് യാതൊരു മനഃപ്രയാസവും ഉണ്ടായില്ല. പല പല കൃതികളിലായി ഞങ്ങളുടെ വീക്ഷണത്തിന്റെ ഒന്നല്ലെങ്കിൽ മറ്റൊരു വശം ഞങ്ങൾ അക്കാലത്ത് ബഹുജനങ്ങളുടെ മുന്നിൽ അവതരിപ്പിച്ചിരുന്നു. അക്കൂട്ടത്തിൽനിന്ന് എംഗൽസും ഞാനുംചേർന്ന് എഴുതിയ *കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ*യുടെയും ഞാൻ തന്നെത്താൻ പ്രസിദ്ധീകരിച്ച *സ്വതന്ത്രവ്യാപാരത്തിന്റെ പ്രശ്നത്തെപ്പറ്റി* എന്ന പ്രഭാഷണത്തിന്റെയും കാര്യം മാത്രമേ ഇവിടെ പരാമർശിക്കുന്നുള്ളൂ. *തത്ത്വശസ്ത്രത്തിന്റെ ദാരിദ്ര്യം* എന്ന കൃതിയിലാണ് ഞങ്ങളുടെ ധാരണയിലെ പ്രധാന പോയിന്റുകൾ ഖണ്ഡനാത്മകമാണെങ്കിലും ശാസ്ത്രീയമായ രൂപത്തിൽ ആദ്യമായി അവതരിപ്പിക്കപ്പെട്ടത്. പ്രൂദോനെ ശരവ്യമാക്കിക്കൊണ്ട് രചിക്കപ്പെട്ട ഈ ഗ്രന്ഥം 1847-ലാണ് പുറത്തിറങ്ങിയത്....

അർത്ഥശാസ്ത്രമണ്ഡലത്തിലെ എന്റെ പഠനങ്ങളുടെ ഗതിയെപ്പറ്റി ഇവിടെ ഇത്രയും പറഞ്ഞത് എന്റെ അഭിപ്രായങ്ങൾ-ഈ അഭിപ്രായങ്ങളെ ആര് എങ്ങനെ വിലയിരുത്തിയാലുംശരി, ഭരണാധികാരി വർഗ്ഗങ്ങളുടെ നിക്ഷിപ്തതാൽപ്പര്യത്തോടുകൂടിയ മുൻവിധികൾക്ക് അവ എത്ര പൊരുത്തപ്പെടാത്തതായാലും ശരി - പലപല വർഷങ്ങളായി നടത്തിയിട്ടുള്ള ഗവേഷണത്തിന്റെ പരിണതഫലമാണെന്ന് കാണിക്കാൻവേണ്ടി മാത്രമാണ്. നരകത്തിന്റെ കാവാടത്തിലെന്നപോലെ ശാസ്ത്രകവാടത്തിങ്കലും ഇപ്രകാരം ആവശ്യപ്പെടാൻ കഴിയണം:

*എല്ലാ സന്ദേഹവും ഇവിടെ*
*അവസാനിക്കണം.*
*എല്ലാ ഭീരുത്വവും ഇവിടെ*
*ഒടുങ്ങണം.*

(ദാന്തെയുടെ ഡിവൈൻ കോമഡിയിൽനിന്ന്-എഡിറ്റർ)

●

# മദ്യനയം അട്ടിമറിക്കാനുള്ള നീക്കത്തെ ചെറുക്കുക

*(3-ാം പേജിൽ നിന്ന്)*

ലഭ്യമായിരുന്നപ്പോഴാണ്. വൈപ്പിനും കല്ലുവാതിക്കലും മദ്യ നിരോധനത്തിന്റെ സൃഷ്ടിയല്ല. മലപ്പുറത്തുണ്ടായ ദുരന്തം കള്ളുഷാപ്പിൽ വ്യാജക്കള്ളു വിറ്റതിനെത്തുടർന്നുണ്ടായതാണ്. ദുരന്തമുണ്ടാക്കിയ ഷാപ്പിന് വിളിപ്പാടകലെയാണ് എക്സൈസ് ഓഫീസ് എന്നതും എല്ലാവർക്കും അറിവുള്ള കാര്യംതന്നെ. 418 ബാറുകൾ പൂട്ടിയപ്പോഴും മദ്യദുരന്തം ഉണ്ടായിട്ടില്ല. മദ്യത്തിനെതിരെ ആത്മാർത്ഥമായൊരു പരിശ്രമം സർക്കാരിന്റെ മുൻകൈയിൽ നടത്തിയാൽ എല്ലാ വിഭാഗം ജനങ്ങളുടെയും പിന്തുണ കിട്ടില്ലേ? രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, സമുദായ സംഘടനകൾ, വീട്ടമ്മമാർ, കുടുംബശ്രീകൾ, ക്ലബ്ബുകൾ തുടങ്ങി എല്ലാവരെയും ഉൾക്കൊള്ളുന്ന ജാഗ്രതാ സമിതികൾ നാടെമ്പാടും ഉയർന്നുവന്നാൽ വ്യാജമദ്യനിർമ്മാണവും വിൽപ്പനയും നടത്താൻ ആര് ധൈര്യപ്പെടും?

സർക്കാരിന്റെ മദ്യനയം ടൂറിസം മേഖലയെ പ്രതികൂലമായി ബാധിക്കും എന്നതാണ് മറ്റൊരു വാദഗതി. കേരളത്തിൽ വരുന്ന ടൂറിസ്റ്റുകൾ മദ്യപിക്കാനെത്തുന്നവരാണോ? അതോ കേരളത്തിന്റെ പ്രകൃതിഭംഗിയും സാംസ്കാരിക തനിമയും ആസ്വദിക്കാനെത്തുന്നവരോ? ആഗോളവൽക്കരണത്തിന്റെ കാലത്ത് ടൂറിസമെന്നാൽ സെക്സ് ടൂറിസമായിരിക്കുന്നു എന്നത് പരോക്ഷമായി സമ്മതിക്കുകയാണ് പ്രസ്തുത വാദമുയർത്തുന്നവർ ചെയ്യുന്നത്. മദ്യവും മദിരാക്ഷിയും അന്വേഷിച്ചാണ് ഇക്കൂട്ടർ എത്തുന്നതെങ്കിൽ, അതാണ് കേരളടൂറിസത്തിന്റെ ആകർഷണമെങ്കിൽ, അത്തരം ടൂറിസം നമുക്കുവേണ്ടതുണ്ടോ? അങ്ങനെയുള്ളവർ വരാതിരിക്കുന്നതല്ലേ നല്ലത്? കേരളത്തിൽ ഒരിക്കൽ വരുന്ന വിദേശികൾ രണ്ടാമതൊരു തവണകൂടി വരില്ല എന്നത് പരസ്യമായ കാര്യംതന്നെ. സഞ്ചാരികൾ കേരളത്തിൽ സുരക്ഷിതരല്ല എന്നതുതന്നെ കാരണം. സഞ്ചാരികൾക്കുനേരെയുള്ള മദ്യപൻമാരുടെ കയ്യേറ്റവും വിദേശവനിതകൾക്കുനേരെയുള്ള ലൈംഗിക അതിക്രമങ്ങളും കേരളത്തിൽ വിരളമല്ല. അതായത് ടൂറിസ്റ്റുകളെ പിന്തിരിപ്പിക്കുന്നത് മദ്യമില്ലാത്തതല്ല മറിച്ച്, മദ്യപന്മാരുടെയും പിടിച്ചുപറിക്കാരുടെയും ശല്യമാണ്. കേരളം അവർക്ക് സുരക്ഷിതമായ ഇടമല്ല എന്ന അനുഭവമാണ്.

ബാറുകളും ബിവറേജസ് ഔട്ട്ലെറ്റുകളും അടച്ചുപൂട്ടുന്നതുവഴി സംസ്ഥാന സർക്കാർ സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്നു എന്ന പ്രതീതി സൃഷ്ടിച്ച് അതിന്റെ മറവിൽ ജനങ്ങളുടെമേൽ വമ്പിച്ച നികുതിഭാരം അടിച്ചേൽപ്പിക്കുന്നത് നീതീകരിക്കാവുന്നതല്ല. ജനങ്ങളുടെമേൽ അധികനികുതിഭാരം അടിച്ചേൽപ്പിക്കാതെ നികുതിവെട്ടിപ്പുനടത്തുന്ന വൻകിടക്കാർക്കെതിരെ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകണം.

ഈ സാഹചര്യത്തിൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച മദ്യനയം വിട്ടുവീഴ്ചയില്ലാതെ നടപ്പിലാക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുക എന്നതാണ് ചിന്തിക്കുന്ന ഏതൊരാളുടെയും കർത്തവ്യം. പതിമൂന്നുവയസ്സിൽ കേരളം കുടിച്ചു തുടങ്ങുന്നു എന്നത് നാം ഗൗരവത്തോടെ പരിഗണിക്കണം. കുട്ടികളുടെയിടയിലെ മദ്യപാനവും ക്രിമിനൽ പ്രവർത്തനങ്ങളും വർദ്ധിക്കുകയാണ്. മാനസികവും ശാരീരികവുമായി ആരോഗ്യമുള്ള ഒരു തലമുറയാണ് നാടിന്റെ സമ്പത്ത്. മദ്യത്തിനെതിരായ പോരാട്ടം മനുഷ്യനെ വീണ്ടെടുക്കാനുള്ള പോരാട്ടമാണ്. ●

## ഉന്നതനീതിപീഠത്തിലെ നിയമനങ്ങൾ

# സർക്കാർ കൈകടത്തൽ ഭരണപരമായ ഫാസിസത്തിലേക്കുള്ള ചുവടുവെയ്പിന്റെ ദുസ്സൂചനകൾ

(1-ാം പേജിൽ നിന്ന്)

**കൊളീജിയമോ ജുഡീഷ്യൽ നിയമന കമ്മീഷനോ?**

ഇക്കാര്യത്തിൽ അടുത്തിടെ ഒരു മാറ്റം വന്നു. സുപ്രീംകോടതി ചീഫ് ജസ്റ്റിസായിരുന്ന ആർ.എം.ലോധ സെപ്തംബർ മാസം വിരമിക്കുന്ന പശ്ചാത്തലത്തിൽ കൊളീജിയം നാലുപേരടങ്ങുന്ന ഒരു പാനൽ മേയ് മാസം നിർദ്ദേശിച്ചു. കേന്ദ്രനിയമന മന്ത്രാലയം ഇതിൽ നിന്ന് മുൻ സോളിസിറ്റർ ജനറൽ ഗോപാൽ സുബ്രഹ്മണ്യത്തിന്റെ പേര് ഒഴിവാക്കി രാഷ്ട്രപതിയുടെ അംഗീകാരത്തിനയച്ചു. എന്നുമാത്രമല്ല, ജഡ്ജി നിയമനത്തിൽ അഴിമതി രഹിതവും സുതാര്യവുമായ രീതി കൊണ്ടുവരുന്നതിനായി ഒരു നാഷണൽ ജുഡീഷ്യൽ അപ്പോയിന്റ്മെന്റ്സ് കമ്മീഷന് രൂപം കൊടുക്കാൻ പോകുകയാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ഇതിനായി, പാർലമെന്റിന്റ ഇരുസഭകളിലും പ്രമുഖ ദേശീയ, പ്രാദേശിക പാർട്ടികളുടെയെല്ലാം പിന്തുണയോടെ രണ്ടുബില്ലുകൾ ബിജെപി സർക്കാർ തിടുക്കത്തിൽ പാസ്സാക്കിയെടുക്കുകയും ചെയ്തു. ജുഡീഷ്യൽ നിയമന കമ്മീഷൻ ബില്ല് കൊളീജിയം സമ്പ്രദായത്തിന് അന്ത്യം കുറിച്ചു. ഇതിനാവശ്യമായ ഭരണഘടനാ ഭേദഗതിക്കായി 121-ാം ഭരണഘടനാ ഭേദഗതി ബില്ലും അവതരിപ്പിച്ചു. സുപ്രീം കോടതി ചീഫ് ജസ്റ്റിസ്, സുപ്രീംകോടതിയിലെ ഏറ്റവും മുതിർന്ന രണ്ട് ജഡ്ജിമാർ, കേന്ദ്ര നിയമമന്ത്രി, മറ്റ് രണ്ട് പ്രമുഖർ എന്നിവരടങ്ങുന്നതാണ് കമ്മീഷൻ. രണ്ടു പ്രമുഖരിൽ ഒരാൾ, പട്ടികജാതി, പട്ടികവർഗ്ഗം, മറ്റ് പിന്നോക്കവിഭാഗങ്ങൾ, ന്യൂനപക്ഷങ്ങൾ, സ്ത്രീകൾ എന്നിവരുടെ വിഭാഗത്തിൽ നിന്നായിരിക്കണം. പ്രധാനമന്ത്രി, ചീഫ് ജസ്റ്റിസ്, പ്രതിപക്ഷ നേതാവ് അഥവാ ലോക്സഭയിലെ പ്രതിപക്ഷത്തെ ഏറ്റവും വലിയ പാർട്ടിയുടെ നേതാവ് എന്നിവർ ചേർന്നാണ് ഈ പേര് നിർദ്ദേശിക്കേണ്ടത്. ജഡ്ജിമാരെ ജഡ്ജിമാർ നിയമിക്കുന്ന ഏർപ്പാട് അവസാനിച്ചു എന്നർത്ഥം. പകരം, നീതിന്യായ സംവിധാനത്തിന് പുറത്തുള്ള ഗവൺമെന്റും രാഷ്ട്രീയക്കാരുമൊക്കെ ഇതിൽ ഭാഗഭാക്കാകും.

ഇത് സ്വാഭാവികമായും വലിയ പ്രത്യാഘാതങ്ങൾക്ക് ഇടയാക്കി. ഭരണ നിർവ്വഹണ നിയമനിർമ്മാണ വിഭാഗങ്ങൾ നീതിന്യായ സംവിധാനത്തിന്റെ സ്വാതന്ത്ര്യത്തിൽ കടിഞ്ഞാണിടുകയാണോ? ഇത് നീതീകരിക്കാനാകുമോ? രാജ്യത്തെ സംബന്ധിച്ചിടത്തോളം ഈ തർക്കം പുതിയതല്ല. ഒരിക്കൽ കൂടി ഈ വിഷയം സജീവമായി എന്നുമാത്രം. ജുഡീഷ്യറിയുടെ സ്വാതന്ത്ര്യത്തിൽ കൈകടത്തുന്നു എന്ന ആശങ്ക ഗോപാൽ സുബ്രഹ്മണ്യം തന്നെ മാധ്യമങ്ങളോട് പങ്കുവെയ്ക്കുകയുണ്ടായി. സൊറാബുദീൻ, ഇസ്രത് ജഹാൻ വ്യാജ ഏറ്റുമുട്ടൽ കേസിൽ താൻ അമിക്കസ് ക്യൂറി എന്ന നിലയിൽ വഹിച്ച പങ്ക് ജഡ്ജി നിയമനത്തിൽ തടസ്സമായി ഭവിച്ചിരിക്കാം എന്ന സൂചനയും അദ്ദേഹം നൽകി. ഗുജറാത്തിലെ സൊറാബുദീൻ കേസിൽ അന്ന് ഗുജറാത്ത് മുഖ്യമന്ത്രിയായിരുന്ന നരേന്ദ്രമോദിയുടെ വലംകൈയും ബിജെപിയുടെ ഇപ്പോഴത്തെ പ്രസിഡന്റുമായ അമിത്ഷായെ കുറ്റക്കാരനെന്ന് കണ്ടെത്തി കസ്റ്റഡിയിൽ എടുത്തിരുന്നു. ഈ കേസിൽ നരേന്ദ്ര മോദിയും സിബിഐ നിരീക്ഷണത്തിലായിരുന്നു. എന്തായാലും പട്ടികയിൽ നിന്ന് ഒഴിവാക്കപ്പെട്ടതോടെ ഗോപാൽ സുബ്രഹ്മണ്യം ഒഴിഞ്ഞുനിന്നു. കൊളീജിയം സമ്പ്രദായത്തെക്കുറിച്ച് രണ്ട് അഭിപ്രായങ്ങൾ ഉയർന്നുവന്നു. സുപ്രീംകോടതി ചീഫ് ജസ്റ്റിസും ചില മുൻ ജഡ്ജിമാരും മറ്റ് പല പ്രമുഖരും കൊളീജിയം സമ്പ്രദായത്തിനുവേണ്ടി നിലകൊണ്ടു. സർക്കാർ ജുഡീഷ്യറിയുടെ സ്വാതന്ത്ര്യത്തിൽ കൈകടത്തുകയാണെന്ന ആരോപണവും അവർ ഉന്നയിച്ചു. സുപ്രീം കോടതി ജഡ്ജിയായിരുന്ന മാർക്കണ്ഡേയ കട്ജു, മുൻ കൊളീജിയം മെമ്പർ ജസ്റ്റിസ് റുമാപാൽ തുടങ്ങിയവർ കൊളീജിയം ഫലപ്രദവും സുതാര്യവുമല്ലെന്ന വാദം മുന്നോട്ടുവെച്ചു. അഴിമതിക്കാരും കഴിവുകെട്ടവരും നീതിന്യായ വ്യവസ്ഥയോട് കൂറുപുലർത്താത്തവരുമായ ജഡ്ജിമാരുടെ നിയമനത്തിന് ഇതിടയാക്കുന്നുവെന്നും സർക്കാരിന്റെയും രാഷ്ട്രീയക്കാരുടെയും സമ്മർദ്ദങ്ങളെ അതിജീവിക്കാൻ കൊളീജിയത്തിന് കഴിയുന്നില്ലെന്നും അവർ അഭിപ്രായപ്പെട്ടു.

വിഷയം പാർലമെന്റിലും കോടതികളിലും ഒതുങ്ങിനിന്നില്ല. ഇതിൽ ഗുരുതരമായ വിപത്തുകൾ അന്തർഭവിച്ചിട്ടുള്ളതിനാൽ ഗൗരവാവഹമായ പരിശോധന ആവശ്യമാണ്. രാജ്യത്തിന്റെ നാനാകോണുകളിൽ നിന്ന് വിമർശനം ഉയർന്നതോടെ നീതിന്യായ വ്യവസ്ഥയോടുള്ള അങ്ങേയറ്റത്തെ ആദരവ് സർക്കാർ ആവർത്തിച്ചു. പക്ഷേ പല ചോദ്യങ്ങളും അവശേഷിച്ചു. ജുഡീഷ്യറിക്ക് കടിഞ്ഞാണിടാൻ തിടുക്കത്തിൽ നിയമനിർമ്മാണത്തിന് മുതിർന്നതെന്തിനാണ്? നീതിന്യായ രംഗത്തെ അഴിമതി അവസാനിപ്പിക്കാനും ജഡ്ജി നിയമനത്തിൽ സുതാര്യത ഉറപ്പുവരുത്താനും ഇത് പര്യാപ്തമാണോ? ആ ലക്ഷ്യത്തിലേക്കാണോ ഈ ചുവടുവയ്പുകൾ? കൊളീജിയത്തിന്റെ വിമർശകർ വിഷയത്തിന്റെ ചില അതിപ്രധാനവശങ്ങൾ കാണാതെ പോകുകയോ ഒഴിവാക്കുകയോ ചെയ്യുന്നില്ലേ?

നിലവിലുള്ള സാമൂഹ്യ-രാഷ്ട്രീയ സാഹചര്യങ്ങളുടെയും അതിന്റെ അപചയത്തിന്റെയുമൊക്കെ പശ്ചാത്തലത്തിൽ വിഷയത്തെ സമീപിച്ചാലേ വസ്തുനിഷ്ഠമായൊരു നിലപാടിലെത്താനാകൂ. ഇവ്വിധമൊരു പരിശോധന നടത്തിക്കൊണ്ട് നമുക്ക് വിഷയത്തെ സമീപിക്കാം.

**മുൻകാല മുതലാളിത്തവും 'അധികാരവിഭജനവും'**

ഒരു മുതലാളിത്ത സംവിധാനത്തിനുള്ളിലാണ് ജഡ്ജി നിയമന മുൾപ്പെടെയുള്ള കാര്യങ്ങളെല്ലാം നടക്കുന്നതെന്ന വസ്തുതയാണ് ആദ്യം പരിഗണിക്കേണ്ടത്. ഈ സംവിധാനത്തിന് അതിന്റേതായ ഒരു ചട്ടക്കൂടുണ്ട്. അതിന്റേതായ തത്ത്വസംഹിതകളും നിയമങ്ങളും മൗലികാവകാശങ്ങളുമുണ്ട്. ഈ അടിത്തറയിൽ മൂന്ന് തൂണുകളിലായാണ് ഈ സംവിധാനം നിലനിൽക്കുന്നത്. നിയമനിർമ്മാണം, ഭരണ നിർവ്വഹണം, നീതിന്യായം എന്നിവയാണ് ആ തൂണുകൾ. പട്ടാളവും പോലീസും ഉദ്യോഗസ്ഥസംവിധാനവുമൊക്കെ ഭരണനിർവ്വഹണത്തിന്റെ ഭാഗമാണ്. ഇതെല്ലാം ചേർന്ന് സംരക്ഷിക്കുന്നതാകട്ടെ, ഭരണവർഗ്ഗത്തിന്റെ, മുതലാളിത്ത വ്യവസ്ഥയിൽ മുതലാളിവർഗ്ഗത്തിന്റെ, താല്പര്യം മാത്രമാണുതാനും. ചരിത്രം ഇത് സുവ്യക്തമായി രേഖപ്പെടുത്തുന്നു. ജനാധിപത്യതത്ത്വങ്ങളുടെ അടിത്തറയിൽ ഉയർന്നുവന്ന ബൂർഷ്വാ ജനാധിപത്യവ്യവസ്ഥ അതിന്റെ മൂന്ന് തൂണുകളുടെ, ഭാഗങ്ങളുടെ സാപേക്ഷമായ സ്വാതന്ത്ര്യം ഉറപ്പുവരുത്തുകയും ചെയ്തു. മൂന്ന് മേഖലകൾക്കും വ്യത്യസ്തമായ അധികാരങ്ങളും കർത്തവ്യങ്ങളും പ്രതിബദ്ധതയും നിർവ്വചിക്കപ്പെട്ടു. അധികാരവിഭജനം എന്ന തത്ത്വത്തിന്റെ അടിസ്ഥാനത്തിലാണ് ഇവ പ്രവർത്തിച്ചത്. ഏതെങ്കിലും ഒരു മേഖലയിൽ മാത്രമായി അധികാരം കേന്ദ്രീകരിക്കുന്നതും മറ്റ് മേഖലകളുടെ അധികാരത്തിൽ കൈകടത്തുന്നതും ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെയാണ് ജനാധിപത്യത്തിന്റെ ജനയിതാക്കൾ ഇത്തരം ഒരു സംവിധാനം വിഭാവനം ചെയ്തത്. നിയമനിർമ്മാണ സഭ പാസാക്കുകയും ഭരണസംവിധാനത്തിലൂടെ നടപ്പാക്കപ്പെടുകയും ചെയ്യുന്ന നിയമങ്ങൾ രാജ്യത്തിന്റെ ഭരണഘടനയ്ക്ക് നിരക്കുന്നതാണോ എന്ന് പരിശോധിക്കുകയും അങ്ങനെയാണെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക എന്നതാണ് നീതിന്യായ സംവിധാനത്തിൽ അർപ്പിതമായിട്ടുള്ള കടമ. നീതിന്യായ അവലോകനം എന്നാണിത് അറിയപ്പെടുന്നത്. ഒരു സാമൂഹ്യശക്തിയെന്ന നിലയിൽ ബൂർഷ്വാസി ഉദയം ചെയ്യുകയും ബൂർഷ്വാ ജനാധിപത്യസംവിധാനം ഉയർന്നുവരുകയും ചെയ്ത സമയത്ത് നീതിയുടെ അവസാനവാക്ക് നിർണ്ണയിക്കുന്നതിൽ ജനാഭിപ്രായത്തിന് പരമപ്രാധാന്യം കല്പിച്ചിരുന്നു. പാർലമെന്ററി ജനാധിപത്യസംവിധാനത്തിൽ മൂന്ന് വിഭാഗങ്ങളിൽ തെരഞ്ഞെടുപ്പിലൂടെ ജനങ്ങൾ നേരിട്ട് രൂപീകരിക്കുന്നത് നിയമനിർമ്മാണ സഭ മാത്രമാണ്. അതിനാൽ ജനാധിപത്യത്തിൽ വിശ്വസിക്കുന്ന ഏതൊരാളും, അന്തിമമായി വിജയിക്കുക ശക്തവും സംഘടിതവും നിർഭയവുമായ ബഹുജനാഭിപ്രായമായിരിക്കും എന്ന വസ്തുതയിലും വിശ്വാസമർപ്പിക്കേണ്ടതുണ്ട്. നാട് ഭരിക്കേണ്ടത് ജനങ്ങളാണെങ്കിൽ ജനതാല്പര്യം പ്രകടിപ്പിക്കേണ്ടത് പൊതുജനാഭിപ്രായത്തിലൂടെയാണ്. അതുകൊണ്ടാണ് ജനാധിപത്യം ഏറ്റവും സുരക്ഷിതമായിരിക്കുന്നത്, ജനങ്ങളുടെ സബോധവും നിരന്തരവുമായ ജാഗ്രതയിലൂടെയാണ് എന്ന് പറയുന്നത്. അതോടൊപ്പം തന്നെ ജനാധിപത്യത്തിന്റെ മൂന്ന് ഭാഗങ്ങളിൽ ഒന്ന് പരമമായ അധികാരകേന്ദ്രമാവുകയോ അതിന്റെ അധികാരം ദുർവിനിയോഗം ചെയ്യുകയോ ചെയ്യാത്തവണ്ണം ഒരു സന്തുലനാവസ്ഥ നിലനിൽക്കുന്നുവെന്ന് ഉറപ്പാക്കപ്പെടുകയും ചെയ്യുന്നു.

**മുതലാളിത്ത പ്രതിസന്ധിയും അപചയവും**

ജന്മിത്തത്തിനെതിരെ പൊരുതിയിരുന്ന അക്കാലത്ത് മുതലാളിത്തം ഒരു പുരോഗമനശക്തിയായിരുന്നു. ചൂഷണത്തെ അടിസ്ഥാനപ്പെടുത്തിയ മുതലാളിത്ത വ്യവസ്ഥ ക്രമേണ കുത്തകയ്ക്കും സാമ്രാജ്യത്വത്തിനും ജന്മം നൽകുകയും ഇന്ന് സർവ്വാർത്ഥത്തിലും ജീർണ്ണമായ ഒരു വ്യവസ്ഥയായി പരിണമിക്കുകയും ചെയ്തിരിക്കുന്നു. ലോകത്തെ ഏതൊരു രാജ്യത്തെയും മുതലാളിത്ത സാമ്രാജ്യത്വ ഭരണാധികാരികൾ ഈ പ്രതിസന്ധിയിൽ നിന്ന് പുറത്തുകടക്കാൻ വഴി അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ എല്ലാം വൃഥാവിലാണ്. പ്രതിസന്ധി അകലുന്ന ഒരു ലക്ഷണവും കാണാനില്ല. എന്നുമാത്രമല്ല, പ്രതിസന്ധി അടിക്കടി രൂക്ഷമാകുകയും സാമ്പത്തിക രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക മേഖലകളിലാകെ ജീർണ്ണത പടരുകയും ചെയ്യുകയാണ്. എല്ലാ മുതലാളിത്ത രാജ്യങ്ങളിലും ഇതു തന്നെയാണ് സ്ഥിതി. സർവ്വരംഗങ്ങളിലും അനിശ്ചിതത്വവും അരക്ഷിതാവസ്ഥയും തന്നെ. ഒരിക്കൽ സമൂഹം അറപ്പോടെ വീക്ഷിച്ചിരുന്ന സദാചാര തകർച്ച,മൂല്യശോഷണം, അഴിമതി, തട്ടിപ്പ് തുടങ്ങിയ തിന്മകളൊക്കെ ഇന്ന് നാട്ടുനടപ്പായി മാറിയിരിക്കുന്നു. പ്രതിസന്ധി രൂക്ഷമാകുന്നതിനനുസരിച്ചു അധഃപതനത്തിന്റെ ആഴവും കൂടുന്നു. അതിനനുസരിച്ച് എവ്വിധവും പരമാവധി ലാഭം കൊയ്യാനും എങ്ങനെയും ഭരണം നിലനിർത്താനുമുള്ള മുതലാളിവർഗ്ഗത്തിന്റെ പരക്കം പാച്ചിലും വർദ്ധിക്കുന്നു. അധികാരത്തിൽ കടിച്ചുതൂങ്ങാനുള്ള തത്രപ്പാടിൽ ഈ വെപ്രാളം പ്രകടമാണ്. പാർലമെന്ററി ജനാധിപത്യത്തിന്റെ മുഖം പ്രദർശിപ്പിച്ചുകൊണ്ട് ദ്വികക്ഷി സമ്പ്രദായത്തിലൂടെ അഥവാ ബഹുകക്ഷി സമ്പ്രദായത്തിലൂടെ ഭരണപരമായ ഫാസിസം സ്ഥാപിച്ചെടുക്കാൻ തുനിഞ്ഞിറങ്ങിയിരിക്കുകയാണ് ഭരണമുതലാളിവർഗ്ഗം. ലോകയുദ്ധാനന്തര സാഹചര്യത്തിൽ എല്ലാ മുതലാളിത്ത രാജ്യങ്ങളിലും ഏറിയും കുറഞ്ഞുമുള്ള അളവിൽ ഈ പ്രവണത ശക്തി പ്രാപിക്കുകയാണ്.

മുതലാളിത്തത്തിന്റെ ഈ മരണാസന്ന കാലഘട്ടത്തിലാണ് ഇന്ത്യൻ മുതലാളിത്ത വ്യവസ്ഥ ഉദയം ചെയ്തതും കരുത്താർജ്ജിക്കാൻ ശ്രമിച്ചതും. അതുകൊണ്ടുതന്നെ പാർലമെന്ററി ജനാധിപത്യസംവിധാനത്തിന് രൂപം കൊടുത്തെങ്കിലും മുതലാളിത്ത ജീർണ്ണത സൃഷ്ടിക്കുന്ന അനേകം തിന്മകൾ ഇന്ത്യൻ മുതലാളിത്ത വ്യവസ്ഥയിൽ പ്രകടമായിക്കൊണ്ടേയിരിക്കുന്നു. പ്രതിസന്ധി രൂക്ഷമായതോടെ ജീർണ്ണത സർവ്വവ്യാപിയായി. വ്യവസായ മാന്ദ്യം, വളർച്ചാമുരടിപ്പ്, അനിയന്ത്രിതമായ പണപ്പെരുപ്പം, പെരുകുന്ന തൊഴിലില്ലായ്മ എന്നിവയൊക്കെയാണ് സാമ്പത്തിക മേഖലയുടെ സവിശേഷത. പാർലമെന്ററി രാഷ്ട്രീയ പാർട്ടികളാകട്ടെ, ഭരണമുതലാളിവർഗ്ഗത്തിന് പാദസേവ ചെയ്യുകയാണ്. അധികാരദുര, ആർത്തി, അഴിമതി, കുറ്റവൽക്കരണം, യാതൊരു മൂല്യങ്ങളും പുലർത്താത്ത സ്വാർത്ഥമതികളായ നേതാക്കൾ തുടങ്ങിയ വൃത്തികേടുകൾ നിറഞ്ഞുനിൽക്കുന്നു. പണച്ചാക്കുകളും മാഫിയകളും മാധ്യമങ്ങളും ചേർന്ന് തെരഞ്ഞെടുപ്പ് രംഗം പിടിയിലമർത്തിയിരിക്കുന്നു. സാമൂഹ്യബോധവും പ്രതിബദ്ധതയും അന്യംനിന്ന് പോയിരിക്കുന്നു. അനിയന്ത്രിതമായ തൊഴിലില്ലായ്മ, മുഴുപട്ടിണി, അസഹ്യമായ വിലക്കയറ്റം, അനിശ്ചിതത്വം, അരക്ഷിതാവസ്ഥ എന്നിവയൊക്കെ ജനജീവിതത്തെ വേട്ടയാടുകയാണ്. സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കുംമേലുള്ള ക്രൂരമായ അതിക്രമങ്ങൾ, എല്ലാവിധ വിഭാഗീയ ചിന്താഗതികൾക്കും ലഭിക്കുന്ന പ്രോത്സാഹനം, ഭീതിപ്പെടുത്തുന്ന അന്തരീക്ഷം എന്നിവയും ജനജീവിതത്തെ കശക്കിയെറിയുകയാണ്. മുതലാളിത്തവ്യവസ്ഥയുടെ ജീർണ്ണതയ്ക്കനുസരിച്ച് സമൂഹത്തിന്റെ എല്ലാ തലങ്ങളിലും കുറ്റകൃത്യങ്ങൾ പെരുകുകയും കുറ്റവാസന ശക്തിയാർജ്ജിക്കുകയും ചെയ്യുന്നു.

സ്വാഭാവികമായും ഈ പ്രതിസന്ധിയും ജീർണ്ണതയും ഭരണകൂടത്തിന്റെ സർവ്വാംശങ്ങളിലും പ്രകടമായ സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. എല്ലാ പ്രമുഖ ദേശീയ, പ്രാദേശിക പാർട്ടികളും അവരുടെ നേതാക്കളും അഴിമതിയുടെയും ജീർണ്ണതയുടെയും പിടിയിലമർന്ന് കഴിഞ്ഞിരിക്കുന്നു. മാധ്യമങ്ങളിൽ നിന്നും സ്വന്തം അനുഭവങ്ങളിൽ നിന്നും ജനങ്ങൾ ഇത് അനുനിമിഷം തിരിച്ചറിയുന്നുണ്ട്. നിഷ്പക്ഷത പുലർത്തേണ്ട ഭരണസംവിധാനം പക്ഷപാതപരമായിട്ടാണ് പ്രവർത്തിക്കുന്നത്. ഭരണതലത്തിൽ അഴിമതിയും കൈക്കൂലിയും അരങ്ങുവാഴുകയാണ്. വൻകിടകുത്തകകളും വ്യവസായികളുമൊക്കെ അഴിമതിയുടെയും അവിഹിത ഇടപാടുകളുടെയുമൊക്കെ പേരിൽ നിരന്തരം വാർത്തകളിൽ ഇടംപിടിക്കുന്നു. നിമിഷങ്ങൾക്കുള്ളിൽ തന്നെ അവർ ഏത് വിധേനയും തടിയൂരുകയും ചെയ്യുന്നു. സൈന്യം പോലും ഇതിനപവാദമല്ല. സൈന്യത്തിന്റെ തലപ്പത്തുള്ളവർ പോലും അഴിമതിയിൽ പങ്കാളികളാണെന്ന് പല പ്രതിരോധ ഇടപാടുകളും വെളിപ്പെടുത്തിയിരിക്കുന്നു.

ഇത്തരമൊരു അവസ്ഥയിൽ നിയമവാഴ്ചയെക്കുറിച്ചുള്ള ബൂർഷ്വാ പ്രചാരണത്തിൽ വശംവദരായി ജനങ്ങൾ ജുഡീഷ്യറിയിൽ വിശ്വാസം അർപ്പിക്കുന്നു. എല്ലാറ്റിലും പരിഹാരം കാണാനുള്ള എല്ലാറ്റിനും ആശ്വാസം കണ്ടെത്താൻ കഴിയുന്ന അഭയസ്ഥാനമായി അവർ കോടതികളെ കാണുന്നു. ഈ മായികവലയത്തിൽ ജനങ്ങളെ തളച്ചിടാൻ അധികാരികളും ശ്രമിക്കുന്നു. എന്നാൽ ജീർണ്ണമായ ഒരു വ്യവസ്ഥയുടെ ഭാഗമെന്ന നിലയിൽ ജുഡീഷ്യറിക്കും അപചയത്തിൽ നിന്നും മുക്തമായിരിക്കാനാവില്ല.

**ജുഡീഷ്യറിക്കും അപചയത്തിൽ നിന്നും മോചനമില്ല**

കുറെയേറെ നാളായി കോടതികൾ അഴിമതിയുടെ പര്യായമായി മാറിയിട്ട്. കോടതി നടപടിയുടെ ഭാഗമായിത്തീർന്ന അഴിമതി വിധി പ്രസ്താവങ്ങളെയും സ്വാധീനിക്കുന്നു. കാലം ചെല്ലുന്തോറും ഈ ദുരവസ്ഥ കൂടുതൽ വഷളായിക്കൊണ്ടിരിക്കുകയാണ്. ജഡ്ജിമാരുടെ നിയമനം ഉൾപ്പെടെ കോടതിക്കാര്യങ്ങളിലെല്ലാം രാഷ്ട്രീയക്കാരും ഭരണസംവിധാനവും അടുത്തിടെയായി കൈകടത്തുകയാണ്. മദ്രാസ് ഹൈക്കോ

## ഉന്നതനീതിപീഠത്തിലെ നിയമനങ്ങൾ

# കൊളീജിയം സമ്പ്രദായം: ഭരണസംവിധാനത്തിന്റെ കൈകടത്തലിന് തടയിടുന്നു

*(പേജ് 5-ൽ നിന്ന്)*

ടതിയിലെ ഒരു ജഡ്ജിയെ സുപ്രീകോടതി ജഡ്ജിയാക്കിയില്ലെങ്കിൽ കേന്ദ്രസർക്കാരിന് നൽകുന്ന നിർണ്ണായക പിന്തുണ പിൻവലിക്കുമെന്ന് തമിഴ്നാട്ടിലെ ഒരു പാർട്ടി യു.പിഎ സർക്കാരിനെ ഭീഷണിപ്പെടുത്തിയതായി ജസ്റ്റിസ് മാർക്കണ്ഠേയ കഠ്ജു ഉന്നയിച്ച ആരോപണം രാജ്യത്തെ അക്ഷരാർത്ഥത്തിൽ ഞെട്ടിച്ചുകളഞ്ഞു. യു.പി.എ സർക്കാരും സുപ്രീം കോടതിയുടെ കൊളീജിയവും ഈ ഭീഷണിക്ക് വഴങ്ങിക്കൊടുത്തു. 1973 ൽ ഇന്ദിരാഗാന്ധി ഭരിക്കുമ്പോൾ ഒരു സുപ്രീംകോടതി ചീഫ് ജസ്റ്റിസിനെ നിയമിച്ചത് എങ്ങനെയായിരുന്നു എന്ന കാര്യം രാജ്യത്തെ ജനങ്ങൾ മറന്നിട്ടില്ല. അടിയന്തിരാവസ്ഥയ്ക്കുമുമ്പുള്ള ആ സമയത്ത് സർവ്വ അധികാരങ്ങളും കൈയാളിയ ഇന്ദിരാഗാന്ധിയുടെ സേവയ്ക്കായി വിനീതവിധേയനായ ഈ ചീഫ് ജസ്റ്റിസ് സ്വയം സന്നദ്ധനായിരിക്കുകയും ചെയ്തു. രാജ്യത്തിനും അതിന്റെ നീതിന്യായ വ്യവസ്ഥയ്ക്കും കടുത്ത വിലനൽകേണ്ടിവന്ന ഈ നിയമനവും തെരഞ്ഞെടുക്കലും വലിയ കോളിളക്കമാണ് സൃഷ്ടിച്ചത്.

ഇത്തരം നിരവധി സംഭവങ്ങളിൽ ശ്രദ്ധേയമായ ചിലത് ചുവടെ ചേർക്കുന്നു. ഗുജറാത്ത് ഹൈക്കോടതിയിലെ ഒരു ചീഫ് ജസ്റ്റിസ് ഒരിക്കൽ രാഷ്ട്രപതിക്കും പ്രധാനമന്ത്രിക്കും ഒരു കത്തെഴുതി. താൻ കൽക്കത്ത ഹൈക്കോടതിയിലായിരിക്കുമ്പോൾ, അന്ന് സുപ്രീംകോടതി ചീഫ് ജസ്റ്റിസായിരുന്നയാളുടെ സഹോദരിയായ ജസ്റ്റിസ് അൽത്തമാസ് കബീറിന് ഉദ്യോഗക്കയറ്റം നൽകുന്നതിനെ എതിർത്തതിന്റെ പേരിൽ താൻ അവഗണിക്കപ്പെട്ടതായി ആ കത്തിൽ പറയുന്നു. മദ്രാസ് ഹൈക്കോടതിയിലെ മോശം പ്രതിച്ഛായയുള്ള ഒരു ജഡ്ജിയെ സുപ്രീം കോടതി ജഡ്ജിയായി നിയമിക്കാൻ സുപ്രീം കോടതി ചീഫ് ജസ്റ്റിസായ കെ.ജി. ബാലകൃഷ്ണന്റെ നേതൃത്വത്തിലുള്ള കൊളീജിയം നടത്തിയ നീക്കം തന്റെ എതിർപ്പുകൊണ്ടുമാത്രമാണ് നടക്കാതെ പോയതെന്നും ജസ്റ്റിസ് കട്ജു തന്റെ ബ്ലോഗിൽ എഴുതുകയുണ്ടായി. യു.പി.എ സർക്കാരിൽ ടെലികോം മന്ത്രിയായിരുന്ന ഡി.രാജ ടു-ജി സ്പെക്ട്രം അനുവദിച്ചതുമായി ബന്ധപ്പെട്ട് നടത്തിയ അഴിമതിയെക്കുറിച്ച് സുപ്രീം കോടതി ജഡ്ജിയായിരുന്ന ജസ്റ്റിസ് ഗോഖലെ ചീഫ് ജസ്റ്റിസായിരുന്ന കെ.ജി.ബാലകൃഷ്ണന് കത്തെഴുതിയെങ്കിലും രാജയെക്കുറിച്ച് ഒരു പരാമർശം പോലും നടത്താതെയുള്ള മറുപടിയാണ് ജസ്റ്റിസ് ബാലകൃഷ്ണൻ നൽകിയത്. ജസ്റ്റിസ് ബാലകൃഷ്ണന്റെ പദവി ദുരുപയോഗം ചെയ്ത് അദ്ദേഹത്തിന്റെ മകനും മരുമകനും വൻതോതിൽ സ്വത്ത് സമ്പാദിച്ചത് കേരളത്തിൽ വലിയ ഒച്ചപ്പാടിന് ഇടയാക്കിയിട്ടുണ്ട്. മൊറാർജി ദേശായി മന്ത്രിസഭയിൽ നിയമമന്ത്രിയായിരുന്ന പ്രമുഖനായ അഭിഭാഷകനും സുപ്രീം കോടതി ജഡ്ജിയുമായിരുന്ന ശാന്തിഭൂഷൺ 2010 ൽ സമർപ്പിച്ച ഒരു സത്യവാങ്മൂലത്തിൽ പറയുന്നത് 16 മുൻ ചീഫ് ജസ്റ്റിസുമാരിൽ പകുതിപ്പേരും അഴിമതിക്കാരായിരുന്നു എന്നാണ്. അലഹബാദ് ഹൈക്കോടതിയിൽ അഴിമതി നടമാടുന്നതായി സുപ്രീം കോടതി ജഡ്ജിമാർ തന്നെ പരാമർശിച്ചിട്ടുണ്ട്. ജസ്റ്റിസ് കട്ജുവും ജസ്റ്റിസ് ജ്ഞാനസുധ മിത്രയുമുൾപ്പെട്ട സുപ്രീം കോടതി ഡിവിഷൻ ബെഞ്ച് അന്ന് അഭിപ്രായപ്പെട്ടത് ആ ഹൈക്കോടതിയിൽ ജഡ്ജിമാരുടെ ബന്ധുക്കളായ അഭിഭാഷകർ അനുകൂലമായ വിധികൾ സമ്പാദിക്കുന്നുവെന്നും അതുവഴി വൻതോതിൽ പണം സമ്പാദിക്കുന്നുവെന്നുമാണ്. ഇത്തരം സംഭവങ്ങൾ സൃഷ്ടിച്ച ഒരു ദയനീയസ്ഥിതിയിലാണ് രാഷ്ട്രീയവും ഉദ്യോഗസ്ഥ സംവിധാനവും മാത്രമല്ല, ജുഡീഷ്യറിയും അഴിമതിയുടെ പിടിയിലാണെന്ന് പറയാൻ ജസ്റ്റിസ് സിംഘ്വി നിർബന്ധിതനായത്.

എന്നിട്ടും അഴിമതിക്കും അപചയത്തിനും ഒരു കുറവുമുണ്ടായില്ല. പല എം.പിമാരും എം.എൽ.എമാരുമൊക്കെ ഇതിന് ഉത്തമ ഉദാഹരണങ്ങളാണ്. അറിയപ്പെടുന്ന കുറ്റവാളികൾ, വലിയ കുംഭകോണങ്ങളിലും തിരിമറികളിലുമൊക്കെ പങ്കാളികളായവർ തെരഞ്ഞെടുപ്പിൽ വിജയിച്ചുവരുന്നു. സുപ്രധാനമായ കോടതി ഉത്തരവുകൾ പോലും ലംഘിച്ച് അവർ നിയമവാഴ്ചയെ പരിഹസിക്കുന്നു. ജനങ്ങളെ അലട്ടുന്ന ചോദ്യമിതാണ്: പേരിനെങ്കിലും നിലവിലുള്ള നിയമവാഴ്ചയെ ആരു കാത്തുപുലർത്തും, ഈ ഉന്നതന്മാരെ ആര് നിയമത്തിന്റെ മുന്നിൽ കൊണ്ടുവരും? അഴിമതിക്കെതിരായ ജനവികാരം സമരരൂപം കൈക്കൊള്ളുന്ന സന്ദർഭങ്ങളിൽ, കോടതികൾ ചിലപ്പോൾ അത്യുത്സാഹം കാട്ടുകയും നിയമനിർമ്മാണ സഭയുടെ അധികാരങ്ങളിൽ കൈകടത്തുകയും ചെയ്യും. ഇത് ജനാധിപത്യത്തിന്റെ അടിസ്ഥാന ധാരണയായ അധികാര വിഭജനത്തിന് എതിരായ സമീപനമാണ്, അധികാര ദുർവിനിയോഗമാണ്. എന്നാൽ കോടതികളുടെ അധികാര പരിധിയിൽ നിന്നുകൊണ്ട് പൊതുതാൽപര്യാർത്ഥം നടത്തുന്ന വിധി പ്രസ്താവങ്ങളെ ജനങ്ങൾ സ്വാഗതം ചെയ്യാറുണ്ട്. എന്നാൽ, അഴിമതിക്കെതിരെയും മറ്റും ചിലപ്പോഴുണ്ടാകുന്ന ഇത്തരം നിലപാടുകൾ, പഴകി ദ്രവിച്ച ബൂർഷ്വാ ജനാധിപത്യത്തിൽ വ്യാമോഹം നിലനിർത്താൻ ഇടയാക്കുകയും ചെയ്യും. ഇതാകട്ടെ, മുതലാളിത്ത വ്യവസ്ഥയെ, അതിന്റെ അഴിമതിയുൾപ്പെടെയുള്ള എല്ലാ തിന്മകളോടും കൂടി സംരക്ഷിച്ചു നിർത്താൻ സഹായമാകുകയേയുള്ളുതാനും.

### കൊളീജിയം സമ്പ്രദായം: ഭരണസംവിധാനത്തിന്റെ കൈകടത്തലിന് തടയിടുന്നു.

ഇത്തരമൊരു പശ്ചാത്തലത്തിലാണ് കൊളീജീയം സമ്പ്രദായം ഉടലെടുത്തത്.'മൂന്ന് ജഡ്ജിമാരുടെ കേസുകൾ' എന്നറിയപ്പെടുന്ന മൂന്ന് സുപ്രീം കോടതി വിധികളാണ് ഇതിലേക്ക് നയിച്ചത്. 1981 ലെ ആദ്യ ജഡ്ജിയുടെ കേസിൽ, "ജഡ്ജിയെ നിയമിക്കാനുള്ള പൂർണ്ണ അധികാരം കേന്ദ്രഗവണ്മെന്റിൽ നിക്ഷിപ്തമാണെ"ന്നും ആവശ്യമെന്ന് തോന്നുന്ന പക്ഷം "ഭരണഘടനാ ചുമതലകൾ നിറവേറ്റുന്നവർ" എന്ന നിലയിൽ ചീഫ് ജസ്റ്റിസിനോടും സുപ്രീം കോടതിയോടും മറ്റും ആലോചിക്കാം എന്നുമായിരുന്നു വിധി. ഇപ്രകാരം ഗവണ്മെന്റിന്റെ ശക്തമായ സ്വാധീനം നിലനിൽക്കുമ്പോഴായിരുന്നു 1993 ൽ രണ്ടാമത്തെ ജഡ്ജിയുടെ കേസിലെ വിധി. ഈ കേസിൽ സുപ്രീം കോടതി ആദ്യ കേസിലെ വിധി അസാധുവാക്കുകയും ജഡ്ജി നിയമനത്തിൽ ചീഫ് ജസ്റ്റിസിന് പ്രഥമസ്ഥാനം നൽകുകയും കാര്യങ്ങൾ നേരെയാണ് നടക്കുന്നതെന്ന് ഉറപ്പാക്കുന്ന ഭരണഘടനാപരമായ ചുമതല മാത്രം ഗവണ്മെന്റിന് അനുവദിക്കുകയും ചെയ്തു. ഇതുപ്രകാരമാണ് കൊളീജിയം സമ്പ്രദായം ആരംഭിച്ചത്. അതിന്റെ പ്രവർത്തന പദ്ധതി 1998 ലെ മൂന്നാം ജഡ്ജിയുടെ കേസിൽ ആവിഷ്കരിച്ചു. ഇതുപ്രകാരം ഗവണ്മെന്റിന് ഇക്കാര്യത്തിൽ യാതൊരു പങ്കുമില്ല. "ജുഡീഷ്യറിയുടെ സ്വാതന്ത്ര്യം സംരക്ഷിക്കാൻ പ്രാപ്തനായ ആൾ" ചീഫ് ജസ്റ്റിസ് ആണെന്ന് പ്രഖ്യാപിക്കപ്പെട്ടു. ജുഡീഷ്യറിയുടെ മേലുള്ള ഗവണ്മെന്റിന്റെ കൈകടത്തലിന് ഫലപ്രദമായി തടയിടുന്നതാണ് ഈ വിധി എന്നാണ് നിരീക്ഷിക്കപ്പെട്ടത്. അങ്ങനെ, ഏത് ജഡ്ജിയെ വേണമെങ്കിലും ഇംപീച്ച് ചെയ്യാൻ (സന്തുലിതാവസ്ഥ സംരക്ഷിക്കാനുള്ള ഉപാധി എന്ന നിലയിൽ) പാർലമെന്റിന് അധികാരമുണ്ടെങ്കിലും ജഡ്ജി നിയമനത്തിൽ ഫലത്തിൽ, ഗവണ്മെന്റിന് ഇടപെടാൻ യാതൊരു പഴുതും ഇല്ലാതായി.

എന്നാൽ, കൊളീജിയം സമ്പ്രദായം വന്നതുകൊണ്ടും കാര്യങ്ങൾ അവസാനിച്ചില്ല. കൊളീജിയം സമ്പ്രദായത്തിന്റെ നിഷ്പക്ഷത, കാര്യക്ഷമത, സുതാര്യത തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ച് നിരവധി ആരോപണങ്ങൾ ഉയർന്നുവന്നു. ജനങ്ങൾ ഏറെ പ്രതീക്ഷയർപ്പിക്കുന്ന ജുഡീഷ്യറിയിലെ അഴിമതിക്കഥകൾ പുറത്തുവന്നതോടെ കൊളീജിയം സമ്പ്രദായത്തിനെതിരെ വീണ്ടും വിമർശനങ്ങൾ ഉയരുകയും ലെജിസ്ലേച്ചർ-എക്സിക്യൂട്ടീവ്-ജുഡീഷ്യറി സംവിധാനത്തിന്റെ സാപേക്ഷമായ അധികാരങ്ങളെ സംബന്ധിച്ചുള്ള ചർച്ചകൾ സജീവമാകുകയും ചെയ്തു.

### പ്രതിസന്ധിഗ്രസ്തമായ മുതലാളിത്ത വ്യവസ്ഥ അനിയന്ത്രിതമായ അധികാരങ്ങൾ കൈയാളി ഫാസിസത്തിലേയ്ക്ക് ചുവടുവയ്ക്കുന്നു

മുതലാളിത്ത പ്രതിസന്ധി അങ്ങേയറ്റം രൂക്ഷമായിരിക്കുന്ന ഇക്കാലത്ത്, ഏതൊരു മുതലാളിത്ത രാജ്യത്തുമെന്നപോലെ ഇന്ത്യയിലെയും കുത്തകകളും ശക്തരായ ബഹുരാഷ്ട്ര കോർപ്പറേറ്റുകളും രാജ്യത്തെ തങ്ങളുടെ വരുതിയിൽ നിർത്താൻ ആഗ്രഹിക്കുന്നു. അവരുടെ താല്പര്യങ്ങളുടെയും പദ്ധതികളുടെയും സേവകരായി മാത്രമേ അവർ രാഷ്ട്രീയപാർട്ടികളെ കാണാൻ ആഗ്രഹിക്കുന്നുള്ളൂ. അവരുടെ ലാഭക്കൊയ്ത്തിന് ഏർപ്പാടുണ്ടാക്കുക എന്നതാണ് ഭരണത്തിന്റെ പ്രഥമ ചുമതല എന്നാണവർ കരുതുന്നത്. അതിന് ഗവണ്മെന്റും രാഷ്ട്രീയപാർട്ടികളുമൊക്കെ കൂടുതൽ ശക്തമാകണം. ഏതൊരു എതിർപ്പിനെയും ചെറുത്തുനിൽപ്പിനെയും കൈകാര്യം ചെയ്യാൻ പാകത്തിൽ കൂടുതൽ അധികാരങ്ങൾ കയ്യാളണം. കുത്തകകളുടെയും അവരുടെ ദാസന്മാരായ രാഷ്ട്രീയക്കാരുടെയും മുന്നിൽ സ്വതന്ത്രമായ ജുഡീഷ്യറി ഒരു വഴിമുടക്കിയാണ്. വിധേയരോ, ചുരുങ്ങിയ പക്ഷം നിരുപദ്രവകാരികളോ ആയ ജഡ്ജിമാരും വിധേയത്വം പുലർത്തുന്ന ജുഡീഷ്യറിയുമുണ്ടെങ്കിൽ അവർക്ക് യഥേഷ്ടം, ഒരു നീതിന്യായ പരിശോധനയ്ക്കും വഴിപ്പെടാതെ, എന്തും ചെയ്യാം. ജുഡീഷ്യറിയിൽ സംഭവിക്കുന്ന അഴിമതികൾ, അതിനെ വരുതിയിലാക്കാനും അതിന്റെ സാപേക്ഷമായ സ്വാതന്ത്ര്യം എടുത്തുകളഞ്ഞ് ഗവണ്മെന്റിന്റെ കീഴിലാക്കാനുമുള്ള അവസരമായാണ് അവർ കാണുന്നത്. എന്തൊക്കെ പരിമിതികൾ ഉണ്ടെങ്കിലും സാപേക്ഷികമായ അതിന്റെ സ്വയംഭരണാവകാശവും ജഡ്ജി നിയമനത്തിലെ കൊളീജിയം സമ്പ്രദായവുമൊക്കെ അവരുടെ മുന്നിൽ പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നു. അതുകൊണ്ടാണ് ഗവണ്മെന്റിന്റെ പൂർണ്ണനിയന്ത്രണത്തിലുള്ള ഒരു കമ്മീഷനെ നിയമിച്ച് ജുഡീഷ്യറിയുടെ അധികാരങ്ങൾ ഹനിക്കാൻ ശ്രമിക്കുന്നത്. കേവല ഭൂരിപക്ഷത്തോടെ ബിജെപി അധികാരത്തിൽ വന്നത് കുത്തകകൾക്ക് അവരുടെ പദ്ധതികൾ നടപ്പിലാക്കാൻ സുവർണ്ണാവസരമൊരുക്കിയിരിക്കുകയാണ്. സ്വന്തം താല്പര്യങ്ങൾ സംരക്ഷിക്കാനും രാജ്യത്തെ കൊള്ളയടിക്കാനുള്ള തങ്ങളുടെ പദ്ധതിക്കെതിരായ ഏത് ചെറുത്തുനിൽപ്പിനെയും നേരിടാനും ഉപരിപ്ലവമായ കാര്യങ്ങളുടെ പേരിൽ ജനങ്ങൾക്കിടയിൽ അനൈക്യം വിതയ്ക്കാനും കെല്പുള്ള സമർത്ഥനായ ഭരണാധികാരിയായാണ് മുതലാളിവർഗ്ഗം നരേന്ദ്രമോദിയെ കാണുന്നത്. മോദി ഭരണത്തിന്റെ ചുവടുപിടിച്ചുകൊണ്ട്, ജുഡീഷ്യറിക്ക് കടിഞ്ഞാണിടാനും, "അധികാര വിഭജനം" എന്ന അടിസ്ഥാന സങ്കല്പത്തെത്തന്നെ നിരാകരിച്ചുകൊണ്ട് ഗവണ്മെന്റിൽ കേവലമായ അധികാരങ്ങൾ കേന്ദ്രീകരിക്കാനുമുള്ള കരുതിക്കൂട്ടിയുള്ളതും ആസൂത്രിതവുമായ ചില പദ്ധതികൾ അരങ്ങേറുകയാണ്. എല്ലാ നീക്കങ്ങളും ഇത് ശരിവെയ്ക്കുന്നതാണ്. സുപ്രീം കോടതിയുടെ കൊളീജിയം നൽകിയ ലിസ്റ്റിൽ നിന്ന് ഗോപാൽ സുബ്രഹ്മണ്യത്തിന്റെ പേര് വെട്ടി മാറ്റിയത്, അദ്ദേഹം എഴുതിയതുപോലെ, അദ്ദേഹത്തിന്റെ മുൻനിലപാടുകളുടെ പേരിൽ തന്നെയാണ്. വിധേയത്വം പുലർത്തുന്ന ആളല്ല അദ്ദേഹം എന്നതുകൊണ്ടാണ്. ലോക്സഭയിലും രാജ്യസഭയിലും പിന്തുണ ഉറപ്പാക്കിക്കൊണ്ട് തിടുക്കത്തിൽ ബില്ലുകൾ പാസ്സാക്കിയെടുത്ത നടപടിയാണ് അടുത്തത്. മുതലാളിവർഗ്ഗ സേവകരും അധികാരമോഹികളും അഴിമതി വീരന്മാരുമായ രാഷ്ട്രീയ പാർട്ടികളെല്ലാം ഗവണ്മെന്റിൽ കൂടുതൽ അധികാരങ്ങൾ കേന്ദ്രീകരിക്കുന്ന ബില്ലിന് പിന്തുണ നൽകി. ദേശീയ തലത്തിൽ ഒരു ചർച്ചയ്ക്കും അവസരമുണ്ടായില്ല. കാര്യമായ ഒരഭിപ്രായപ്രകടനവും സംവാദവും ഉണ്ടായില്ല. കുത്തകകൾ ഉണ്ടാക്കിക്കൊടുത്ത തെരഞ്ഞെടുപ്പ് വിജയത്തിന്റെയും പാർലമെന്റിലെ ഭൂരിപക്ഷ പിന്തുണയുടെയുമൊക്കെ ബലത്തിൽ എല്ലാം ആസൂത്രിതമായി അരങ്ങേറുകയായിരുന്നു. ജനാഭിപ്രായമാണ് പ്രഥമമെന്ന് ഒരിക്കൽ ഉദ്ഘോഷിച്ച പാർലമെന്ററി ജനാധിപത്യത്തിന്റെ അടിസ്ഥാന സങ്കല്പങ്ങൾ തന്നെ ഇവ്വിധം കാറ്റിൽപ്പറത്തപ്പെട്ടിരിക്കുന്നു.

മുൻ ചീഫ് ജസ്റ്റിസ് സദാശിവത്തെ കേരള ഗവർണ്ണറായി നിയമിച്ച നടപടി തന്നെ ഭാവിപദ്ധതികളെക്കുറിച്ചുള്ള സൂചന തരുന്നുണ്ട്. ഗവണ്മെന്റ് ഇതിനോട് പ്രതികരിച്ച രീതിയാണ് ഏറ്റവും പ്രാധാന്യമർഹിക്കുന്നത്. നിയമിക്കപ്പെടുന്നയാൾ യോഗ്യനാണെങ്കിൽ പ്രശ്നമില്ല. സുപ്രീം കോടതിയുടെ ഒരു ബെഞ്ചിൽ അംഗമായിരുന്നുകൊണ്ട് അമിത്ഷായ്ക്കെതിരായ രണ്ടാമത്തെ എഫ്ഐആർ റദ്ദാക്കിയത് തികച്ചും നിയമപരമായിട്ടായിരുന്നുവെങ്കിൽ അതിലും തെറ്റില്ല, അത് അമിത്ഷായ്ക്ക് വലിയ ആശ്വാസമായി എങ്കിൽപ്പോലും. ഇവ്വിധം റിട്ടയർ ചെയ്യുന്ന ജഡ്ജിമാരെ പ്രലോഭിപ്പിക്കുന്ന തസ്തികകളിൽ, അത് താഴ്ന്ന റാങ്കിലാണെങ്കിലും, നിയമിക്കുന്നത് തന്നെ ജുഡീഷ്യറിയുടെ സ്വാതന്ത്ര്യം അപകടപ്പെടുത്തുന്ന നടപടിയാണ്. സിറ്റിംഗ് ജഡ്ജിമാർ, റിട്ടയർമെന്റിനുശേഷം ലഭിക്കാനിടയുള്ള സ്ഥാനമാനങ്ങൾ പ്രതീക്ഷിച്ച്, ഗവണ്മെന്റിനോട് വിധേയത്വം പുലർത്തുകയോ, ഗവണ്മെന്റിന് അനുകൂലമായോ ചുരുങ്ങിയപക്ഷം നിരുപദ്രവകരമായോ നിലപാടെടുക്കുകയോ ഒക്കെ ചെയ്യാൻ ഇത് പ്രേരണയാകും.

### അഴിമതിക്ക് തടയിടാൻ സംഘടിത ജനമുന്നേറ്റത്തിനേ കഴിയൂ.

ഭൂതകാലത്തിന്റെ അവശേഷിപ്പ് എന്ന നിലയിൽ നിലനിന്നിരുന്ന ജുഡീഷ്യറിയുടെ സാപേക്ഷമായ സ്വാതന്ത്ര്യം പോലും നഷ്ടമാകുന്നു എന്ന ദുര്യോഗമാണ് ഇന്ത്യൻ ജനാധിപത്യം ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്നത്. ജുഡീഷ്യറിയിലെ അഴിമതി ന്യായീകരിക്കാവുന്നതല്ല. ബൂർഷ്വാ ജനാധിപത്യമൂല്യങ്ങൾ അപ്രത്യക്ഷമാകുകയും തൽസ്ഥാനത്ത് ഭരണപരമായ ഫാസിസത്തിന്റെ ദുശ്ശകുനങ്ങൾ കാണുകയും ചെയ്യുമ്പോൾ അതിനെതിരെ നിലകൊള്ളുക എന്നതാണ് ജുഡീഷ്യറി ചെയ്യേണ്ടത്. ജീർണ്ണമായ മുതലാളിത്ത വ്യവസ്ഥ തന്നെയാണ് അഴിമതിക്ക് ജന്മം നൽകുന്നത് എന്ന് മനസ്സിലാക്കണം. സംഘടിതവും നിരന്തരവുമായ ജനകീയ മുന്നേറ്റങ്ങൾ വളർത്തിയെടുത്തുകൊണ്ടേ അഴിമതിക്കും ജീർണ്ണതക്കുമൊക്കെ തടയിടാനാകൂ എന്ന വസ്തുത മുതലാളിത്ത വ്യവസ്ഥയ്ക്കെതിരെ വിപ്ലവപ്പോരാട്ടം നടത്തുന്ന എസ്.യു.സി.ഐ (കമ്മ്യൂണിസ്റ്റ്) പാർട്ടി നിരന്തരം ചൂണ്ടിക്കാട്ടുന്നുണ്ട്. സംഘടിതമായ ജനകീയ മുന്നേറ്റത്തിലൂടെ ജനങ്ങളുടെ ഉന്നതമായ മൂല്യങ്ങളുടെ അടിത്തറയിലുള്ള ജാഗ്രതയും കരുത്തും പ്രദർശിപ്പിക്കാൻ കഴിഞ്ഞ സന്ദർഭങ്ങളിലൊക്കെ അഴിമതിക്കും അവകാശനിഷേധത്തിനും ജനാധിപത്യവിരുദ്ധ നീക്കങ്ങൾക്കുമൊക്കെ ഒരു പരിധിവരെ തടയിടാൻ കഴിഞ്ഞിട്ടുണ്ട് എന്നത് തെളിയിക്കപ്പെട്ട കാര്യമാണ്. ജുഡീഷ്യറിയുടെ അധികാരങ്ങൾ വെട്ടിക്കുറയ്ക്കാനും അതിനെ ഫലത്തിൽ കുത്തകകളുടെ ചട്ടുകമാക്കിത്തീർക്കാനുമുള്ള നീക്കങ്ങൾക്കെതിരെ വർദ്ധിതവീര്യത്തോടെ ആഞ്ഞടിക്കേണ്ട സന്ദർഭമാണിത്. അത്തരമൊരു ജനകീയ മുന്നേറ്റത്തിന്റെ അഭാവത്തിൽ അധികാരശക്തികളുടെ അഴിഞ്ഞാട്ടമാണുണ്ടാവുക. ജുഡീഷ്യറിയെ വിധേയത്വത്തിലാക്കാനുള്ള കുടിലനീക്കങ്ങൾ ഏകപക്ഷീയമായി വിജയിക്കുക എന്നതായിരിക്കും ഇതിന്റെ പ്രത്യാഘാതം. ജുഡീഷ്യൽ അപ്പോയിന്റ്മെന്റ്സ് കമ്മീഷന്റെ നിയമനത്തിൽ പതിയിരിക്കുന്ന അപകടം ഇതാണ്.

●

## നികുതി– ചാർജ്ജ് വർദ്ധനവുകൾ

# എൽഡിഎഫിന്റെ നികുതി നിഷേധ സമരമെന്ന കപടനാടകം

*(1-ാം പേജിൽ നിന്ന്)*

ഓരോ പൗരനും സർക്കാരിനുവേണ്ടി 25,000 രൂപയുടെ കടക്കാരനാണ്. ആളോഹരി കടത്തിന്റെ കാര്യത്തിൽ രാജ്യത്തെ ഏറ്റവും ഉയർന്ന തുക ഇപ്പോൾ കേരളത്തിലാണ്. 2000-ാമാണ്ടിൽ സംസ്ഥാനത്തിന്റെ പൊതുകടം 20,176 കോടി രൂപ മാത്രമായിരുന്നു. വെറും 15 വർഷംകൊണ്ട് ഒരു ലക്ഷം കോടി രൂപയുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. എഴുപതുകളിൽ സാപേക്ഷസ്ഥിരത ഉണ്ടായിരുന്ന ഒരു സംസ്ഥാനം ഇത്രയും ഭീമമായ കടക്കെണിയിൽ അകപ്പെട്ടതെങ്ങിനെയാണ്? ആരാണ് ഇതിനുത്തരവാദി? ജനങ്ങളുടെ നികുതിപ്പണത്തിന്റെ സിംഹഭാഗവും പലിശ ഒടുക്കാൻ നീക്കിവയ്ക്കേണ്ട സ്ഥിതി ഉണ്ടാക്കിയത് ആരാണ്? സംസ്ഥാനം ഊഴം വച്ച് ഭരിച്ച ഇടതു-വലതു മുന്നണികളാണ് ഗുരുതരമായ ഈ പ്രതിസന്ധിയുടെ ഉത്തരവാദികൾ. ഇപ്പോൾ നികുതി ബഹിഷ്കരണം ആഹ്വാനം ചെയ്ത് തങ്ങൾ ജനപക്ഷത്തു നിൽക്കുന്നവരാണെന്ന് വരുത്താൻ ശ്രമിക്കുന്ന ഇടതുമുന്നണി, അവരുടെ കഴിഞ്ഞ 5 വർഷത്തെ ഭരണം വഴി സംസ്ഥാന ഖജനാവിന് ഉണ്ടാക്കിയ ബാധ്യത 34,546 കോടി രൂപയുടേതാണ്. അതിനു തൊട്ടുമുമ്പ് യുഡിഎഫ് ഭരണം 22,366 കോടി രൂപയുടെ കടം സംസ്ഥാനത്തിന്റെ തലയിൽ കെട്ടിവച്ചു. ഇൻഡ്യയിലെ ഏറ്റവും ഉയർന്ന നിരക്കിലുള്ള നികുതി നൽകുന്ന കേരളത്തിലെ ജനങ്ങൾ തന്നെ വീണ്ടും ഈ പ്രതിസന്ധിയുടെ പേരിലുള്ള ഭാരവും പേറേണ്ടിവരുന്നു.

ആഗോളവൽക്കരണ നയങ്ങളുടെ തിക്തഫലങ്ങൾ ഏറ്റവുമധികം അനുഭവിക്കുന്ന സംസ്ഥാനങ്ങളിലൊന്നായ കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ കഴിഞ്ഞ 15 വർഷത്തിലേറെയായി പ്രതിസന്ധി വിട്ടൊഴിഞ്ഞിട്ടില്ല. നാൾക്കുനാൾ അത് വർദ്ധിക്കുകയാണ്. കാർഷിക-വ്യവസായ- പരമ്പരാഗത വ്യവസായ മേഖലകളുൾപ്പടെയുള്ള സമ്പത്തുൽപ്പാദനരംഗങ്ങളിൽ ഉണ്ടായ വമ്പിച്ച തകർച്ചയാണ് ഈ പ്രതിസന്ധിയുടെ പ്രധാന കാരണം. സർക്കാരിന്റെ തന്നെ പിന്തുണയോടെ മുന്നേറുന്ന ഊഹക്കച്ചവടം, അവധിവ്യാപാരം, കണ്ണഞ്ചിപ്പിക്കുന്ന വേഗത്തിൽ ഭൂമിയുടെ വില ഉയർത്തിയ റിയൽ എസ്റ്റേറ്റ് ബിസിനസ്സ്, സ്വർണ്ണക്കള്ളക്കടത്ത് തുടങ്ങിയ രംഗങ്ങളിൽ വന്ന് മറിയുന്ന കോടികൾ സർക്കാർ ഖജനാവിലേക്ക് ഒന്നും നൽകുന്നില്ല. കോർപ്പറേറ്റുകൾക്ക് വാരിക്കോരി നൽകുന്ന നികുതി ഇളവുകളും കൂടിയാകുമ്പോൾ ഖജനാവ് നിറയ്ക്കുന്ന ഭാരമപ്പാടെ സാധാരണക്കാരന്റെ തലയിൽ പതിക്കുകയാണ്.

ഈ സർക്കാരിന്റെ സാമ്പത്തിക മാനേജ്മെന്റിലെ കെടുകാര്യസ്ഥത സ്ഥിതി വളരെ വഷളാക്കിയെന്നതാണ് യാഥാർത്ഥ്യം. എട്ടു വർഷത്തിനുശേഷമാണ് സംസ്ഥാനം ഓവർഡ്രാഫ്റ്റ് നേരിടുന്നത്. സംസ്ഥാനം നേരിടുന്ന ധനപ്രതിസന്ധിയിലേയ്ക്കാണ് ഇത് വിരൽചൂണ്ടുന്നത്. സർക്കാർചിലവുകൾ വരവിലും കൂടുകയും, പുറമേ നിന്ന് കടമെടുക്കേണ്ടിവരികയും, കടം അനുവദിക്കപ്പെട്ട പരിധി കടക്കുകയും ചെയ്യുമ്പോഴാണ് ഓവർഡ്രാഫ്റ്റിലേക്ക് നീങ്ങുന്നത്. 14 ദിവസത്തിനകം അധികത്തുക തിരിച്ചടയ്ക്കാനായില്ലെങ്കിൽ റിസർവ് ബാങ്കിന് ട്രഷറിപ്രവർത്തനവും ബാക്കി വായ്പകളും തടയാം. 1998-99 മുതൽ 2007-08 വരെ ഓവർഡ്രാഫ്റ്റ് സ്ഥിരം സംഭവമായിരുന്നു. തുടരുന്ന സാമ്പത്തികമാന്ദ്യവും, അതിനെ നേരിടാനുള്ള ഉത്തേജക പരിപാടികളും സാമ്പത്തികതാളം തെറ്റിക്കുന്നുണ്ടെങ്കിലും, വീണ്ടും ഓവർഡ്രാഫ്റ്റ് സ്ഥിതി സൃഷ്ടിച്ചത് ഈ സർക്കാരിന്റെ തെറ്റായ ധനകൈകാര്യ നടപടികൾ തന്നെയാണ്. ചില കണക്കുകൾ നോക്കാം.

ആസൂത്രണബോർഡിന്റെ സാമ്പത്തിക അവലോകനത്തിനനുസരിച്ചോ, വാർഷികബജറ്റിനനുസരിച്ചോ ചിലവുകൾ നിയന്ത്രിക്കുന്നതിൽ ഈ സർക്കാർ പരാജയപ്പെട്ടിരിക്കുന്നു. നികുതിയും കുടിശ്ശികകളും യഥാസമയം പിരിച്ചെടുക്കുന്നതിൽ ഗുരുതരമായ അലംഭാവമുണ്ട്. വമ്പന്മാർക്ക് വഴിവിട്ട് നൽകുന്ന അന്യായമായ ഇളവുകളും, വൻതോതിലുള്ള നികുതിച്ചോർച്ചയും ബജറ്റിൽ ലക്ഷ്യം വെച്ച വരുമാനം പോലും നേടാൻ അനുവദിക്കുന്നില്ല. ഒപ്പം, നിയന്ത്രണമില്ലാത്ത ചിലവു കൂടിയാകുമ്പോൾ റവന്യൂകമ്മിയും, ധനകമ്മിയും പരിധിക്കുമപ്പുറത്തേക്കു പോകുന്നു, പ്രതിസന്ധി സൃഷ്ടിക്കുന്നു. 2014-15 ബജറ്റിൽ പ്രതീക്ഷിച്ച റവന്യൂ കമ്മി 7132 കോടി രൂപയാണ്. എന്നാൽ ഇപ്പോഴത്തെ സ്ഥിതിയിൽ ഇത് 15000 കോടി കടന്നേക്കുമെന്ന് വിലയിരുത്തപ്പെടുന്നു. പദ്ധതിച്ചിലവുകൾ മുഴുവൻ സ്തംഭിക്കുമെന്നതാണ് ഇതിന്റെ ഫലം. 6000 കോടിയുടെ പൊതുമരാമത്ത് പ്രവർത്തനങ്ങൾ ഫണ്ടില്ലാത്തതു മൂലം സ്തംഭനത്തിലേയ്ക്കു നീങ്ങുകയാണത്രേ. ഇതിനു പുറമേ 1700 കോടി കുടിശ്ശിക കരാറുകാർക്കു കൊടുക്കാനുമുണ്ട്. ജനങ്ങളുടെമേൽ ഇപ്പോൾ അടിച്ചേൽപ്പിച്ച നിരക്കുവർദ്ധനയും നികുതികളും കൊണ്ട് സമാഹരിക്കാൻ ഉദ്ദേശിക്കുന്ന 4000 കോടി കൊണ്ട് പ്രതിസന്ധി മറികടക്കുമോ? ഒരിക്കലുമില്ല. ഈ സർക്കാരിന്റെ സമീപനവും നയവുമാണ് മാറ്റേണ്ടത്.

സംസ്ഥാനത്ത് 32326 കോടിയുടെ നികുതി കുടിശ്ശിക പിരിച്ചെടുക്കാനുണ്ടെന്നാണ് കണക്ക്. ഇതിൽ 9300 കോടിയുടെ കാര്യത്തിൽ കേസ് നടക്കുകയാണ്. പക്ഷേ ബാക്കി 23026 കോടി എന്തുകൊണ്ട് പിരിച്ചെടുക്കുന്നില്ല? കെഎസ്ഇബിക്കും വാട്ടർ അതോറിട്ടിക്കും കോടികളുടെ കുടിശ്ശികയാണ് വമ്പന്മാരടക്കം നൽകാനുള്ളത്. ഇത് പിരിച്ചെടുക്കാൻ നടപടിയെടുക്കാതെയാണ് ജനങ്ങളുടെ മേൽ ഭാരം കെട്ടിവെക്കുന്നത്. ഇപ്പോഴത്തെ നീക്കത്തിനു പിന്നിൽ സർക്കാരിനു പല ദുരുദ്ദേശ്യങ്ങളുമുണ്ടെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ജനരോഷം ഭയന്ന് നടപ്പാക്കാതെ മാറ്റിവെച്ചിരിക്കുന്ന പല മുതലാളിത്താനുകൂല ജനവിരുദ്ധ നടപടികളും സാമ്പത്തികപ്രതിസന്ധിയുടെ പേരിൽ നടപ്പാക്കാം. അതിന്റെ ആദ്യപടിയല്ലേ ഇതെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. രണ്ടാമതായി, നികുതിസംവിധാനത്തെ അഴിമതിക്കുള്ള കറവപ്പശുവായി മാറ്റിയിരിക്കുന്നതായി നമുക്കു കാണാം. ഇല്ലെങ്കിൽ, സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതിയുടെ യഥാർത്ഥ ചിത്രം വെളിപ്പെടുത്തി ധവളപത്രമിറക്കാനോ, നിയമസഭ ചേർന്ന് ചർച്ച ചെയ്യാനോ, സർക്കാർ മടിക്കുന്നതെന്തിനാണ്? പൊതുജനമദ്ധ്യത്തിൽ ഒട്ടും വിശ്വാസ്യതയില്ലാത്തവരായി മുഖ്യമന്ത്രിയും മന്ത്രിമാരും മാറിക്കഴിഞ്ഞു. ഇനി ഇപ്പോഴത്തെ ഓവർഡ്രാഫ്റ്റ് സൃഷ്ടിക്കാൻ ഒരു കാരണം കൂടിയുണ്ട്. ട്രഷറിയെ ഫലപ്രദമായി ഉപയോഗിച്ചും ട്രഷറി സേവിംഗ്സ് ബാങ്ക് ശക്തിപ്പെടുത്തിയും ഖജനാവിൽ കൂടുതൽ പണം നിലനിർത്തുന്ന അവസ്ഥ സൃഷ്ടിക്കുന്നതിന് പകരം ഈ സർക്കാർ ട്രഷറി സംവിധാനത്തെത്തന്നെ ദുർബലപ്പെടുത്തുകയാണ് ചെയ്തത്. സർക്കാർ ഏജൻസികളുടെയും വകുപ്പുകളുടെയും പണം ട്രഷറിയിൽ നിന്നും പിൻവലിച്ച്, സ്വകാര്യമേഖലയിലടക്കമുള്ള ബാങ്കുകളിൽ നിക്ഷേപിക്കാൻ സർക്കാർ അനുവദിച്ചു. എന്തിന് വേണ്ടിയായിരുന്നു അത്? ആരുടെ താൽപ്പര്യമായിരുന്നു അതിന് പിന്നിൽ? ഇപ്പോൾ ആ പണം തിരിച്ചെത്തിക്കാൻ പാടുപെടുകയാണ് സർക്കാർ.

മറുവശത്ത്, അച്ചടക്കമില്ലാത്ത ഭരണവും ധൂർത്തും മൂലം കുതിച്ചുയരുന്ന ഭരണച്ചെലവ്. ബജറ്റിനെ നോക്കുകുത്തിയാക്കി, സങ്കുചിത രാഷ്ട്രീയതാൽപ്പര്യങ്ങൾ മാത്രം നോക്കി, യാതൊരു ദീർഘവീക്ഷണവുമില്ലാതെ, പുതിയ താലൂക്കുകൾ, കോളേജുകൾ, ചോദിക്കുന്നവർക്കെല്ലാം പ്ലസ്ടൂ സ്കൂളുകൾ, പിൻവാതിൽ നിയമനങ്ങൾ. സംസ്ഥാനത്തിനുമേൽ കെട്ടിവെക്കപ്പെട്ട 21 മന്ത്രിമാർക്കു പുറമേ, ജനങ്ങൾക്ക് യാതൊരു പ്രയോജനവുമില്ലാത്ത ക്യാബിനറ്റ് സ്ഥാനീയർ അസംഖ്യം. ഇതിൽ, ചീഫ് വിപ്പു പോലുള്ളവർ മാത്രമല്ല, അഴിമതിക്കേസിൽ സുപ്രീംകോടതി തടവുശിക്ഷക്കു വിധിക്കുകയും, ഈ സർക്കാർ വഴിവിട്ട രീതിയിൽ മോചിപ്പിക്കുകയും ചെയ്ത ബാലകൃഷ്ണപിള്ളയുമുണ്ട് – മുന്നോക്കക്ഷേമ കോർപ്പറേഷൻ ചെയർമാനെന്ന പേരിൽ. ധൂർത്തിൽ ഒന്നിനൊന്നു മൽസരിക്കുന്ന ഇവരെയൊക്കെ നിലനിർത്താൻ കോടികളാണ് ഖജനാവിൽ നിന്നും ചെലവിടേണ്ടത്. 30 പേരാണ് ഓരോരുത്തരുടേയും സ്റ്റാഫിൽ. ഉദ്യോഗസ്ഥ തലത്തിലുള്ള ധൂർത്ത് വേറെ. ഒരു വനിതാ എഡിജിപി കുടുംബസമേതം – വളർത്തുനായയടക്കം, സർക്കാർ വാഹനങ്ങളിൽ പോലീസ് എസ്കോർട്ടോടെ, അവധി ആഘോഷത്തിനും ഷോപ്പിംഗിനും പോയത് വാർത്തയായിട്ടും, സർക്കാർ വിശദീകരണം പോലും ചോദിച്ചില്ല. എങ്ങനെ ചോദിക്കും, മോന്തായം വളഞ്ഞാൽ കഴുക്കോലും വളയും. മേൽത്തട്ടിലെ ഇത്തരം ധൂർത്ത് ഒഴിവാക്കുന്നതിന് പകരം, നിയമനനിരോധനവും കരാർ തൊഴിലാളികളെ ഒഴിവാക്കുന്നതും പോലുള്ള നടപടികൾക്കാണ് സർക്കാർ മുതിരുന്നത്. ഭരിക്കുന്നവരുടെ ധൂർത്തിന്റെ ഭാരം ജനങ്ങളുടെ മേൽ കെട്ടിവെക്കാൻ നോക്കുന്നത് എന്ത് മര്യാദകേടാണ്.

പുതിയ മദ്യനയമാണ് പ്രതിസന്ധിയുണ്ടാക്കുന്നതെന്ന പ്രതീതി സൃഷ്ടിക്കാനും ചിലർ ശ്രമിക്കുന്നുണ്ട്. ബാറുകൾ അടച്ചുപൂട്ടിയാൽ 1800 കോടിയുടെ വരുമാന നഷ്ടമാണ് ധനവകുപ്പു കണക്കുകൂട്ടുന്നത്. ഇതിലൊരു പങ്ക് ബിവറേജസ് കോർപ്പറേഷൻ വഴി തിരിച്ചുപിടിക്കും എന്നത് ഒഴിവാക്കിയാലും, നമ്മുടെ നികുതികുടിശ്ശികയുമായി താരതമ്യം ചെയ്യുമ്പോൾ എത്ര കുറവാണിത്. യുഡിഎഫ് സർക്കാർ നികുതി നിരക്കുകളും ഏതാണ്ടെല്ലാ ചാർജ്ജുകളും വർദ്ധിപ്പിച്ചിട്ടും (വാറ്റ് നികുതി – 4% വാറ്റ് 5% ആക്കി, 12.5% വാറ്റ് 14.5% ആക്കി), തുണിക്ക് അടക്കം പുതിയ നികുതികൾ കൊണ്ടുവന്നിട്ടും, 10% മാത്രം വരുമാന വർദ്ധനവ്. അതായത്, ജനങ്ങളുടെ കൈയിൽ നിന്നും കച്ചവടക്കാർ പിരിച്ചെടുക്കുന്ന വർദ്ധിതനികുതി ഖജനാവിലെത്തുന്നില്ല. ഇതുറപ്പാക്കാതെ, വീണ്ടും നികുതി അടിച്ചേൽപ്പിക്കുന്നതിനെന്തു ന്യായം? ഇപ്പോൾത്തന്നെ, ഇക്കൊല്ലം വായ്പയെടുക്കാൻ അനുവദിക്കപ്പെട്ടിട്ടുള്ള 14000 കോടി രൂപയിൽ 6900 കോടി ഓണത്തിനു മുമ്പേ എടുത്തു കഴിഞ്ഞു. പക്ഷേ പദ്ധതിച്ചെലവ് 1000 കോടിയിൽ താഴെ മാത്രം. ഇത് കേവലം സാമ്പത്തികപ്രയാസമല്ല, പ്രതിസന്ധി തന്നെയാണ്. എന്നാൽ ഈ പ്രതിസന്ധി സർക്കാർ തന്നെ സൃഷ്ടിച്ചെടുത്തതാണ്. പ്രത്യേകിച്ചും, മാടമ്പിശൈലിയിൽ, ജനാധിപത്യമര്യാദകളെ കാറ്റിൽപ്പറത്തി, കൂടിയാലോചനകളോ ദീർഘവീക്ഷണമോ ഇല്ലാതെ, തികച്ചും വ്യക്തിപരമായി പ്രവർത്തിക്കുന്ന മുഖ്യമന്ത്രിക്കും, സാമ്പത്തികമാനേജ്മെന്റിന്റെ താളം തെറ്റിച്ച്, നികുതിപിരിവ് സമ്പ്രദായത്തെ തകർത്ത ധനകാര്യവകുപ്പുമന്ത്രിക്കും അതിന്റെ ഉത്തരവാദിത്തത്തിൽ നിന്ന് ഒഴിഞ്ഞുനിൽക്കാനാവില്ല.

**ഖജനാവ് തുറക്കുന്നത് ജനങ്ങൾക്കു വേണ്ടിയല്ല, സ്വകാര്യമുതലാളിമാർക്ക് വേണ്ടി**

തികഞ്ഞ കാപട്യവും ജനവഞ്ചനയും ഈ സർക്കാരിന്റെ സ്വഭാവമായി മാറിയിരിക്കുന്നു. അതു തന്നെയാണ് സാമ്പത്തികരംഗത്തും ആവർത്തിക്കുന്നത്. കുടിശ്ശിക പിരിച്ചെടുക്കാതെ ജനത്തിനുമേൽ കൂടുതൽ ഭാരം കെട്ടിവെക്കുന്നതിൽ മാത്രമല്ല വഞ്ചന. കാലാവധി കഴിഞ്ഞിട്ടും, കരാർ വ്യവസ്ഥകൾ ലംഘിച്ചിട്ടും തിരിച്ചെടുക്കാതെ ആയിരക്കണക്കിന് ഏക്കർ ഭൂമി വൻകിടക്കാർക്ക് കണ്ണടച്ചു വിട്ടുകൊടുത്തിരിക്കുന്ന സർക്കാർ ആദിവാസികളടക്കമുള്ള ഭൂരഹിതർക്ക് വാഗ്ദാനങ്ങൾ മാത്രം നൽകി അവരെ വഞ്ചിക്കുന്നു. സംസ്ഥാനമൊട്ടാകെ തകർന്നു കിടക്കുന്ന റോഡുകൾ നന്നാക്കാനോ, കെഎസ്ആർടിസിക്കു വേണ്ടി മുടക്കാനോ സർക്കാരിനു പണമില്ല. 15000 കോടിയുടെ അതിവേഗ റെയിൽപ്പാതയാകാം. സാധാരണക്കാരന് നിർലോപം വാഗ്ദാനങ്ങൾ മാത്രം നൽകുന്നു, അണിയറയിൽ മുതലാളിമാർക്ക് വാരിക്കോരി ആനുകൂല്യങ്ങളും. ക്ഷേമപെൻഷനുകൾ വിതരണം ചെയ്ത് ഏറ്റവും അശരണരായ ജനങ്ങൾക്ക് ആശ്വാസം നൽകാൻ ഓണക്കാലത്തുപോലും ഈ സർക്കാരിനു കഴിഞ്ഞില്ല. ഉൽസവവേളകളിൽ വേണ്ടത്ര ന്യായവിലച്ചന്ത പ്രവർത്തിപ്പിക്കുക എന്ന മിനിമം ഉത്തരവാദിത്തം പോലും നിറവേറ്റാൻ ഈ സർക്കാർ തയ്യാറായില്ല. കേരളത്തിലെ സർക്കാരാശുപത്രികളിൽ അവശ്യം വേണ്ട മരുന്നുകൾ പോലും ലഭ്യമല്ലാതായിരിക്കുന്നു. എൻഡോസൾഫാൻ ദുരിതബാധിതർക്കും വിദ്യാഭ്യാസവായ്പയെടുത്ത് നട്ടം തിരിയുന്നവർക്കും ഒക്കെ തങ്ങളുടെ അതിജീവനത്തിനായി വീണ്ടും വീണ്ടും സമരരംഗത്ത് ഇറങ്ങേണ്ടിവരുന്നു.

സർക്കാരിന്റെ തുടക്കകാലത്ത്, തനിക്ക് ജനകീയപ്രതിച്ഛായ സൃഷ്ടിച്ചെടുക്കാനായി മുഖ്യമന്ത്രി ജനസമ്പർക്കപരിപാടി എന്ന മേള നടത്തിയിരുന്നു. കേവലം വില്ലേജ് ഓഫീസിൽ തീർപ്പാക്കേണ്ട കാര്യങ്ങൾ പോലും പിടിച്ചുവച്ച്, ഈ പരിപാടിയിലൂടെ മുഖ്യമന്ത്രി നേരിട്ടു തീർപ്പാക്കുന്ന രീതിയായിരുന്നു. പഴയ രാജാക്കന്മാരുടെ ശൈലിയിൽ മുഖ്യമന്ത്രി പരാതികൾ കേൾക്കുന്നു, യാതൊരു മാനദണ്ഡവുമില്ലാതെ സഹായങ്ങൾ പ്രഖ്യാപിക്കുന്നു. ജനത്തെ യാചകരാക്കി തന്റെ മുന്നിൽ കൊണ്ടുവന്ന് സ്വന്തം പ്രതിച്ഛായ മെച്ചപ്പെടുത്താൻ വേണ്ടി നടത്തിയ ഈ കസർത്ത്, വാസ്തവത്തിൽ സംസ്ഥാനത്തിന്റെ ഭരണരംഗത്തും സാമ്പത്തികരംഗത്തും ദോഷങ്ങളാണ് സൃഷ്ടിച്ചത്. ജനസമ്പർക്കത്തിലെ തട്ടിപ്പ് ഇന്ന് ജനങ്ങൾക്കും ഏറെക്കുറേ ബോദ്ധ്യപ്പെട്ടു.

ദീർഘവീക്ഷണത്തോടെ, ജനങ്ങളുടെ താല്പര്യങ്ങൾ മുൻനിർത്തി ഭരിക്കുന്നതിനു പകരം, ഇങ്ങനെ സങ്കുചിതമായ വ്യക്തിതാല്പര്യങ്ങളും, മുതലാളിമാരുടേയും മാഫിയകളുടേയും സമുദായനേതൃത്വങ്ങളുടെയും മാത്രം താല്പര്യസംരക്ഷണത്തിലൂന്നിയുള്ള ഭരണമാണ് നടന്നത്. ഇപ്പോൾ പ്രഖ്യാപിച്ച നടപടികളുടെയും യഥാർത്ഥസ്വഭാവം ഇതാണെന്ന് നാം തിരിച്ചറിയണം. വെള്ളക്കരം വർദ്ധിപ്പിച്ച നടപടി നോക്കാം. ജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം ഉറപ്പാക്കുക എന്നത് ഉത്തരവാദിത്തമുള്ള സർക്കാരിന്റെ കടമയാണ്. എന്നാൽ ഭൂരിപക്ഷം മേഖലകളിലും ഇത് ഉറപ്പാക്കാൻ അധികാരികൾക്ക് കഴിഞ്ഞിട്ടില്ല. ഇത് ചെയ്യേണ്ട വാട്ടർ അതോറിറ്റിയെ കാര്യക്ഷമമാക്കുകയും, ആവശ്യത്തിനു തുക അനുവദിച്ച് ഈ ചുമതല ഉത്തരവാദിത്തത്തോടെ നടപ്പാക്കുകയും ചെയ്യുന്നതിനു പകരം, ഉത്തരവാദിത്തം തന്നെ കയ്യൊഴിയാനാണ് സർക്കാരുകൾ ശ്രമിക്കുന്നത്. ആഗോളവൽക്കരണ നയങ്ങളനുസരിച്ച് കുടിവെള്ള വിതരണം സർക്കാർ വിട്ടൊഴിഞ്ഞ് കമ്പോളവൽക്കരിക്കേണ്ടതുണ്ട്. ഇതിന്റെ ആദ്യപടിയായിരുന്നു ജപ്പാൻ കുടിവെള്ള പദ്ധതി പോലെയുള്ള പങ്കാളിത്തപദ്ധതികൾ. കുടിവെള്ളം എത്തിക്കേണ്ട ചെലവു മുഴുവൻ ഉപഭോക്താക്കളുടെ തലയിൽ കെട്ടിവെക്കുന്ന ഇത്തരം പദ്ധതികളിലൂടെ, കുടിവെള്ളം അവകാശമല്ല കമ്പോള വില കൊടുത്തു വാങ്ങേണ്ട വസ്തുവാണെന്ന് സ്ഥാപിക്കപ്പെടുന്നു. രണ്ടാമത്തെ ഘട്ടമാണ് ഉമ്മൻചാണ്ടി സർക്കാർ നേരത്തേ തന്നെ പ്രഖ്യാപിച്ച, പൊതു-സ്വകാര്യ പങ്കാളിത്തത്തിലുള്ള കുടിവെള്ള കമ്പനി. വാട്ടർ അതോറിറ്റിയെ ഒഴിവാക്കി ഇങ്ങനെയൊരു കമ്പനി വരുമ്പോൾ അടുത്ത ഘട്ടം, വാട്ടർ അതോറിറ്റിവിതരണം ചെയ്യുന്നതുൾപ്പെടെയുള്ള കുടിവെള്ളത്തിന്റെ സമ്പൂർണ്ണ കമ്പോളവൽക്കരണമാണ്. അതിന് കുടിവെള്ള വില മൽസരാധിഷ്ഠിതവും, ലാഭാധിഷ്ഠിതവുമാകണം. ഇതുറപ്പാക്കാൻ നിലവിലുള്ള സൗജന്യങ്ങൾ ഒഴിവാക്കുകയും വാട്ടർ അതോറിറ്റി ഈടാക്കുന്ന വില ഉയർത്തുകയും വേണം. അതിനുള്ള അവസരം നോക്കിയിരുന്ന സർക്കാർ പ്രയോഗിക്കുന്ന പ്രഥമ ടെസ്റ്റ്ഡോസാണ് ഇപ്പോഴത്തെ വിലവർദ്ധന. കുടിവെള്ളത്തിന്റെ സ്വകാര്യവൽക്കരണത്തിലൂന്നിയ ആഗോളവൽക്കരണനയങ്ങൾ നടപ്പാക്കുന്നതിൽ ഇടതുമുന്നണിയും പിന്നിലായിരുന്നില്ല. അവർ ഈ വിഷയം ഉയർത്തുകയുമില്ല.

*(ശേഷം 10-ാം പേജിൽ*

# നിർമ്മാണത്തൊഴിലാളികൾ സെക്രട്ടേറിയറ്റ് മാർച്ച് നടത്തി

സംസ്ഥാനത്തെ നിർമ്മാണ തൊഴിലാളികൾക്ക് പണിയില്ലാതെ പട്ടിണിയിലായപ്പോൾ സർക്കാർ കാണിക്കുന്ന നിസംഗത അങ്ങേയറ്റം തൊഴിലാളി വിരുദ്ധമാണെന്ന് ആൾ ഇന്ത്യ യുടിയുസി അഖിലേന്ത്യ വൈസ്പ്രസിഡന്റും സംസ്ഥാന പ്രസിഡന്റുമായ സ.സി.കെ.ലൂക്കോസ് അഭിപ്രായപ്പെട്ടു. എഐയുടിയുസിയിൽ അഫിലിയേറ്റ് ചെയ്ത കേരളാ കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയന്റെ നേതൃത്വത്തിൽ സെപ്തംബർ 30 ന് നിർമ്മാണത്തൊഴിലാളികൾ നടത്തിയ സെക്രട്ടേറിയറ്റ് മാർച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മണൽ, മെറ്റൽ തുടങ്ങിയ നിർമ്മാണ വസ്തുക്കൾക്ക് മേൽ മാഫിയാ സംഘങ്ങൾ പിടിമുറുക്കിയിരിക്കുകയാണ്. അതിന് കടിഞ്ഞാണിടാൻ സർക്കാർ ശ്രമിക്കുന്നില്ല. നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കുത്തഴിഞ്ഞ നിലയിലാണ്. ആനുകൂല്യങ്ങൾ മുഴുവൻ കാലോചിതമായി വർദ്ധിപ്പിക്കണമെന്നും അദ്ദേഹം സർക്കാരിനോടാവശ്യപ്പെട്ടു.

നിർമ്മാണ മേഖലയിലെ തൊഴിൽ സ്തംഭനം ഉടൻ പരിഹരിക്കുക, തൊഴിൽ പുനരാരംഭിക്കുംവരെ ക്ഷേമനിധിയിൽനിന്നും എല്ലാ അംഗതൊഴിലാളികൾക്കും പ്രത്യേക ധനസഹായം നൽകുക, നിർമ്മാണവസ്തുക്കളുടെ വിലക്കയററം തടയുക, ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക. മിനിമം പെൻഷൻ 2000 രൂപയാക്കി വർദ്ധിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് പാളയത്തുനിന്ന് മാർച്ച് ആരംഭിച്ചു.

യൂണിയൻ സംസ്ഥാന പ്രസിഡന്റ് ഡി. സുന്ദരേശൻ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി വി.കെ.സദാനന്ദൻ സ്വാഗതം പറഞ്ഞു. എസ്.സീതിലാൽ, പി.എം. ദിനേശൻ, എസ്. രാധാകൃഷ്ണൻ, വി.പി. കൊച്ചുമോൻ, അഡ്വക്കേറ്റ് എം.എ ബിന്ദു, സി.കെ.ശിവദാസൻ, കെ.പ്രദീപ്, പി.ആർ. സതീശൻ, ഡി.ഹരികൃഷ്ണൻ എന്നിവർ സംസാരിച്ചു. ●



കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയൻ(എഐയുടിയുസി) നടത്തിയ സെക്രട്ടേറിയറ്റ് മാർച്ച്

# ഭൂനികുതിയും വെള്ളക്കരവും സേവന നികുതികളും വർദ്ധിപ്പിച്ച യുഡിഎഫ് സർക്കാർ നടപടിക്കെതിരെ ഇടതുപക്ഷ ഐക്യമുന്നണിയുടെ പ്രതിഷേധം



എൽയുഎഫ് ആലപ്പുഴ കളക്ട്രേറ്റിലേക്ക് നടത്തിയ മാർച്ച് എസ്‌യുസിഐ(സി) സംസ്ഥാനകമ്മിറ്റിയംഗം സഖാവ് വർഗ്ഗീസ് എം.ജേക്കബ് ഉദ്ഘാടനം ചെയ്യുന്നു.



എൽയുഎഫ് എറണാകുളം ജില്ലാ കമ്മിറ്റി ആലുവയിൽ നടത്തിയ പ്രതിഷേധ മാർച്ച് എംസിപിഐ(യു) സംസ്ഥാന സെക്രട്ടറി സഖാവ് എം.രാജൻ ഉദ്ഘാടനം ചെയ്യുന്നു. സമീപം സഖാക്കൾ കെ.ആർ.സദാനന്ദൻ, ടി.കെ.സുധീർകുമാർ തുടങ്ങിയവർ.

ഭൂനികുതിയും വെള്ളക്കരവും സേവന നികുതികളും വർദ്ധിപ്പിച്ച യുഡിഎഫ് സർക്കാർ നടപടിക്കെതിരെ ഇടതുപക്ഷ ഐക്യമുന്നണിയുടെ (LUF) ആഭിമുഖ്യത്തിൽ സംസ്ഥാനവ്യാപകമായി പ്രതിഷേധ പരിപാടികൾ നടന്നു. സെപ്തംബർ 24-ന് സെക്രട്ടേറിയറ്റിന് മുന്നിൽ നടന്ന പ്രതിഷേധ ധർണ്ണ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കേന്ദ്ര കമ്മിറ്റിയംഗവും സംസ്ഥാനസെക്രട്ടറിയുമായ സഖാവ് സി.കെ.ലൂക്കോസ് ഉദ്ഘാടനം ചെയ്തു. LUF ചെയർമാനും ആർ.എം.പി സംസ്ഥാന സെക്രട്ടേറിയറ്റംഗവുമായ സ.കെ. എസ്.ഹരിഹരൻ അദ്ധ്യക്ഷത വഹിച്ചു. എംസിപിഐ(യു) നേതാവ് സ.ടി.എസ്.നാരായണൻ മാസ്റ്റർ, ആർ.എം.പി സംസ്ഥാന സെക്രട്ടറി സ.എൻ.വേണു, LUFകൺവീനറും എസ്‌യുസിഐ(സി) സംസ്ഥാനസെക്രട്ടേറിയറ്റംഗവുമായ സ.വി.വേണുഗോപാൽ, വൈസ് ചെയർമാൻ സ.കെ.ആർ.സദാനന്ദൻ, ഇതര നേതാക്കളായ സഖാക്കൾ ജയ്സൺ ജോസഫ്, സി.ശ്രീനിവാസദാസ്, ഷൈല കെ. ജോൺ, കൃഷ്ണമ്മാൾ തുടങ്ങിയവർ പ്രസംഗിച്ചു. ധർണ്ണയെത്തുടർന്ന് ആവേശോജ്ജ്വലമായ പ്രകടനവും നടന്നു ●


ഇടതുപക്ഷ ഐക്യമുന്നണി കൊല്ലത്ത് നടത്തിയ പ്രകടനവും യോഗവും എംസിപിഐ(യു) ജില്ലാ സെക്രട്ടറി രാജാദാസ് ഉദ്ഘാടനം ചെയ്യുന്നു.



ഇടതുപക്ഷ ഐക്യമുന്നണി പിറവം ടൗണിൽ സംഘടിപ്പിച് പ്രതിഷേധ ധർണ്ണ എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി ടി.കെ.സുധീർകുമാർ ഉദ്ഘാടനം ചെയ്യുന്നു.

# എൽയുഎഫ് ശിൽപ്പശാല



ഡോ.വി.എസ്.വിജയൻ വിഷയാവതരണം നടത്തുന്നു. പ്രൊഫ.എം.വി.സിറിയക്ക്, സ. കെ. എസ്.ഹരിഹരൻ, ഡോ.വി.വേണുഗോപാൽ, സ. എം.രാജൻ, ഡോ.സുകുമാരൻ നായർ തുടങ്ങിയവർ വേദിയിൽ

പശ്ചിമഘട്ടസംരക്ഷണവും ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടും എന്ന വിഷയത്തിൽ ഇടതുപക്ഷ ഐക്യമുന്നണിയുടെ ആഭിമുഖ്യത്തിൽ സെപ്തംബർ 13 ന് എറണാകുളം ശിക്ഷക്സദനിൽവച്ച് ഏകദിനശിൽപ്പശാല നടന്നു. എൽയുഎഫ് സംസ്ഥാന ചെയർമാൻ സഖാവ് കെ.എസ്.ഹരിഹരന്റെ അദ്ധ്യക്ഷതയിൽ നടന്ന ശിൽപ്പശാലയിൽ സംസ്ഥാന കൺവീനർ ഡോ.വി.വേണുഗോപാൽ സ്വാഗതം ആശംസിച്ചു. പ്രമുഖ പരിസ്ഥിതി ശാസ്ത്രജ്ഞനും മാധവ് ഗാഡ്ഗിൽ കമ്മിറ്റി യംഗവുമായ ഡോ.വി.എസ്.വിജയൻ വിഷയാവതരണം നടത്തി.

ഉമ്മൻ വി.ഉമ്മൻ കമ്മിറ്റിയംഗമായിരുന്ന പ്രൊഫ.എം.വി.സിറിയക്, ഡോ.സുകുമാരൻ നായർ എന്നിവരും വിഷയത്തെ അധികരിച്ചുകൊണ്ട് സംസാരിച്ചു. ആർഎംപി സംസ്ഥാന ചെയർമാൻ സഖാവ് ടി.എൽ.സന്തോഷ്, എംസിപിഐ(യു) സംസ്ഥാന സെക്രട്ടറി സഖാവ് എം.രാജൻ, സംസ്ഥാന കമ്മിറ്റിയംഗം കെ.ആർ.ഉണ്ണിത്താൻ, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ജി.എസ്.പത്മകുമാർ, ആലപ്പുഴ ജില്ലാ സെക്രട്ടേറിയറ്റംഗം സഖാവ് ആർ.പാർത്ഥസാരഥി വർമ്മ എന്നിവരും വിഷയത്തിന്റെ വിവിധവശങ്ങളെക്കുറിച്ച് സംസാരിച്ചു. എസ്‌യുസിഐ(സി) കേന്ദ്രകമ്മിറ്റിയംഗവും സംസ്ഥാന സെക്രട്ടറിയുമായ സഖാവ് സി.കെ.ലൂക്കോസ് അടക്കം മൂന്ന് ഘടകകക്ഷികളുടെയും സംസ്ഥാന- ജില്ലാ നേതാക്കൾ ശിൽപ്പശാലയിൽ പങ്കെടുത്തു. ●

# കൊംസമോൾ സംസ്ഥാന ക്യാമ്പ്




കൊംസമോൾ സംസ്ഥാന പഠനക്യാമ്പ് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി സഖാവ് സി.കെ.ലൂക്കോസ് ഉദ്ഘാടനം ചെയ്യുന്നു.

**എ**സ്‌യുസിഐ(സി)യുടെ ഇളം കമ്മ്യൂണിസ്റ്റ് ദളം (കൗമാരപ്രായക്കാരുടെ ദളം) ആയ കൊംസമോൾ-ന്റെ സംസ്ഥാന പഠന ക്യാമ്പ് ഒക്ടോബർ 3,4 തീയതികളിൽ ഹരിപ്പാട് മുട്ടം നേതാജി സാമൂഹ്യ-സാംസ്കാരിക പഠനകേന്ദ്രത്തിൽവച്ച് നടന്നു.

വിവിധ ജില്ലകളിൽനിന്നായി നൂറ് കൊംസമോൾ സഖാക്കൾ പങ്കെടുത്ത പഠനക്യാമ്പ് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി സഖാവ് സി.കെ. ലൂക്കോസ് ഉദ്ഘാടനം ചെയ്തു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് വി.വേണുഗോപാൽ അദ്ധ്യക്ഷത വഹിച്ചു. കൊംസമോൾ സംസ്ഥാന സെക്രട്ടറി സഖാവ് എ.റജീന സ്വാഗതം ആശംസിച്ചു.

സഖാക്കൾ വി.വേണുഗോപാൽ, ജി.എസ്.പത്മകുമാർ, ജയ്സൺ ജോസഫ്, ടി.കെ.സുധീർകുമാർ , ജന്നിഫർ എസ്. തുടങ്ങിയവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

സഖാവ് മേധ സുരേന്ദ്രനാഥ് സെക്രട്ടറിയായി പുതിയ സംസ്ഥാന കമ്മിറ്റി രൂപീകരിച്ചു.

## ഈശ്വരചന്ദ്ര വിദ്യാസാഗർ ദിനം

# ശാസ്ത്രീയ-മതേതര വിദ്യാഭ്യാസ ദിനമായി ആചരിച്ചു




**എ**ഐഡിഎസ്ഒ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കോഴിക്കോട് ടൗണിൽ നടത്തിയ ആചരണപരിപാടിയിൽ എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി സഖാവ് എ.ശേഖർ മുഖ്യപ്രഭാഷണം നടത്തുന്നു. എഐഡിഎസ്ഒ സംസ്ഥാനസെക്രട്ടേറിയറ്റംഗം സഖാവ് പി.കെ.പ്രഭാഷ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ എഐഡിവൈഒ ജില്ലാപ്രസിഡന്റ് സഖാവ് പി.എം.ശ്രീകുമാർ എഐഡിഎസ്ഒ നേതാക്കളായ സഖാക്കൾ ആർ.മാളു, എ.റഹിം, തുഷാര തോമസ് എന്നിവർ വേദിയിൽ ●



**എ**ഐഡിഎസ്ഒ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ആലുവയിൽ നടത്തിയ ആചരണ പരിപാടിയിൽ എഐഡിവൈഒ സംസ്ഥാന സെക്രട്ടറി സഖാവ് എൻ.കെ.ബിജു മുഖ്യപ്രഭാഷണം നടത്തുന്നു. എഐഡിഎസ്ഒ ജില്ലാ സെക്രട്ടറി സഖാവ് രശ്മി രവി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാ പ്രസിഡന്റ് കെ.പി.സാൽവിൻ, ജില്ലാ നേതാക്കളായ അകിൽ മുരളി, അഞ്ജലി സുരേന്ദ്രൻ എന്നിവർ വേദിയിൽ ●

# കാശ്മീർ പ്രളയ ദുരിതാശ്വാസപ്രവർത്തനം

## കേരളത്തിൽ നിന്നുള്ള മെഡിക്കൽ ടീം കാശ്മീരിൽ



ശ്രീനഗറിൽ മെഡിക്കൽ സർവ്വീസ് സെന്ററിന്റെ മെഡിക്കൽ ക്യാമ്പ്

**സെ**പ്തംബർ ആദ്യവാരം ജമ്മു-കാശ്മീരിലുണ്ടായ കനത്ത പ്രളയം ആ സംസ്ഥാനത്തെ ജനങ്ങളുടെ ജീവിതത്തിൽ കൊടിയ ദുരിതങ്ങൾ വിതച്ചപ്പോൾ എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി ദുരിതാശ്വാസപ്രവർത്തനങ്ങൾക്കായി രംഗത്തിറങ്ങി. പ്രളയദുരന്തത്തിനിരയായ കാശ്മീരി സഹോദരങ്ങളെ സഹായിക്കുക എന്ന പാർട്ടി കേന്ദ്രകമ്മിറ്റിയുടെ ആഹ്വാനം ചെവിക്കൊണ്ട് രാജ്യത്തുടനീളം പാർട്ടി പ്രവർത്തകർ ദുരിതാശ്വാസ ഫണ്ട് സമാഹരിക്കാൻ തെരുവിലിറങ്ങി. കേരളത്തിൽ സെപ്തംബർ 15 ന് എല്ലാ ജില്ലകളിലും പാർട്ടി പ്രവർത്തകർ ദുരിതാശ്വാസ നിധി സമാഹരിച്ചു. അദ്ധ്വാനിക്കുന്ന ജനങ്ങളുടെ സാഹോദര്യത്തിന്റെയും തൊഴിലാളി വർഗ്ഗ ധാർമ്മികതയുടെയും ഉദാത്ത മൂല്യങ്ങളാൽ പ്രചോദിതമായ ഈ പ്രവർത്തനത്തിൽ മനുഷ്യസ്നേഹികളായ ഏവരുടെയും അകമഴിഞ്ഞ സഹകരണമുണ്ടായി.

സമാഹരിക്കപ്പെട്ട ഫണ്ടും മരുന്നുകളും കാശ്മീരിൽ ദുരിതാശ്വാസ പ്രവർത്തനം നടത്തിവരുന്ന മെഡിക്കൽ സർവ്വീസ് സെന്ററിന്റെ കേന്ദ്രക്കമ്മിറ്റിക്ക് പാർട്ടി കേന്ദ്രക്കമ്മിറ്റി വഴി കൈമാറി.

ഡോക്ടർമാരും ആതുര ശുശ്രൂഷയുമായി ബന്ധപ്പെട്ട മറ്റ് രംഗങ്ങളിൽ പ്രവർത്തിക്കുന്നവരും ഉൾപ്പെടുന്നതും ദേശീയതലത്തിൽ പ്രവർത്തിച്ചുവരുന്നതുമായ ഒരു സന്നദ്ധസംഘടനയാണ് മെഡിക്കൽ സർവ്വീസ് സെന്റർ (എംഎസ്സി). ആതുരശുശ്രൂഷാരംഗത്തെ നൈതികത ഉയർത്തിപ്പിടിച്ചുകൊണ്ട് ഉയർന്ന പ്രതിജ്ഞാബദ്ധതയോടെ നിലകൊള്ളുന്ന ഈ പ്രസ്ഥാനം കഴിഞ്ഞ 35 വർഷമായി സജീവമാണ്. പ്രകൃതിക്ഷോഭമോ പകർച്ചവ്യാധികളോ മൂലം കഷ്ടതയനുഭവിക്കുന്ന ജനങ്ങൾക്ക് ചികിത്സയും പരിചരണവും എത്തിക്കുന്നതിൽ എംഎസ്സി മാതൃകാപരമായ പ്രവർത്തനം നടത്തിവരുന്നു. 1999-ൽ ഒറീസ്സാ തീരത്ത് ദുരന്തം വിതച്ച ചുഴലിക്കൊടുങ്കാറ്റ്, 2001-ൽ ഗുജറാത്തിലുണ്ടായ ഭൂമികുലുക്കം, 2004-2005 ൽ തമിഴ്നാട്, ആൻഡമാൻ-നിക്കോബാർ, കേരളം എന്നീ സംസ്ഥാനങ്ങളെ ബാധിച്ച സുനാമി, 2009-ലെ ഐല ചുഴലിക്കാറ്റ്, അസ്സം, ബീഹാർ, പശ്ചിമ ബംഗാൾ, മഹാരാഷ്ട്ര സംസ്ഥാനങ്ങളിൽ 1978,2000, 2004, 2006,2006, 2007, 2008 വർഷങ്ങളിലുണ്ടായ വെള്ളപ്പൊക്കം, കഴിഞ്ഞവർഷം ഉത്തരാഖണ്ഡിലുണ്ടായ പ്രകൃതിദുരന്തം എന്നീ അവസരങ്ങളിൽ എംഎസ്സി നടത്തിയ പ്രവർത്തനം എടുത്തുപറയത്തക്കതാണ്.




ശ്രീനഗറിൽ മെഡിക്കൽ സർവ്വീസ് സെന്ററിന്റെ മറ്റൊരു ക്യാമ്പ്

കേരളത്തിൽ നിന്ന് എംഎസ്സി ദേശീയ സമിതിയംഗവും സംസ്ഥാനകൺവീനറുമായ ഡോ.കെ.ഹരിപ്രസാദ്, ഡോ.ജോബി ജോസഫ്, എ.ഐ.ഡി.എസ്.ഒ സംസ്ഥാനകമ്മിറ്റിയംഗവും കോട്ടയം ജില്ലാസെക്രട്ടറിയുമായ മുഹമ്മദ് റമീസ് ഷഹസാദ് എന്നിവർ കാശ്മീരിൽ എംഎസ്സി നടത്തുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഒക്ടോബർ 7 മുതൽ വോളണ്ടിയർമാരായി പങ്കെടുത്തുവരുന്നു. ●




കാശ്മീർ പ്രളയദുരിതാശ്വാസ ഫണ്ട് ശേഖരണം കോഴിക്കോട് നഗരത്തിൽ

## നികുതി– ചാർജ്ജ് വർദ്ധനവുകൾ

(7–ാം പേജിൽ നിന്ന്)

ഇനി, ഭൂമിയുടെ ന്യായവിലയും രജിസ്ട്രേഷൻ നികുതികളും ഉയർത്തിയ തീരുമാനം നോക്കാം. കേരളത്തിലിന്നു നടക്കുന്ന നല്ലൊരുപങ്ക് ഭൂമി ഇടപാടുകളും വൻതുകയുടെ കള്ളപ്പണം മറിയുന്ന വമ്പൻ ഇടപാടുകളാണ്. അവർക്ക് ന്യായവില ഒരു പ്രശ്നമേയല്ല. നികുതി എത്ര കൂട്ടിയാലും യഥാർത്ഥമൂല്യം ഒരിക്കലും വെളിപ്പെടാത്തതുകൊണ്ട് യഥാർത്ഥ നികുതി സർക്കാരിനു ലഭിക്കുകയില്ല. ന്യായവില കൂട്ടുന്നത് ഇവർക്ക് അനുഗ്രഹമാണുതാനും. അത്രയും കള്ളപ്പണം നിയമപരമായി വെളുപ്പിക്കാനുള്ള അവസരം കിട്ടുന്നു. നഷ്ടം സാധാരണക്കാരനാണ്. കേരളത്തിലൊരിടത്തും സാധാരണക്കാരന് ഒരു സെന്റ് ഭൂമി പോലും നിലവിൽ വാങ്ങാൻ കഴിയാത്ത സ്ഥിതിയാണ്. അതൊന്നു കൂടി രൂക്ഷമാകും. പോരാത്തതിന് ഭാഗഉടമ്പടികളുടെ പോലും നികുതി ക്രമാതീതമായി വർദ്ധിപ്പിച്ചിരിക്കുകയാണ്. ഉള്ള ഭൂമി ഇത്രയും തുക നികുതിയടച്ച് കുടുംബാംഗങ്ങളുടെയിടയിൽ ഭാഗിക്കുക എന്നതിനേക്കാൾ, അത് വിറ്റ് തുക വീതിക്കുക്കയെന്നത് ലാഭകരമാകുന്ന അവസ്ഥ വരും. ഫലത്തിൽ, ഭൂമി കുത്തകകളുടെ പക്കൽ കേന്ദ്രീകരിക്കപ്പെടാനുള്ള സാഹചര്യമാണ് ഇതിലൂടെ സൃഷ്ടിക്കപ്പെടുക. ഇവിടെ കേന്ദ്ര സർക്കാരിന്റെ പുതിയ നയങ്ങൾ കൂടി നമ്മൾ ചേർത്തു വായിക്കണം. റിയൽ എസ്റ്റേറ്റ് മേഖലയിൽ എല്ലാ നിയന്ത്രണങ്ങളും മാറ്റി വിദേശനിക്ഷേപമടക്കം അനുവദിക്കുന്നു. മാർക്കറ്റ് ഫണ്ടുകൾക്ക് തങ്ങളുടെ നിക്ഷേപം നേരിട്ടു റിയൽ എസ്റ്റേറ്റ് മേഖലയിൽ മുതലിറക്കി ലാഭം നേടാൻ അവസരമൊരുങ്ങുന്നു. ഭൂമി വലിയ ഡിമാന്റുള്ള വിഭവം ആയ കേരളം, റിയൽ എസ്റ്റേറ്റ് മൂലധനത്തിനും ഊഹക്കച്ചവടത്തിനും അനുയോജ്യമാണ്. ഈ ദിശയിലുള്ള നടപടികളുടെ തുടക്കമാണ് സംസ്ഥാനസർക്കാരിന്റെ ഇപ്പോഴത്തെ നടപടി. ഭൂമിയിൽ നിന്ന് സാധാരണക്കാരനെ അകറ്റുമ്പോൾ റിയൽ എസ്റ്റേറ്റ് മൂലധനത്തിന് വഴിയും കമ്പോളവും ഒരേ സമയം തുറന്നു കിട്ടുകയാണ്. പാർപ്പിടം അടിസ്ഥാന ആവശ്യമായിരിക്കേ, നേരിട്ടു ഭൂമി വാങ്ങി വീടുപണിയാൻ കഴിയാത്തവർക്കു കുത്തകകളെ ആശ്രയിക്കേണ്ടിവരും. അങ്ങനെ വിപണിയുമായി. തങ്ങളുടെ തന്നെ നയങ്ങളും നടപടികളും കൊണ്ട് സൃഷ്ടിച്ചെടുത്ത സാമ്പത്തികപ്രതിസന്ധിയെ അവസരമായുപയോഗിച്ച്, നീട്ടിവെച്ചിരുന്ന മുതലാളിത്തനയങ്ങൾ പൂർവാധികം ശക്തിയോടെ നടപ്പാക്കാനാണ് ഈ സർക്കാർ ഉദ്ദേശിക്കുന്നത്.

നാഴികയ്ക്കു നാൽപ്പതുവട്ടം വികസനം എന്നുമാത്രം ഉരുവിടുന്ന മുഖ്യമന്ത്രി, യഥാർത്ഥത്തിൽ ആരുടെ വികസനമാണ് ഉദ്ദേശിക്കുന്നത്? ഒരു ദശകത്തോളമായി ഇരുമുന്നണി ഗവണ്മെന്റുകളും ഉയർത്തിപ്പിടിക്കുന്ന സ്മാർട്ട് സിറ്റിയെന്തായി? ആവോളം സൗജന്യങ്ങൾ വാരിക്കോരി ഈ സർക്കാരും ടീക്കോമിനു നൽകിയിരുന്നു. പക്ഷേ ആനുകൂല്യങ്ങൾ നൽകുന്ന ആവേശം തുടർപ്രവർത്തനങ്ങൾ ഉറപ്പാക്കുന്നതിൽ കാണാനില്ല. സർക്കാരിന്റെ 242 ഏക്കർ ഭൂമി ഒരു വിദേശ സ്വകാര്യമൂലധന ശക്തിയുടെ കരങ്ങളിൽ അകപ്പെട്ടുവെന്ന ആപത്തല്ലാതെ എന്തുനേട്ടമാണ് കേരളത്തിലെ ജനങ്ങൾക്ക് ലഭിച്ചത്? മൂലമ്പിള്ളിയിലടക്കം സാധാരണക്കാരനെ ചവിട്ടിപ്പുറത്താക്കി കൊട്ടിഘോഷിച്ച് ആരംഭിച്ച വല്ലാർപ്പാടം എവിടെ നിൽക്കുന്നു? പഴയ കൊച്ചിതുറമുഖത്തിന്റെ നിലനിൽപ്പു കൂടി അപകടത്തിലാക്കിയതല്ലാതെ എന്താണ് അതു കൊണ്ടുവന്ന വികസനം? ഇനി ഈ സർക്കാരിന്റെ പ്രധാനസ്വപ്ന പദ്ധതികൾ എന്തെല്ലാമാണ്? കണ്ണൂർ വിമാനത്താവളം, അതിവേഗ റെയിൽപ്പാത, അങ്ങനെ സഹസ്രകോടികളുടെ സ്വപ്നങ്ങൾ. നിലവിലുള്ള വിമാനത്താവളങ്ങൾ പോലും ആവശ്യത്തിനു സർവീസുകളില്ലാതെ പൂർണ്ണമായി ഉപയോഗിക്കപ്പെടാതെ കിടക്കുമ്പോഴാണ് കണ്ണൂരും ആറന്മുളയിലും പുതിയ വിമാനത്താവളങ്ങൾക്കായി സർക്കാർ വാദിക്കുന്നത്. ഈ വൻപദ്ധതികളുടെ പൊതുസ്വഭാവം, വൻതോതിലുള്ള റിയൽ എസ്റ്റേറ്റ് ഇടപാടുകൾ ഇതിലോരോന്നിന്റെയും മറവിൽ നടക്കുന്നു എന്നതാണ്. കേരളത്തിലെ ഏറ്റവും മൂല്യമേറിയ കച്ചവടവസ്തു ഇന്ന് ഭൂമിയാണ്. അതിൽത്തന്നെ, വലിയപങ്കും കള്ളപ്പണ്ണമുപയോഗിച്ചുള്ളതാണെന്നതും രഹസ്യമല്ല. സർക്കാരിന്റെയും ജനങ്ങളുടെയും കൈവശമുള്ള ഭൂമി സർക്കാർ ചിലവിൽ അല്ലെങ്കിൽ സർക്കാർ സഹായത്തോടെ, ഓരോ പദ്ധതിയുടെയും പേരിൽ ഏറ്റെടുക്കുന്നു. പദ്ധതിപ്രദേശങ്ങൾക്കു ചുറ്റുമുള്ള ഭൂമി നേരത്തേതന്നെ വമ്പന്മാർ വാങ്ങിക്കൂട്ടിയിട്ടുണ്ടാകും. പിന്നീട് പദ്ധതികൾ സർക്കാർ ഔദ്യോഗികമായി പ്രഖ്യാപിക്കുമ്പോൾ പലമടങ്ങായി ഉയരുന്ന ഭൂമിവില ഇത്തരക്കാർക്ക് കൊള്ള ലാഭമാണ് നൽകുക. ഈ ഭൂമിയിൽ ഉയരുന്നതോ, എന്തെങ്കിലും റിയൽ എസ്റ്റേറ്റ് സംരംഭവുമാകും. നിർമ്മാണപ്രവർത്തനങ്ങളും റിയൽഎസ്റ്റേറ്റ് സംരംഭങ്ങൾക്കുമപ്പുറം എന്തു വികസനം, അല്ലെങ്കിൽ വ്യവസായമാണ് ഇവിടെ നടപ്പായിട്ടുള്ളത്? നിലവിലുള്ള ദുർബലമായ ഭൂപരിഷ്കരണ-പരിസ്ഥിതി സംരക്ഷണ നിയമങ്ങളെ കാറ്റിൽപ്പറത്തി, ഭൂമിയുടെ ഉടമസ്ഥാവകാശം കുറച്ചു വ്യക്തികളുടേയും കുത്തകകളുടേയും കൈവശത്തിലേക്ക് ചുരുക്കുക എന്ന പ്രക്രിയയല്ലേ കഴിഞ്ഞ 20 വർഷമായി ഇവിടെ നടപ്പാക്കുന്ന ഈ വികസനത്തിന്റെ യഥാർത്ഥലക്ഷ്യം? ഇരുമുന്നണികളുടേയും നേതൃത്വം ഇതിൽ ഒരുപോലെ പങ്കുകച്ചവടക്കാരാണ്. അതുകൊണ്ടല്ലേ ഏതു മുന്നണി അധികാരത്തിൽ വന്നാലും ഒരേ പദ്ധതികൾ ഒരേ ആവേശത്തിൽ മുന്നോട്ടു കൊണ്ടുപോകുന്നത്. ഇതിന്റെ ഏറ്റവും വ്യക്തമായ അവതരണമാണ് ഉമ്മൻ ചാണ്ടി സർക്കാർ നടപ്പാക്കുന്നത്. ഈ സർക്കാർ ആർക്കു വേണ്ടി നിലകൊള്ളുന്നു എന്ന് ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ ആറന്മുള വിമാനത്താവളം എന്ന ഒറ്റ ഉദാഹരണം മാത്രം പരിശോധിക്കുക. അടിമുടി പച്ചയായ അഴിമതിയും നിയമലംഘനങ്ങളും മാത്രമുള്ള ഈ പദ്ധതി, ജനങ്ങൾ ഒന്നടങ്കം എതിർത്തിട്ടും, ഒരു കൂസലുമില്ലാതെ സംരക്ഷിക്കാനും മുന്നോട്ടു കൊണ്ടുപോകാനും ഉമ്മൻചാണ്ടിയും കൂട്ടരും കാട്ടുന്ന വ്യഗ്രത നോക്കുക. വിമാനത്താവളം നിർമ്മിച്ചോ നടത്തിയോ യാതൊരു മുൻപരിചയവുമില്ലാത്ത, സംശയകരമായ മൂലധനസ്രോതസ്സുള്ള ഒരു തട്ടിക്കൂട്ടു കമ്പനിയുടെ പദ്ധതിയിൽ സർക്കാരിനെക്കൊണ്ട് 10% ഓഹരി വരെ എടുപ്പിക്കുന്നു. അഴിമതിയുടേയും നിയമലംഘനത്തിന്റെയും സംരക്ഷകന്റെ വേഷത്തിലാണ് ആറന്മുളയിൽ ഈ സർക്കാരിനെ കാണാൻ കഴിയുക.

ആഗോളവൽക്കരണത്തിന്റെ കൂടപ്പിറപ്പാണ് അഴിമതി. വികസനം എന്ന തലക്കെട്ടിൽ സ്വകാര്യമൂലധനത്തിന്റെ താൽപ്പര്യങ്ങൾക്കായി സമസ്തമേഖലകളും തുറന്നിട്ടുകൊടുക്കുമ്പോൾ, ബോധപൂർവം പൊതുസംവിധാനങ്ങൾ നശിപ്പിക്കുകയാണ്. ആഗോളവൽക്കരണനയങ്ങൾ നടപ്പാക്കി ഇരുമുന്നണികളും ചേർന്ന് കേരളത്തിലെ പൊതുവിദ്യാഭ്യാസ-പൊതുജനാരോഗ്യമേഖലകളുടെ അടിത്തറയിളക്കിയിരുന്നു. അവശേഷിക്കുന്നത്, ഇപ്പോൾ അങ്ങേയറ്റത്തെ അഴിമതിയും സ്വജനപക്ഷപാതവും കൊണ്ട് നശിപ്പിക്കുകയാണ്. ഈ സർക്കാരിനു കീഴിൽ ഏറ്റവും കുത്തഴിഞ്ഞ ഭരണം നടക്കുന്നത് വിദ്യാഭ്യാസവകുപ്പിലാകും. ഘടകകക്ഷികളുടേയും സമുദായപ്രമാണികളുടേയും പങ്കുവെക്കലാണ് ഇവിടെ. യാതൊരു യോഗ്യതയും സംസ്കാരവുമില്ലാത്തവർ, കേവലം രാഷ്ട്രീയ-സാമുദായിക പരിഗണനകൾ കൊണ്ടുമാത്രം സർവകലാശാല വൈസ് ചാൻസലർ വരെയാകുന്ന അധഃപതനം നാം കണ്ടു. നിരക്കു വർദ്ധിപ്പിക്കുന്നതിലല്ലാതെ മറ്റൊന്നിലും താൽപ്പര്യമില്ലാത്ത വൈദ്യുതിവകുപ്പും ഗതാഗതവകുപ്പും. ഇന്ത്യയെങ്ങും ടോൾ റോഡ് വിരുദ്ധസമരങ്ങൾ ശക്തിപ്പെടുമ്പോൾ, ബിഒടി-ടോൾ വ്യവസ്ഥയിലല്ലാതെ ഒരു മീറ്റർ റോഡു പോലും പണിയില്ലെന്ന് ആവർത്തിക്കുന്ന മുഖ്യമന്ത്രി. സർക്കാർ മുൻകൈയെടുത്ത് തകർത്തുകൊണ്ടിരിക്കുന്ന കെഎസ്ആർടിസി, ആരോഗ്യ മേഖല, പൊതുവിതരണം. എല്ലാ വകുപ്പുകളിലും ഒരുപോലെ കെടുകാര്യസ്ഥതയും ഉത്തരവാദിത്തരാഹിത്യവും ഉദ്യോഗസ്ഥമേധാവിത്വവും. അഴിമതിയുടേയും ധൂർത്തിന്റെയും നിഴലിലല്ലാത്ത ഒരു മന്ത്രി പോലുമില്ല. ഇതിനൊക്കെപ്പുറമേ ബജറ്റിനെ കാറ്റിൽപ്പറത്തി ഓരോ മന്ത്രിസഭായോഗത്തിലുമുണ്ടാവുന്ന തീരുമാനങ്ങൾ. തമ്മിൽത്തല്ലുമായി തോന്നിയവഴിക്ക് പോകുന്ന ചീഫ് സെക്രട്ടറിയടക്കമുള്ള ഉദ്യോഗസ്ഥമേലാളന്മാർ. വിദ്യാർത്ഥികൾ പഠനം മാറ്റിവെച്ച് സംരംഭകരാകാൻ മുന്നോട്ടു വരണമെന്ന് ഉദ്ബോധിപ്പിക്കുന്ന മുഖ്യമന്ത്രി, തന്റെ സർക്കാരിനു കീഴിലുള്ള പൊതുമേഖലാ സംരംഭങ്ങളുടെ അവസ്ഥയെന്താണ് കാണാത്തത്? ലാഭത്തിലേക്ക് ഉയർന്നു തുടങ്ങിയ കെഎംഎംഎൽ, ടൈറ്റാനിയം തുടങ്ങി ഫാക്ട് വരെയുള്ളവയെ ബോധപൂർവം തകർക്കുന്ന കേന്ദ്ര-സംസ്ഥാന സർക്കാർ നയങ്ങൾ കണ്ടില്ലെന്നുവെക്കാനാകില്ല.

### എവിടെ പ്രതിപക്ഷം?

സർക്കാർ യാതൊരു കൂസലുമില്ലാതെ ഇങ്ങനെ മുന്നോട്ടു പോകുമ്പോൾ തടയേണ്ട പ്രതിപക്ഷം എവിടെ? തുടക്കത്തിൽ നികുതിനിഷേധമടക്കമുള്ള സമരമാർഗ്ഗങ്ങൾക്ക് ആഹ്വാനം ചെയ്തവർ ഇന്ന് നിശ്ശബ്ദരാണ്. സമരം നടത്തി നികുതിവർദ്ധനവ് പിൻവലിപ്പിക്കുന്ന ഒരു കീഴ്വഴക്കം സൃഷ്ടിക്കുകയും അതുവഴി ജനങ്ങൾക്ക് രാഷ്ട്രീയവിദ്യാഭ്യാസം നൽകുകയും ചെയ്താൽ, തങ്ങൾ അധികാരത്തിൽ വരുമ്പോൾ അത് ബുദ്ധിമുട്ടാകുമെന്ന് നേതാക്കൾക്ക് നന്നായി അറിയാം. നയങ്ങളെ പരാജയപ്പെടുത്തുക എന്ന ലക്ഷ്യം മുൻനിർത്തി ഒരു സമരം സിപിഐ(എം)ന്റെ അജണ്ടയിലില്ലെന്ന് എത്രയോ അനുഭവങ്ങൾ വ്യക്തമാക്കിക്കഴിഞ്ഞു. നയങ്ങൾക്കെതിരായ വികാരത്തെ ഉപയോഗപ്പെടുത്തി അടുത്ത തെരഞ്ഞെടുപ്പിൽ അധികാരത്തിലെത്തുക എന്ന തികച്ചും സങ്കുചിതമായ ലക്ഷ്യത്തിനു വേണ്ടിയുള്ള ചടങ്ങുകൾ മാത്രമാണ് അവർക്ക് സമരങ്ങൾ. കഴിഞ്ഞ 2 പതിറ്റാണ്ടിനിടയിൽ യുഡിഎഫിന്റെ ഒരു ജനവിരുദ്ധനയമെങ്കിലും സിപിഐ(എം) നയിക്കുന്ന മുന്നണി സമരത്തിലൂടെ പരാജയപ്പെടുത്തിയിട്ടുണ്ടോ? പേരിനുപോലുമില്ല. ആത്മാർത്ഥമായി തീരുമാനിച്ചാൽത്തന്നെ സ്വന്തം നിലയ്ക്ക് ഒരു സമരം നടത്തി ജയിപ്പിക്കാനുള്ള ആത്മവിശ്വാസവും ശേഷിയും ഇടതുമുന്നണിക്കും സിപിഎമ്മിനും ഇന്നുണ്ടോ? തലയുയർത്തി ജനങ്ങളെ നേരിടാൻ ഇന്ന് ഇടതുമുന്നണിയിൽ ഏതു പാർട്ടിയുണ്ട്? നേതാവുണ്ട്? രണ്ടാമതായി, നയപരമായി യുഡിഎഫുമായി ഇടതുമുന്നണിക്ക് കാര്യമായി യാതൊരു അഭിപ്രായവ്യത്യാസവുമില്ല. ആഗോളവൽക്കരണനയങ്ങൾ നടപ്പാക്കുന്നതിൽ യുഡിഎഫിനേക്കാൾ ഒരുപടി മുന്നിലായിരുന്നു എന്നും ഇടതുമുന്നണി. ആഗോളവൽക്കരണം ദോഷമുണ്ടാക്കിയോ എന്ന് ഇതുവരെയും പഠിച്ചിട്ടില്ല എന്ന് സിപിഎമ്മിന്റെ ചില കേന്ദ്രനേതാക്കൾ തന്നെ തുറന്നു സമ്മതിച്ചിട്ടുണ്ട്. ആഗോളവൽക്കരണനയങ്ങളെത്തന്നെ തുറന്നെതിർക്കുന്ന ഒരു സമരത്തിനും സിപിഎം തയ്യാറല്ല.

കഴിഞ്ഞ ഇടതുമുന്നണി സർക്കാർ, വിശേഷിച്ചും ധനമന്ത്രി തോമസ് ഐസക്ക്, സംസ്ഥാനത്തെ നികുതിപിരിവ് കാര്യക്ഷമമാക്കി വർദ്ധിപ്പിച്ച വരുമാനം എവിടെ ചെലവഴിക്കപ്പെട്ടു? ഇടതുസർക്കാരിന്റെ കാലത്തും അപ്രഖ്യാപിത നിയമനനിരോധനം തന്നെയായിരുന്നു നിലനിന്നത്. ഒഴിവുകൾ നികത്താതെ കരാർജീവനക്കാരെയാണ് ആശ്രയിച്ചത്. ഉൽപ്പാദനമേഖലകളിൽ പുരോഗതിയുണ്ടായോ? ഇല്ല, പകരം ലോട്ടറി, മദ്യം എന്നിവയിൽ നിന്നുള്ള വരുമാനത്തിനു പ്രാധാന്യമേറി. പ്രസ്തുത പണം എവിടെപ്പോയി? വിദേശധനകാര്യസ്ഥാപനങ്ങളിലെ വായ്പയുടെയും പലിശയുടെയും തിരിച്ചടവ് ആയിരുന്നു ഒരു പ്രധാനചെലവ്. ഇതിൽ ധനമന്ത്രി കണിശത പുലർത്തി. പിന്നെ പങ്കാളിത്തവികസനത്തിന്റെ പ്രയോക്താവായ ധനമന്ത്രിയുടെ കീഴിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്ക് കൂടുതൽ ഫണ്ടെത്തി. അവയൊക്കെ ഉൽപ്പാദനക്ഷമമല്ലാത്ത മേഖലകളിലാണ് കൂടുതലും ഉപയോഗിക്കപ്പെട്ടത്. അഴിമതിയുടെ വികേന്ദ്രീകരണമാണ് വാസ്തവത്തിൽ കണ്ടത്. വർദ്ധിച്ച വരുമാനമുണ്ടായിട്ടും സർക്കാർ പടിയിറങ്ങുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം വർദ്ധിക്കുകയാണുണ്ടായത്. ഇത് ഇപ്പോൾ തോമസ് ഐസക്കും കൂട്ടരും സമർത്ഥമായി വിസ്മരിക്കുന്നു. വരുമാനം വർദ്ധിപ്പിച്ചതിനും മെച്ചപ്പെട്ട കാര്യക്ഷമതയ്ക്കും അതിന്റേതായ ലക്ഷ്യങ്ങളുണ്ടെന്നു ചുരുക്കം. ആഗോളവൽക്കരണനയങ്ങൾക്കും, എഡിബി അടക്കമുള്ള വിദേശധനകാര്യ സ്ഥാപനങ്ങളുടെ ഇച്ഛയ്ക്കും നിർദ്ദേശങ്ങൾക്കുമനുസരിച്ചുള്ള സാമ്പത്തികഭരണം മാത്രമല്ലേ ഇടതുമുന്നണി നടത്തിയത്?

വോട്ടുബാങ്ക് രാഷ്ട്രീയം മാത്രം നോക്കുന്ന സിപിഎമ്മും കൂട്ടാളികളും ഇപ്പോൾ കാണിക്കുന്ന ഇരട്ടത്താപ്പും നാം കാണണം. ധനകാര്യവകുപ്പിലെ അഴിമതിക്കും കെടുകാര്യസ്ഥതയ്ക്കും നേരിട്ട് ഉത്തരവാദിത്തമുള്ള കെ എം മാണിക്കെതിരെ നേരിട്ട് ഒരു വിമർശനം പോലും ഉന്നയിക്കാൻ അവർ മടിക്കുന്നു. കാരണം ലളിതം. അധികാരരാഷ്ട്രീയത്തിന്റെ കളികളിൽ മാണിയും പാർട്ടിയും സിപിഎമ്മിനു വേണ്ടപ്പെട്ടവരാണ്. മാണി മാത്രമല്ല. ഇരുമുന്നണികളുടേയും ഉന്നതനേതൃത്വങ്ങൾക്കിടയിലുള്ള പരസ്പരസഹകരണം ഇന്നു രഹസ്യമല്ല. സ്ത്രീപീഡനമടക്കമുള്ള കേസുകളിൽ പരസ്പരം രക്ഷിച്ചെടുക്കുന്നത് ഈ അവിശുദ്ധ കൂട്ടുകെട്ടാണ്. യുഡിഎഫിനു വേണ്ടപ്പെട്ട മുതലാളിമാർ സിപിഎമ്മിനും വേണ്ടപ്പെട്ടവർ തന്നെ. പലപ്പോഴും സമരനാടകങ്ങൾ പോലും നടത്തി ഇവർ ജനത്തെ വിഡ്ഢികളാക്കി പരസ്പരം സംരക്ഷിക്കുന്നു. ഒരു മുന്നണി മാറി അടുത്തത് അധികാരത്തിൽ വരുമ്പോൾ ഒരു നയം പോലും തിരുത്തപ്പെടുന്നില്ല. മറിച്ച് തുടർച്ച മാത്രമാണ് സംഭവിക്കുന്നത്. ആഗോളവൽക്കരണനയങ്ങളിൽപ്പോലും ഈ തുടർച്ച മാത്രമാണുള്ളത്. ജനവിരുദ്ധനടപടികളപ്പാടെ കൈക്കൊണ്ടിട്ടുള്ളത് ഇരുമുന്നണികളുടേയും ഈ സഹകരണത്തിന്റെ ശക്തിയിലാണ്. ജനങ്ങളുടെ ശക്തമായ പ്രക്ഷോഭത്തെത്തുടർന്ന്, ദേശീയപാതയുടെ വികസനം 30 മീറ്ററിൽ മതി എന്ന് സർവകക്ഷിയോഗം ആദ്യം കൈക്കൊണ്ട തീരുമാനത്തെ അട്ടിമറിച്ചത്, സിപിഎം സെക്രട്ടറി പിണറായി വിജയനും അന്നത്തെ കെപിസിസി അദ്ധ്യക്ഷൻ രമേശ് ചെന്നിത്തലയും ചേർന്നായിരുന്നു എന്ന വെളിപ്പെടുത്തലുണ്ട്. നഷ്ടം ജനങ്ങൾക്കും ലാഭം ബിഒടി ലോബിക്കും. ഇപ്പോൾ സിപിഎം പ്രഖ്യാപിച്ച എതിർപ്പുകൾക്കും ഒരു ആത്മാർത്ഥതയും പ്രതീക്ഷിക്കേണ്ട. തുടക്കത്തിൽ കോലാഹലമുയർത്തി അണിയറയിൽ സർക്കാരിന്റെ നയങ്ങളെ സംരക്ഷിച്ചു നിർത്തുന്ന പരിപാടി മാത്രമെ പ്രതിപക്ഷത്തിൽ നിന്നു പ്രതീക്ഷിക്കേണ്ടതുള്ളൂ.

### ജനങ്ങളുടെ കടമയെന്ത്?

കപടന്യായങ്ങളോടെ അടിച്ചേൽപ്പിച്ചിരിക്കുന്ന അന്യായമായ നികുതി-നിരക്കു വർദ്ധനവുകൾ അപ്പാടെ പിൻവലിക്കേണ്ടതാണ്. പ്രഖ്യാപിച്ചിട്ടുള്ള നികുതി പിരിച്ചെടുക്കാൻ സർക്കാരിന് അറിയാമെന്ന് ജനങ്ങളെ വെല്ലുവിളിക്കുന്ന യു.ഡി.എഫ് സർക്കാർ, ഈ വാക്കുകൾ വൻകിടക്കാരോട് പറയാത്തതെന്ത്? ചർച്ച ചെയ്യുക പോലുമില്ലെന്ന ധാർഷ്ട്യവുമായി മുന്നോട്ടു പോകാൻ ഉമ്മൻചാണ്ടി സർക്കാരിനെ അനുവദിക്കാൻ പാടില്ല. ശക്തമായ ജനകീയപ്രക്ഷോഭത്തിന്റെ മാർഗ്ഗത്തിലൂടെയേ സർക്കാരിനെ നേർവഴിക്കു കൊണ്ടുവരാൻ കഴിയൂ. എന്നാൽ, ഇതിന്റെ പേരിൽ സിപിഎമ്മും ഇടതുമുന്നണിയും നടത്തുന്ന സമരനാടകങ്ങളിൽ ജനങ്ങൾ വഞ്ചിതരാകാനും പാടില്ല. ശരിയായ പ്രതിഷേധം ജനങ്ങൾ ഉയർത്തിയില്ലെങ്കിൽ കൂടുതൽ ഭീഷണങ്ങളായ നടപടികളാണ് ഇനി നേരിടേണ്ടിവ

(ശേഷം 14–ാം പേജിൽ)

പ്രൊവാഷ് ഘോഷ്

# ബിജെപിയുടെയും ആർഎസ്എസിന്റെയും വാദങ്ങൾ സ്വാമി വിവേകാനന്ദന്റെ ആശയങ്ങൾക്ക് വിരുദ്ധം

(1-ാംപേജിൽ നിന്ന്)

സൃഷ്ടിക്കുന്നത്. അധികാരത്തിലേറിക്കഴിഞ്ഞാൽ ബൂർഷ്വാസിയുടെയും കുത്തകകളുടെയും ആജ്ഞകൾ അക്ഷരംപ്രതി നിറവേറ്റിക്കൊള്ളാമെന്ന് ബിജെപി അവരുമായി കരാറിലേർപ്പെട്ടു. അധികാരലബ്ധിയെത്തുടർന്ന് അവർ ചെയ്തുകൊണ്ടിരിക്കുന്നത് കൃത്യമായും അതാണ്. അതേ സമയം, ബിജെപിക്ക് ആശയപരമായി രക്ഷാകർതൃത്വം നൽകിക്കൊണ്ടിരിക്കുന്ന ആർഎസ്എസിന് വിദ്യാഭ്യാസ സാംസ്കാരിക രംഗങ്ങളിലും ആശയമണ്ഡലത്തിലും അവരുടെ ഹിന്ദുത്വ പ്രത്യയശാസ്ത്രം പ്രചരിപ്പിക്കാനുള്ള അവസരം ലഭിച്ചിരിക്കുന്നു. ഒറ്റയടിക്ക് പ്രതിരോധവും റെയിൽവേയും ഇൻഷുറൻസുമുൾപ്പെടെയുള്ള മേഖലകളിൽ നേരിട്ടുള്ള വിദേശനിക്ഷേപം, കൂടുതൽ പൊതുമേഖലകളുടെ സ്വകാര്യവല്ക്കരണം തുടങ്ങിയ നടപടികളുടെ ഒരു പരമ്പര തന്നെ ബിജെപി നടപ്പിൽ വരുത്തി. കോൺഗ്രസ്സും രാഷ്ട്രീയ തീരുമാനപ്രകാരമുള്ള നടപടികളെന്ന നിലയിൽ ഇതെല്ലാം നടപ്പിലാക്കാൻ ശ്രമിച്ചിരുന്നതാണ്. എന്നാൽ സഖ്യകക്ഷികളുടെ തടസ്സങ്ങൾ മൂലം എല്ലാം നടപ്പിലാക്കാൻ അവർക്ക് കഴിഞ്ഞിരുന്നില്ല. ബിജെപി റെയിൽവേ യാത്രക്കൂലിയും ചരക്കുകൂലിയും ഒറ്റയടിക്ക് ഭീമമായി വർദ്ധിപ്പിക്കുകയുണ്ടായി. ജനക്ഷേമത്തിന് വേണ്ടി പരിമിതമായെങ്കിലും ഏർപ്പെടുത്തിയിരുന്ന സബ്സിഡികൾ ബിജെപി പിൻവലിക്കുകയാണ്. ഇന്ധനവിലകൾ വർദ്ധിപ്പിക്കുന്നു. ചില കയ്പുള്ള ഗുളികകൾ കഴിച്ചേ തീരൂവെന്ന് പറഞ്ഞാണ് അവർ ജനങ്ങളുടെ മേൽ ഇതെല്ലാം അടിച്ചേല്പിക്കുന്നത്. കയ്പ്പുള്ള കൂടുതൽ ഗുളികകൾ ഇനിയും വരാനിരിക്കുന്നു. ബിജെപിയുടെ ധനകാര്യമന്ത്രി ഒരു പുതിയ സിദ്ധാന്തം അവതരിപ്പിച്ചിരിക്കുന്നു. 'ബിസിനസ്സിന് അനുകൂലമായിരിക്കുകയെന്നാൽ പാവങ്ങൾക്ക് അനുകൂലമായിരിക്കുക എന്ന് തന്നെയാണർത്ഥം' എന്നതാണ് ആ സിദ്ധാന്തം. സമ്പന്നരുടെ പണച്ചാക്കുകൾ എത്ര വീർക്കുന്നുവോ അത്രയും ഗുണം പാവങ്ങൾക്ക് കിട്ടും എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. പണക്കാർ കാരുണ്യം തോന്നി പാവങ്ങൾക്ക് ഭിക്ഷ നൽകുമത്രേ. സമ്പന്നർ സമ്പന്നരായത് പാവങ്ങൾക്ക് അവകാശപ്പെട്ടത് അപഹരിച്ചിട്ടാണെന്ന് സാധാരണ ജനങ്ങൾക്കറിയാം. തൊഴിലാളികളെ ചൂഷണം ചെയ്താണ് മുതലാളിമാർ ലാഭമുണ്ടാക്കുന്നത്. എന്നാൽ ബിജെപിയും അവരുടെ മന്ത്രിയും പറയുന്നത് മുതലാളിമാർക്ക് എന്തുമാത്രം ലാഭമുണ്ടാകുമോ അത്രയും കണ്ട് പാവങ്ങൾക്ക് മെച്ചമുണ്ടാകുമെന്നാണ്. ബിസിനസ്സിനനൂകൂലമെന്നാൽ പാവങ്ങൾക്കനുകൂലം എന്ന സിദ്ധാന്തത്തിന്റെ സാരാംശം ഇതാണ്.

എന്നാൽ, ഏറ്റവും അപകടം തീവ്ര ഹിന്ദുത്വ പ്രചാരണമാണ്. പാഠപുസ്തകങ്ങളിൽ മതവിദ്യാഭ്യാസം ഉൾപ്പെടുത്തണമെന്ന ഒരു ചർച്ച ഇതിനകം തുടങ്ങിക്കഴിഞ്ഞതായി നിങ്ങൾക്കറിയാം. അത് പുതിയ കാര്യമല്ല. കോൺഗ്രസ്സ് തന്നെ അത്തരമൊരാശയം മുന്നോട്ടുവച്ചിട്ടുണ്ട്. രണ്ടാം ലോകയുദ്ധാനന്തരം, ജർമ്മനിയുടെയും ഇറ്റലിയുടെയും പരാജയത്തോടെ ഫാസിസം പരാജയപ്പെട്ടിരിക്കുന്നുവെന്ന വാദം പ്രചാരം നേടിയപ്പോൾ സഖാവ് ശിബ്ദാസ് ഘോഷ് അതിനോട് വിയോജിക്കുകയുണ്ടായി. ജർമ്മനിയുടെയും ഇറ്റലിയുടെയും പതനത്തിന് ഫാസിസം പരാജയപ്പെടുത്തപ്പെട്ടിരിക്കുന്നുവെന്ന് അർത്ഥമില്ല എന്നദ്ദേഹം അഭിപ്രായപ്പെട്ടു. വികസിതമോ അവികസിതമോ ആയ എല്ലാ മുതലാളിത്ത-സാമ്രാജ്യത്വ രാജ്യങ്ങളിലെയും ഒരു സാമാന്യ സ്വഭാവമായി ഫാസിസം പ്രത്യക്ഷപ്പെട്ടിരിക്കുന്നു എന്നുപറഞ്ഞുകൊണ്ട് അദ്ദേഹം ചൂണ്ടിക്കാട്ടി: മൂലധനം ഇന്നത്തേതുപോലെ കുത്തകകളുടെ കൈയിൽ കേന്ദ്രീകൃതമായിത്തീർന്നിട്ടില്ലാതിരുന്ന കാലത്ത്, ചെറുകിട മൂലധനം മാത്രം നിലനിൽക്കുകയും സ്വതന്ത്രമത്സരം പ്രാബല്യത്തിലിരിക്കുകയും ചെയ്തിരുന്ന കാലത്ത്, മുതലാളിത്തം ഉദാര ജനാധിപത്യത്തിന് വേണ്ടി നിലകൊണ്ടു. കുത്തക പ്രത്യക്ഷപ്പെടുകയും മൂലധനത്തിന്റെ കേന്ദ്രീകരണം സംഭവിക്കുകയും ചെയ്തതോടെ ആ ഉദാരജനാധിപത്യം തിരോഭവിക്കുകയും ഫാസിസത്തിന്റെ സാമ്പത്തികാടിത്തറ സ്ഥാപിതമാവുകയും ചെയ്തു. അധികാരം ഭരണസംവിധാനത്തിന്റെയും ഉദ്യോഗസ്ഥമേധാവിത്വത്തിന്റെയും പക്കൽ കേന്ദ്രീകരിക്കപ്പെടുന്നതും ഫാസിസത്തിന്റെ രാഷ്ട്രീയ സ്വഭാവവിശേഷമാണ്. ഫാസിസത്തിൻ കീഴിൽ ശാസ്ത്രീയ കാഴ്ചപ്പാടോ യുക്തിസഹമായ ചിന്തയോ സ്വതന്ത്രമായ സംവാദത്തിനുള്ള അവസരമോ ഉണ്ടാവുകയില്ല, മറിച്ച് മതത്തിന്റേതുപോലെയുള്ള അന്ധമായ വിശ്വാസത്തിന് മാത്രമേ സ്ഥാനമുണ്ടാവുകയുള്ളു എന്നും സഖാവ് ശിബ്ദാസ് ഘോഷ് ചൂണ്ടിക്കാട്ടുകയുണ്ടായി. യന്ത്രങ്ങളും ആയുധങ്ങളും ഉൽപ്പാദിപ്പിക്കാൻ വേണ്ടി മാത്രമായിരിക്കും ശാസ്ത്രത്തെ ഉപയോഗപ്പെടുത്തുക. ചിന്താമണ്ഡലത്തിൽ ശാസ്ത്രത്തിന്റെ സാങ്കേതികവശങ്ങളുടെയും ആത്മീയവാദത്തിന്റെയും ലയനം സംഭവിക്കും. ഇതാണ് ഫാസിസ്റ്റ് സംസ്കാരം. രാജ്യത്ത് ആദ്യം ഇത് ആരംഭിച്ചത് കോൺഗ്രസ്സ് ആയിരുന്നു. ഇന്ന് ഈ പദ്ധതി ആർഎസ്എസിലൂടെ കൂടുതൽ വിപുലമായ തോതിൽ നടപ്പിലാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ് ഇൻഡ്യൻ മുതലാളിത്തം.

### നവോത്ഥാന നായകന്മാരുടെ ആദർശങ്ങളെ ആർഎസ്എസ് ചവിട്ടിയരയ്ക്കുന്നു

സ്കൂൾ പാഠ്യപദ്ധതിയിൽ ഭഗവത്ഗീതയും വേദാന്തവും ഉൾപ്പെടുത്തണമെന്ന വാദം ഉയർത്തപ്പെട്ടിരിക്കുകയാണ്. ഗുജറാത്തിലും മദ്ധ്യപ്രദേശിലും അതിന് തുടക്കമിട്ടുകഴിഞ്ഞു. ഗീതയും രാമായണവും മഹാഭാരതവും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് ഒരു ജഡ്ജിയും ഉപദേശിച്ചിരിക്കുന്നു. യുഗങ്ങളുടെ പഴക്കമുള്ളതും കാലഹരണപ്പെട്ടതുമായ ആചാരങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും മദ്ധ്യകാലഘട്ടത്തിന്റേതായ ഇരുട്ടിന്റെയും പിടിയിലായിരുന്ന ഇൻഡ്യൻ സമൂഹത്തെ അറിവിന്റെ വെളിച്ചത്തിലേയ്ക്ക് ആനയിച്ചത്, നവോത്ഥാനത്തിന്റെ പുലരിയിൽ രാജാ റാം മോഹൻ റോയ് ആയിരുന്നുവെന്ന് നിങ്ങൾക്കറിയാം. അദ്ദേഹം സംസ്കൃതവും വേദാന്തവും പഠിപ്പിക്കുന്നതിന് എതിരായിരുന്നു. അദ്ദേഹം പറഞ്ഞു: "ഈ രാജ്യത്തെ ഇരുട്ടിൽ തളച്ചിടുകയെന്നതാണ് ബ്രിട്ടീഷ് നിയമനിർമ്മാണസഭയുടെ നയമെങ്കിൽ, അതിന് ഏറ്റവും യോജിച്ച ഒന്നാണ് സംസ്കൃത വിദ്യാഭ്യാസ സമ്പ്രദായം. എന്നാൽ, തദ്ദേശീയ ജനതയുടെ പുരോഗതിയാണ് ഗവണ്മെന്റിന്റെ ഉദ്ദേശ്യം എന്നതിനാൽ ഗവണ്മെന്റ്, ഗണിതവും പ്രകൃതി തത്ത്വചിന്തയും രസതന്ത്രവും ശരീരഘടനാശാസ്ത്രവും, ഒപ്പം ഉപയോഗപ്രദമായ മറ്റ് ശാസ്ത്രങ്ങളും, ഉൾപ്പെടുന്നതും കൂടുതൽ ഉദാരവുമായ ഒരു ബോധനസമ്പ്രദായത്തെ പ്രോത്സാഹിപ്പിക്കും.കാണുന്ന വസ്തുക്കൾക്കൊന്നും യഥാർത്ഥത്തിലുള്ള നിലനില്പില്ലെന്ന് പഠിപ്പിക്കുന്ന വേദാന്ത തത്ത്വത്തിലൂടെ യുവാക്കൾ സമൂഹത്തിലെ മെച്ചപ്പെട്ട അംഗങ്ങളായിത്തീരുകയുമില്ല. ഗവണ്മെന്റ്, ഇൻഡ്യയിൽ നിലനിന്നുവരുന്ന തരത്തിലുള്ള വിജ്ഞാനം പകർന്നു നൽകുന്നതിനായി ഹിന്ദു പണ്ഡിറ്റുകളുടെ കീഴിൽ സംസ്കൃതം സ്കൂളുകൾ തുടങ്ങുന്നതായാണ് ഇപ്പോൾ കാണുന്നത്. രണ്ടായിരം കൊല്ലം മുമ്പ് അറിയാമായിരുന്ന കാര്യങ്ങൾ, ഊഹാപോഹങ്ങൾ നടത്തുന്നതിൽ സമർത്ഥരായ ചിലർ പിന്നീട് സൃഷ്ടിച്ച വ്യർത്ഥവും അർത്ഥശൂന്യവുമായ വ്യാഖ്യാനങ്ങൾ സഹിതം, ആണ് അവിടെ വിദ്യാർത്ഥികൾക്ക് ലഭിക്കാൻ പോകുന്നത്".[1] രാജാ റാം മോഹന്റെ വാക്കുകളാണിവ. ആർഎസ്എസ്-ബിജെപിയുടെ അഭിപ്രായങ്ങൾ രാജാ റാം മോഹന്റെ പാഠങ്ങൾക്കെതിരാണ്. റാം മോഹന്റെ കാല്പാടുകളെ പിന്തുടർന്നാണ് വിദ്യാസാഗർ വന്നത്. വിദ്യാസാഗർ ഏതാനും ചുവടുകൾ മുന്നോട്ട് വച്ചു. അദ്ദേഹം പറഞ്ഞു: "ചില കാരണങ്ങളാൽ... സംസ്കൃതകോളേജിൽ വേദാന്തവും സാംഖ്യവും തുടർന്നും പഠിപ്പിക്കാൻ നാം ബാദ്ധ്യസ്ഥരാണ്. എന്നാൽ, വേദാന്തവും സാംഖ്യവും തെറ്റായ തത്ത്വചിന്താപദ്ധതികളാണെന്നത് ഇപ്പോൾ നിസ്തർക്കമായ കാര്യമാണ്."[2] നോക്കൂ, വിദ്യാസാഗർ പറഞ്ഞത് "വേദങ്ങളും വേദാന്തവും തെറ്റായ ദാർശനിക പദ്ധതികളാണ്" എന്നാണ്. ശ്രീരാമകൃഷ്ണ പരമഹംസർ വിദ്യാസാഗറിന്റെ വീട്ടിൽ ചെന്ന് അദ്ദേഹത്തെ ആദരിച്ചിട്ടുണ്ട്. വിവേകാനന്ദന് വിദ്യാസാഗറിനോട് അഗാധമായ ആദരവുണ്ടായിരുന്നു. പൂർവ്വേന്ത്യയിൽ താൻ ഉൾപ്പെടെയുള്ള യുവാക്കൾ ഒന്നടങ്കം വിദ്യാസാഗറിൽ നിന്ന് പ്രചോദനമുൾക്കൊണ്ടവരാണെന്ന് വിവേകാനന്ദൻ തന്നെ പറഞ്ഞിട്ടുണ്ട്. വിദ്യാസാഗർ വേദ-വേദാന്തത്തെ തെറ്റായ തത്ത്വചിന്താപദ്ധതി എന്ന് വിശേഷിപ്പിച്ചിട്ടുള്ള കാര്യം വിവേകാനന്ദന് അറിയാമായിരുന്നു. വിദ്യാസാഗർ നിരീശ്വരവാദിയായിരുന്നുവെന്നും ശ്രീരാമകൃഷ്ണനും വിവേകാനന്ദനും അറിയാമായിരുന്നു. വിദ്യാസാഗർ പറയുകയുണ്ടായി: "സംസ്കൃതം കോഴ്സിന്റെ ഭാഗമായി അവ (വേദാന്തവും സാംഖ്യവും - എഡിറ്റർ,യൂണിറ്റി) പഠിപ്പിക്കുമ്പോൾത്തന്നെ, അവയുടെ സ്വാധീനത്തിന് പരിഹാരമുണ്ടാക്കുന്നതിനു വേണ്ടി, ഇംഗ്ലീഷ്കോഴ്സിന്റെ ഭാഗമായി ശരിയായ തത്ത്വചിന്ത കൊണ്ട് നാം അവയെ എതിർക്കുകയും വേണം...ഇൻഡ്യയിലെ പഠിപ്പുള്ളവരുടെയിടയിലുള്ള അന്ധവിശ്വാസങ്ങൾ അറേബ്യയിലെ കലീഫയുടേതിനെക്കാൾ ഒട്ടും കുറഞ്ഞവയല്ല എന്ന് പറയേണ്ടിവരുന്നതിൽ എനിക്ക് ലജ്ജയുണ്ട്. അവരുടെ ശാസ്ത്രങ്ങൾ എല്ലാം സർവ്വജ്ഞരായ ഋഷിമാരിൽ നിന്ന് ഉടലെടുത്തവയാണെന്നും, അതിനാൽ അവയിൽ ഒരു തെറ്റും ഉണ്ടാവുക സാദ്ധ്യമല്ലെന്നും അവർ വിശ്വസിക്കുന്നു."[2] ഇങ്ങനെയാണ് വിദ്യാസാഗർ മതഗ്രന്ഥങ്ങൾക്കെതിരെ പറഞ്ഞത്. അദ്ദേഹം പറഞ്ഞു: "ബംഗാളിയും ഇംഗ്ലീഷും - ഈ രണ്ട് ഭാഷകളും അറിയുന്നവരും, അതേ സമയം തന്നെ മതപരമായ മുൻവിധികളിൽ നിന്ന് മുക്തി നേടിയവരുമായ അദ്ധ്യാപകരെ നമുക്കാവശ്യമുണ്ട്."[3]

ഇതാണ് പണ്ഡിറ്റ് ഈശ്വരചന്ദ്ര വിദ്യാസാഗർ. അദ്ദേഹം തന്നെ നാല് പാഠപുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. ദൈവത്തെക്കുറിച്ചുള്ള ഒരു ചർച്ചയും ആ പുസ്തകങ്ങളിലില്ല. അദ്ദേഹം ദൈവത്തിൽ വിശ്വസിച്ചിരുന്നില്ല. അദ്ദേഹം ഉപദേശിച്ചു: "ഭൂമിശാസ്ത്രം, ചരിത്രം, ജീവചരിത്രം, ഗണിതം, ജ്യാമിതി, പ്രകൃതി തത്ത്വചിന്ത, അർത്ഥശാസ്ത്രം, ശരീരധർമ്മശാസ്ത്രം എന്നിവയാണ് പഠിപ്പിക്കേണ്ടത്."[3] ഇത്തരത്തിലായിരുന്നു അദ്ദേഹത്തിന്റെ കാഴ്ചപ്പാട്. ഇൻഡ്യൻ നവോത്ഥാനത്തിന്റെ നായകന്മാരായിരുന്ന റാം മോഹനും ഈശ്വരചന്ദ്ര വിദ്യാസാഗറും മതവിദ്യാഭ്യാസത്തെ എതിർക്കുകയും, പ്രകൃതി തത്ത്വചിന്തയുടെയും ശാസ്ത്രപഠനത്തിന്റെയും പ്രാധാന്യം ഊന്നിപ്പറയുകയും ചെയ്തിരുന്നുവെന്ന് കാണാൻ കഴിയും. പക്ഷെ, കോൺഗ്രസ്സ് അതിന് നേരെ വിപരീതമായാണ് പ്രവർത്തിച്ചത്. ഇപ്പോൾ ആർഎസ്എസും ബിജെപിയും അതിന് കൂടുതൽ വ്യാപ്തി നൽകുകയാണ്.

രവീന്ദ്രനാഥ് ടാഗോർ ഒരു വിശ്വാസിയായിരുന്നുവെങ്കിൽപ്പോലും അദ്ദേഹം ഇങ്ങനെ പറഞ്ഞു: "മതം നൽകുന്ന മിഥ്യാബോധം മനുഷ്യന്റെ ചൈതന്യം കെടുത്തുന്നു. അത് അവന്റെ ബുദ്ധിയെ രക്തത്തിലും മാംസത്തിലും അലിഞ്ഞുചേർന്ന അർത്ഥശൂന്യവും ജഡവുമായ ആചാരത്തിന്റെ കെട്ടുപാടുകളിൽപ്പെടുത്തുന്നു. ബുദ്ധി ബന്ധനസ്ഥമായിരിക്കുന്നിടത്ത് മനുഷ്യത്വം ഞെരിച്ചമർത്തപ്പെടുന്നു. അത്തരത്തിലുള്ള ഭാഗ്യഹീനമായ രാജ്യത്ത് ഭൗതികവും മാനസികവും രാഷ്ട്രീയവുമായ എല്ലാ ദൗർഭാഗ്യങ്ങളും വിശദീകരണമില്ലാതെയും സ്ഥായിയായും നില നിൽക്കുന്നു."[4] ശരത്ചന്ദ്ര ചാറ്റർജി പറഞ്ഞു: ഒരു മതഗ്രന്ഥത്തിനും അപ്രമാദിത്വമുണ്ടാവുക സാദ്ധ്യമല്ല. വേദവും മതഗ്രന്ഥമാണ്. അതിനാൽ അതിലും അബദ്ധങ്ങൾക്ക് ഒരു കുറവുമില്ല... എല്ലാ മതങ്ങളും കപടമാണ് - പ്രാകൃതയുഗങ്ങളിലെ അന്ധവിശ്വാസങ്ങൾ. മനുഷ്യരാശിയെ സംബന്ധിച്ചിടത്തോളം, അതിലും വലിയ ശത്രുവില്ല... മനുഷ്യൻ ഏതെങ്കിലും പ്രത്യേക രാജ്യത്തിന്റെ സവിശേഷമായ പാരമ്പര്യത്തിന് വേണ്ടി സൃഷ്ടിക്കപ്പെട്ടവനല്ല. മനുഷ്യൻ മൂലമാണ് പാരമ്പര്യ സവിശേഷതകൾ വിലമതിക്കപ്പെടുന്നത്. ആ പാരമ്പര്യം ഇന്ന് മനുഷ്യരാശിക്ക് ഗുണകരമാണോ എന്നതാണ് കാതലായ പ്രശ്നം. അതൊഴികെ മറ്റെല്ലാം അന്ധമായ മിഥ്യാധാരണകളാണ്. മനുഷ്യന്റെ പാരമ്പര്യം മനുഷ്യനെക്കാൾ വലുതല്ല. അത് മറക്കുമ്പോൾ നമുക്ക് മനുഷ്യനെയും നഷ്ടപ്പെടുന്നു, അവന്റെ പാരമ്പര്യത്തെയും നഷ്ടപ്പെടുന്നു."[5] ആ നാളുകളിലെ നവോത്ഥാനത്തിന്റെ ധീരമായ ശബ്ദമാണിത്. എന്നാൽ കോൺഗ്രസ്സും അതേ പോലെ തന്നെ ആർഎസ്എസ്-ബിജെപിയും, ഒരു ഫാസിസ്റ്റ് മനോഘടന സൃഷ്ടിക്കുന്നതിന് വേണ്ടി, ഈ മഹാന്മാരായ നവോത്ഥാന നായകന്മാരുടെ ചിന്തകളെ എതിർക്കുകയാണ്.

### സുഭാഷ് ചന്ദ്രബോസിന്റെ അഭിപ്രായങ്ങൾ

ഇനി ഞാൻ മറ്റൊരു സംഭവം പറയാം. രണ്ടാം ലോകയുദ്ധത്തിന് തൊട്ടുമുമ്പായി സുഭാഷ്ബോസ് ഇൻഡ്യ വിടുന്നതിന് മുമ്പ് അദ്ദേഹം വീട്ടുതടങ്കലിലായിരുന്നു. അതിന് മുമ്പ് ആലിപ്പൂർ ജയിലിലും. ജയിലിൽ വച്ച് ചില ആവശ്യങ്ങളുന്നയിച്ചുകൊണ്ട് അദ്ദേഹം മരണം വരെ നിരാഹാരസമരം ആരംഭിച്ചു. ബ്രിട്ടീഷുകാർ തന്റെ ആവശ്യങ്ങൾ അംഗീകരിക്കുകയില്ല എന്നായിരുന്നു അദ്ദേഹം വിചാരിച്ചിരുന്നത്. അതിനാൽ, താനും ജതിൻദാസിനെപ്പോലെ രക്തസാക്ഷിത്വം വരിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ തീരുമാനം. ആ നാളുകളിൽ അദ്ദേഹം രണ്ട് ലേഖനങ്ങൾ എഴുതുകയുണ്ടായി. തന്റെ പാർട്ടിയുടെ പ്രവർത്തകർക്കുള്ള നിർദ്ദേശമായിരുന്നു അതിലൊന്ന്. മറ്റേത് ഇൻഡ്യയിലെ യുവജനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശവും. സുഭാഷ്ബോസ് ആദ്യനാളുകളിൽ വേദാന്തവിശ്വാസിയും ഭൗതികവാദത്തിന്റെ എതിരാളിയുമായിരുന്നുവെന്ന കാര്യം ഇവിടെ സ്മരണീയമാണ്. എന്നാൽ, പിൽക്കാലത്ത് അദ്ദേഹം ഹെഗലിയൻ ദ്വന്ദ്വവാദത്തിന്റെ ഭാഗത്തേയ്ക്ക് ക്രമേണ ചായുകയുണ്ടായി. അദ്ദേഹം എഴുതി: "പ്രതിഭാസങ്ങളുടേതായ ലോകത്തിന്റെ സ്വഭാവം എന്തെന്ന പ്രശ്നത്തെ സംബന്ധിച്ചിടത്തോളം, ശാസ്ത്രം ഇന്നോളം വെളിപ്പെടുത്തിയ കാര്യങ്ങൾ കണക്കിലെടുക്കുകയും, തുറന്ന മനസ്സോടുകൂടിയുള്ള ഒരു സമീപനം സ്വീകരിക്കുകയും ചെയ്യുന്നതാണ് നല്ലത്. ശാസ്ത്രം മുന്നേറുന്നതിനനുസരിച്ച് കൂടുതൽ വെളിച്ചം ലഭിക്കുമെന്നുറപ്പാണ്. അതേ സമയംതന്നെ, ഭൗതികവാദത്തിന്റെ പഴയ ധാരണ പൂർണ്ണമായും തകർന്നിരിക്കുന്നുവെന്ന് നാം ഓർക്കണം. അത്, ഒരുവശത്ത് ശാസ്ത്രീയ ഗവേഷണങ്ങളുടെയും മറുവശത്ത് ദാർശനികമായ യുക്തിവിചാരത്തിന്റെയും സങ്കല്പങ്ങളുടെയും ആക്രമണത്തിന് വിധേയമായിരുന്നു."[6] ശാസ്ത്രീയമായ കണ്ടുപിടിത്തങ്ങളുടെയും യുക്തിചിന്തയുടെയും വെളിച്ചത്തിൽ തെറ്റെന്ന് തെളിയിക്കപ്പെട്ട പഴയ ഭൗതികവാദത്തിൽ തനിക്ക് വിശ്വാസമുണ്ടായിരുന്നില്ലെങ്കിലും, സത്യം കണ്ടെത്താനുള്ള ഉപാധിയായി അദ്ദേഹം ശാസ്ത്രത്തെ മാത്രമാണ് ചൂണ്ടിക്കാട്ടിയത് എന്ന് ഇത് കാണിക്കുന്നു. ഇൻഡ്യയിലെ യുവജനതയ്ക്ക്, ചെറുപ്പത്തിൽ തനിക്ക് സംഭവിച്ചതുപോലെ തെറ്റുപറ്റരുത് എന്ന് കരു

ശേഷം 12-ാം പേജിൽ)

പ്രൊവാഷ് ഘോഷ്

# രാഷ്ട്രം രൂപം കൊള്ളുന്നത് മതത്തിന്റെ അടിസ്ഥാനത്തിലല്ല

*(11-ാംപേജിൽ നിന്ന്)*

തിയാണ് അദ്ദേഹം ഈ വരികൾ എഴുതിയത്. ബിജെപി പറയുന്നതും ചെയ്യാൻ തുനിയുന്നതുമായ കാര്യങ്ങൾ റാം മോഹനും വിദ്യാസാഗറും രവീന്ദ്രനാഥ് ടാഗോറും ശരത്ചന്ദ്ര ചാറ്റർജിയും സുഭാഷ്ചന്ദ്രബോസും പറഞ്ഞതിന് നേർ വിപരീതമാണെന്ന് വ്യക്തമാക്കാൻ വേണ്ടിയാണ് ഞാൻ ഇതെല്ലാം ചൂണ്ടിക്കാട്ടുന്നത്. അപ്പോൾ ഇതിൽ ആരെയാണ് നാം അനുഗമിക്കേണ്ടത്? നിങ്ങൾ മാർക്സിസം സ്വീകരിക്കാൻ ആഗ്രഹിക്കുന്നില്ലെങ്കിൽപ്പോലും, പശ്ചിമ ബംഗാളിലെ, ഇൻഡ്യയിലെ, പൗരന്മാരെന്ന നിലയിൽ ചിന്തിക്കണം: ഈ മഹാന്മാരെ നിരാകരിച്ചിട്ട് നാം പൊയ്പ്പോയ ആ ഇരുളടഞ്ഞ നാളുകളിലേയ്ക്ക് മടങ്ങിപ്പോകണമോ? വേദങ്ങളും വേദാന്തവും മനുസ്മൃതിയും അപ്രമാദങ്ങളാണെന്ന് കരുതപ്പെട്ടിരുന്ന ആ നാളുകളിലേയ്ക്ക് നാം മടങ്ങിപ്പോകണമോ? ഈ കാലഹരണപ്പെട്ട ആശയങ്ങൾക്കെതിരെയാണ് റാം മോഹനും വിദ്യാസാഗറും രവീന്ദ്രനാഥും ശരത്ചന്ദ്രനും സുഭാഷ്ചന്ദ്രനും നസ്രുൾ ഇസ്ലാമും പോരാട്ടം നടത്തിയത്. ഇവിടെ നാം ഏത് മാർഗ്ഗം അവലംബിക്കണം? ഈ വിഷയം നിങ്ങൾ ഗാഢമായി ചിന്തിക്കണം.

**ആർ.എസ്.എസിന്റെയും ബിജെപിയുടെയും ആശയങ്ങൾ സ്വാമി വിവേകാനന്ദന്റെ പാഠങ്ങൾക്കെതിരാണ്**

ബിജെപിയും ആർഎസ്.എസും സ്വാമി വിവേകാനന്ദന്റെ ചിത്രം അലങ്കരിച്ചുവയ്ക്കുകയും, വിവേകാനന്ദന്റെ അനുയായികളായി സ്വയം അവകാശപ്പെടുകയും ചെയ്യുന്നു. എന്നാൽ യാഥാർത്ഥ്യമെന്താണ്? ആർ.എസ്.എസിന്റെ സിദ്ധാന്തകാരനായ ഗോൾവർക്കർ എഴുതി: “അതിനാൽ, ഹിന്ദുസ്ഥാനിലെ വിദേശ വംശക്കാർ, ഒന്നുകിൽ ഹിന്ദുസംസ്കാരവും ഭാഷയും സ്വീകരിക്കണം; ഹിന്ദുമതത്തെ ബഹുമാനിക്കാനും ഭക്ത്യാദരപൂർവ്വം കാണാനും പഠിക്കണം; ഹിന്ദുവംശത്തെയും സംസ്കാരത്തെയും, അതായത് ഹിന്ദുരാഷ്ട്രത്തെ, മഹത്വവൽക്കരിക്കുന്നതല്ലാത്ത യാതൊരുവിധ ആശയവും വച്ചുപുലർത്താൻ പാടില്ല; ഹിന്ദുവംശത്തിൽ ലയിച്ചുചേരുന്നതിനായി തങ്ങളുടെ വേറിട്ട നിലനില്പ് ഉപേക്ഷിക്കണം. അതല്ലെങ്കിൽ, ഹിന്ദുരാഷ്ട്രത്തിന് പൂർണ്ണമായും കീഴ്പ്പെട്ട്, യാതൊന്നും അവകാശപ്പെടാതെയും വിശേഷാവകാശങ്ങൾക്കോ പ്രത്യേകപരിഗണനയ്ക്കോ പോകട്ടെ പൗരാവകാശങ്ങൾക്ക് പോലും അവകാശമില്ലാതെയും ഈ രാജ്യത്ത് ജീവിച്ചുകൊള്ളണം.”[7] ഹിന്ദുക്കളല്ലാത്തവർ ഹിന്ദുമതത്തെയും ഹിന്ദുസംസ്കാരത്തെയും ഹിന്ദുഭാഷയെയും, അതായത് സംസ്കൃതത്തെയും, ബഹുമാനിച്ചുകൊള്ളണം എന്നാണ് അതിനർത്ഥം. അല്ലെങ്കിൽ അവർക്ക് ഈ രാജ്യത്ത് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല. അതാണ് ആർഎസ്എസ് മേധാവി ഗോൾവർക്കറുടെ കല്പന. ഇനി, വിവേകാനന്ദൻ പറഞ്ഞതെന്തെന്ന് നോക്കാം. അദ്ദേഹം പറഞ്ഞു: “ക്രിസ്ത്യാനികൾ ബുദ്ധമതക്കാരാവുകയോ, മുസ്ലീങ്ങൾ ഹിന്ദുക്കളാകുകയോ, ബൗദ്ധന്മാർ ക്രിസ്ത്യാനികളാകുകയോ ഒന്നും ചെയ്യേണ്ടതില്ല. മറിച്ച് ഈ മതങ്ങളിലോരോന്നും ഇതര മതങ്ങളുടെ സാരാംശം സ്വാംശീകരിക്കുന്നതിലൂടെ പുഷ്ടിപ്പെടുകയും, അതാതിന്റെ പ്രകൃതമനുസരിച്ചും തനിമ നിലനിർത്തിയും വളർന്നുവരും... .വേദങ്ങളോ ബൈബിളോ ഖുറാനോ ഇല്ലാത്ത ഒരു ലോകം, എന്നാൽ വേദങ്ങളുടെയും ബൈബിളിന്റെയും ഖുറാന്റെയും ഉദ്ഗ്രഥനത്തിലൂടെ എല്ലാ പ്രവൃത്തികളും നിർവഹിക്കപ്പെടുന്ന ഒരു ലോകം, അങ്ങനെയൊരു ഘട്ടത്തിലേയ്ക്ക് മനുഷ്യരാശിയെ നയിക്കാനാണ് നാം ആഗ്രഹിക്കുന്നത്... നാം എല്ലാ മതങ്ങളോടും സഹിഷ്ണുത പുലർത്തുക മാത്രമല്ല, അവയെല്ലാം സത്യമാണെന്ന് വിശ്വസിക്കുകയും ചെയ്യുന്നു.”[8,9] അപ്പോൾ ഇതിൽ ആരാണ് യഥാർത്ഥ ഹിന്ദു? വിവേകാനന്ദനോ അതോ ആർഎസ്എസ് ബിജെപിയോ? വിവേകാനന്ദൻ ഇങ്ങനെയും പറഞ്ഞു: “എനിക്കൊരു മകനുണ്ടായിരുന്നെങ്കിൽ അവനെ ഏകാഗ്രത പരിശീലിപ്പിക്കുകയും ഒരു ഖണ്ഡിക പ്രാർത്ഥനയും മന്ത്രോച്ചാരണവും പഠിപ്പിക്കുമെന്നല്ലാതെ പ്രത്യേകിച്ച് ഏതെങ്കിലും മതപാഠങ്ങൾ പഠിപ്പിക്കുമായിരുന്നില്ല. വളർന്നുവരുന്നതനുസരിച്ച്, പല അഭിപ്രായങ്ങളും ഉപദേശങ്ങളും കേൾക്കുന്നതിൽ നിന്ന് തനിക്ക് സത്യമെന്ന് ബോദ്ധ്യപ്പെടുന്ന ചിലത് അവന് ലഭിക്കും. ഒരേ സമയം, പൂർണ്ണ സ്വാതന്ത്ര്യത്തോടെയും പ്രത്യേകിച്ച് ഒരു സംഘർഷവുമില്ലാതെയും, എന്റെ മകന് ബൗദ്ധനും ഭാര്യയ്ക്ക് ക്രിസ്ത്യാനിയും എനിക്ക് മുസ്ലീമും ആയിരിക്കാൻ, തികച്ചും സ്വാഭാവികമായിത്തന്നെ, സാധിക്കും.”[10] അപ്പോൾ നാം വിവേകാനന്ദനെ ഹിന്ദുവെന്ന് വിളിക്കണമോ അതോ ആർഎസ്എസ്-ബിജെപിയെ ഹിന്ദുവെന്ന് വിളിക്കണമോ എന്ന് നിങ്ങൾ തന്നെ ചിന്തിക്കുക.

മുസ്ലീം രാജാക്കന്മാരും ചക്രവർത്തിമാരും വാളിന്റെ ബലത്തിൽ ഈ രാജ്യത്ത് ഇസ്ലാം മതം പ്രചരിപ്പിച്ചുവെന്നാണ് ആർഎസ്എസ്-ബിജെപി പറയുന്നത്. എന്നാൽ, വിവേകാനന്ദൻ പറഞ്ഞു: “മുസ്ലീങ്ങൾ ഇൻഡ്യ കീഴടക്കിയതോടെ പാവങ്ങൾ വിമോചനത്തിന്റെ രുചിയറിഞ്ഞു. അതുകൊണ്ടാണ് ഈ രാജ്യത്തെ ജനസംഖ്യയുടെ അഞ്ചിലൊന്ന് ഭാഗവും മുസ്ലീങ്ങളായത്. ആയുധത്തിന്റെ ബലം കൊണ്ടല്ല അത് സംഭവിച്ചത്. ആയുധത്തിന്റെയും നശീകരണപ്രവൃത്തികളുടെയും ബലത്തിലാണ് അത് സംഭവിച്ചതെന്ന് ചിന്തിക്കുന്നത് തികഞ്ഞ ഭ്രാന്താണ്. പാവങ്ങൾ ജമീന്ദാരന്മാരുടെയും പുരോഹിതന്മാരുടെയും പിടിയിൽ നിന്നുള്ള മോചനം ആഗ്രഹിച്ചിരുന്നു.”[11] അധഃസ്ഥിത ജാതിക്കാരായ പാവപ്പെട്ട ഹിന്ദുക്കൾ ഹിന്ദുക്കളായ ജമീന്ദാരന്മാരുടെയും പുരോഹിതന്മാരുടെയും മർദ്ദനത്തിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടിയാണ് മുസ്ലീങ്ങളായത് എന്നർത്ഥം. ഇത് പറയുന്നത് സാക്ഷാൽ വിവേകാനന്ദൻ. അപ്പോൾ ആരാണ് ശരി? വിവേകാനന്ദനോ ആർഎസ്എസോ? വിവേകാനന്ദന്റെ ചിത്രവുമേന്തിനടക്കാൻ ആർഎസ്എസിന് എന്തെങ്കിലും ധാർമ്മികാവകാശമുണ്ടോ?

ബിജെപി നേതാക്കൾ ചരിത്രസ്മാരകമായിരുന്ന ബാബ്റി മസ്ജിദ് തകർത്തു. താലിബാൻകാർ അഫ്ഘാനിസ്ഥാനിലെ ബുദ്ധപ്രതിമകൾ തകർത്തതിന് തുല്യം ഹീനമായ നടപടിയായിരുന്നു അത്. ബാബ്റി മസ്ജിദിൽ ആരും പ്രാർത്ഥന നടത്തിയിരുന്നില്ല. പ്രത്യേകിച്ച് ആരും ഉപയോഗിക്കാതെ കിടന്നിരുന്ന പഴയ ഒരു കെട്ടിടമായിരുന്നു അത്. പുരാണത്തിലെ സാങ്കല്പിക കഥാപാത്രമായ രാമന്റെ പേരിലുള്ള വികാരം കുത്തിപ്പൊക്കി ബിജെപി-ആർഎസ്എസ് ആ കെട്ടിടം ഇടിച്ചുനിരത്തി. തെരഞ്ഞെടുപ്പിൽ വോട്ട് നേടുക എന്ന ലക്ഷ്യം മാത്രമായിരുന്നു അതിന് പിന്നിൽ. മുമ്പും ഞങ്ങൾ അവരോട് ചോദിച്ചിട്ടുള്ള ഒരു ചോദ്യം ആവർത്തിക്കട്ടെ: ചൈതന്യൻ ഹിന്ദുവായിരുന്നുവോ? രാമകൃഷ്ണപരമഹംസർ ഹിന്ദുവായിരുന്നുവോ? വിവേകാനന്ദൻ ഹിന്ദുവായിരുന്നുവോ? അവർക്ക് ബാബ്റി മസ്ജിദിനെപ്പറ്റിയും അതിന്റെ ചരിത്രത്തെപ്പറ്റിയും അറിയുമായിരുന്നില്ലേ? പക്ഷെ, അവർ ഒരിക്കലും ഹിന്ദുക്കളോട് ബാബ്റി മസ്ജിദ് തകർത്ത് തൽസ്ഥാനത്ത് രാമക്ഷേത്രം നിർമ്മിക്കണമെന്ന് ആഹ്വാനം ചെയ്തിട്ടില്ല. ആർഎസ്എസ്-ബിജെപി നുണപ്രചാരണം നടത്തി ആ ചരിത്രസ്മാരകം തകർക്കുകയും വർഗ്ഗീയകലാപം അഴിച്ചുവിടുകയും ചെയ്തത് വോട്ടിന് വേണ്ടി മാത്രമായിരുന്നു. രാമകൃഷ്ണ പരമഹംസർ തന്നെ ഒരു മുസ്ലീംപള്ളിയിൽ നമസ്കരിക്കുകയും ക്രിസ്ത്യൻ പള്ളിയിൽ പ്രാർത്ഥിക്കുകയും ചെയ്തിട്ടുണ്ടെന്ന് അവർക്കറിയാമോ? ക്ഷേത്രത്തെപ്പറ്റി വിവേകാനന്ദൻ എഴുതി: “കാശിയിലെയും വൃന്ദാവനത്തിലെയും ക്ഷേത്രകവാടങ്ങൾ അടച്ചും തുറന്നും ദശലക്ഷക്കണക്കിന് രൂപയാണ് ചെലവിടുന്നത്. ഒരിക്കൽ ദൈവം വസ്ത്രം മാറ്റുന്നു, മറ്റൊരിക്കൽ ചോറുണ്ണുന്നു, അല്ലെങ്കിൽ മച്ചികളായ സ്ത്രീകളുടെ പുത്രന്മാരെ ശകാരിക്കുന്നു. അതേ സമയം ജീവനുള്ള ദൈവങ്ങൾ ഭക്ഷണവും വസ്ത്രവുമില്ലാതെ മരിക്കുകയാണ്.”[12] പാവങ്ങൾ ഭക്ഷണവും വസ്ത്രവുമില്ലാതെ നരകിക്കുമ്പോൾ ഭക്തന്മാരെന്ന് പറയുന്നവർ അമ്പലങ്ങൾ പണിയുകയും വിഗ്രഹങ്ങളെ സ്വർണ്ണാഭരണങ്ങൾ ചാർത്തി അലങ്കരിക്കുകയും ചെയ്യുന്നതിനെയാണ് അദ്ദേഹം വിമർശിക്കുന്നത്. മറുവശത്ത്, ജീവിച്ചിരിക്കുന്ന ദൈവങ്ങൾ അതായത് മനുഷ്യർ ഭക്ഷണമില്ലാതെ മരിക്കുന്നുവെന്നും അത് അപമാനകരമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. അദ്ദേഹം പറഞ്ഞതെന്തെന്ന് ഞാൻ ആർഎസ്എസ്-ബിജെപി നേതാക്കളെ ഓർമ്മപ്പെടുത്തട്ടെ: “ആദ്യം ഭക്ഷണം. അതിന് ശേഷം മതി മതം... ഭാരതീയനെന്നല്ല, ഏതെങ്കിലുമൊരു മനുഷ്യൻ എവിടെയെങ്കിലും പട്ടിണി കിടക്കുന്നിടത്തോളം കാലം ഞാൻ മതം പ്രചരിപ്പിക്കുകയില്ല.” “ഈ രാജ്യത്ത് ഒരു നായയെങ്കിലും ഭക്ഷണമില്ലാതെ കഴിയുന്നിടത്തോളം കാലം, അവയ്ക്ക് ആഹാരം കൊടുക്കുക എന്നത് മാത്രമായിരിക്കും എന്റെ മതം.”[13] ഈ വിവേകാനന്ദനെപ്പറ്റി ആർഎസ്എസ്-ബിജെപി നേതാക്കൾക്ക് എന്താണ് പറയാനുള്ളത്? ഇങ്ങനെയൊരു വിവേകാനന്ദനെ അവർക്ക് പരിചയമുണ്ടോ? അദ്ദേഹം വേദാന്തത്തിലാണ് വിശ്വസിച്ചിരുന്നത്. ഞങ്ങൾ വിശ്വസിക്കുന്നത് മാർക്സിസത്തിലും. ഇക്കാര്യത്തിൽ അദ്ദേഹവും ഞങ്ങളും തമ്മിൽ മൗലികമായ വ്യത്യാസമുണ്ട്. പക്ഷെ, അദ്ദേഹം മഹാനായിരുന്നു. അദ്ദേഹം വോട്ടിന്റെ രാഷ്ട്രീയത്തിൽ ഏർപ്പെടുകയോ കാപട്യം വച്ചുപുലർത്തുകയോ ചെയ്തില്ല. യഥാർത്ഥ രാജ്യസ്നേഹി ആര് എന്ന ചോദ്യം അദ്ദേഹം ഉന്നയിച്ചു. അദ്ദേഹത്തിന്റെ ഭാഷയിൽ : “ജനങ്ങൾ നൂറ്റാണ്ടുകളായി അർദ്ധ പട്ടിണിക്കാരായി ജീവിക്കുന്നു. വിദ്യാവിഹീനതയുടെ കാർമേഘങ്ങൾ ഇൻഡ്യയെ മൂടിയിരിക്കുകയാണെന്ന് നിങ്ങൾ മനസ്സിലാക്കുന്നുണ്ടോ? ഈ ചിന്തകൾ നിങ്ങളെ അസ്വസ്ഥരാക്കുന്നുണ്ടോ, നിങ്ങളുടെ ഉറക്കം കെടുത്തുന്നുണ്ടോ? ഈ ചിന്തകൾ നിങ്ങളുടെ രക്തത്തിൽ ഇഴുകിച്ചേർന്ന് സിരകളിലൂടെ ഒഴുകുന്നുണ്ടോ? ഇതൊക്കെ നിങ്ങളെ സംബന്ധിച്ചിടത്തോളം ഭ്രാന്തുപിടിപ്പിക്കുന്ന ചിന്തകളാണോ? രാജ്യസ്നേഹിയാകുന്നതിന്റെ ആദ്യ ചുവടുവയ്പ് ഇതാണ്.”[14] ഇന്ന് അധികാരത്തിലിരിക്കുന്ന ആർഎസ്എസ്- ബിജെപി നേതാക്കൾക്ക് ഈ വിവേകാനന്ദനെ അറിയുമോ? വിവേകാനന്ദന്റെ വ്യക്തിത്വത്തിൽ രണ്ട് വിപരീത വശങ്ങളുണ്ടായിരുന്നു. ഒരുവശത്ത്, അദ്ദേഹം ഒരു ആത്മീയവാദിയായിരുന്നു, വേദാന്തവിശ്വാസി. മറുവശത്ത് അദ്ദേഹം ഇൻഡ്യൻ ദേശീയ വികാരത്തെ ഉണർത്തിയ വ്യക്തിയുമായിരുന്നു. വിവേകാനന്ദന്റെ ദേശീയവാദത്തിന്റെയും ഏതെങ്കിലും അളവിൽ അദ്ദേഹം ഉയർത്തിപ്പിടിച്ച മാനവവാദ മൂല്യങ്ങളുടെയും പേരിലാണ് ഞങ്ങൾ വിവേകാനന്ദനെ ആദരിക്കുന്നതും ഒരു മഹാനെന്ന നിലയിൽ ഉയർത്തിപ്പിടിക്കുന്നതും. ദേശീയവാദിയായ വിവേകാനന്ദൻ യഥാർത്ഥത്തിൽ നിലനിൽക്കുന്ന ദാരിദ്ര്യത്തിന്റെയും മർദ്ദനത്തിന്റെയും വിദ്യാവിഹീനതയുടെയും പേരിൽ കഠിനമായി ദുഃഖിക്കുകയും അവയ്ക്കെതിരെ ശബ്ദമുയർത്തുകയും ചെയ്തപ്പോൾ, ആത്മീയവാദിയായ വിവേകാനന്ദൻ, “വസ്തുനിഷ്ഠലോകം മിഥ്യയാണ്, പരമാത്മാവ് അഥവാ ബ്രഹ്മം മാത്രമാണ് സത്യം” എന്നു പറയുന്ന ആത്മീയവാദപരമായ വേദാന്തത്തിലാണ് വിശ്വസിച്ചിരുന്നത് എന്നതാണ് ഖേദകരമായ കാര്യം. വസ്തുനിഷ്ഠലോകം യഥാർത്ഥത്തിൽ നിലനില്പില്ലാത്ത മിഥ്യ മാത്രമാണ് എന്നത്രേ വേദാന്തത്തിലെ ഈ ആശയത്തിന്റെ അർത്ഥം. ജനങ്ങളുടെ യാതനകളും കഷ്ടപ്പാടുകളും എന്നു പറയുന്നതും മിഥ്യയാണെന്നാണ് അതിന്റെ അർത്ഥം. ഇത്രയും മഹാനായ ഒരു വ്യക്തിക്ക് തന്റെ ജീവിതത്തിൽ സംഭവിച്ച വേദനാകരമായ ദുരന്തമാണത്.

പക്ഷെ, വിവേകാനന്ദന്റെ ഈ വാക്കുകൾ അദ്ദേഹത്തിന്റെ മഹത്വമെന്തെന്ന് വെളിപ്പെടുത്തുന്നു: “കോടിക്കണക്കിന് വരുന്ന ഇൻഡ്യക്കാർ ദാരിദ്ര്യത്തിന്റെയും അജ്ഞതയുടെയും അന്ധകാരത്തിൽ കഴിയുന്നിടത്തോളം കാലം, ദരിദ്രരും അജ്ഞരുമായ ആ ജനസഞ്ചയത്തിന്റെ ചെലവിൽ വിദ്യാഭ്യാസം നേടുകയും എന്നാൽ അവരെ തിരിഞ്ഞു നോക്കാതിരിക്കുകയും ചെയ്യുന്നവരെ ഞാൻ രാജ്യദ്രോഹികളായി കണക്കാക്കും... ഇരുപത് കോടി വരുന്ന ഇൻഡ്യക്കാർ വിശക്കുന്ന മൃഗങ്ങളെപ്പോലെ ജീവിക്കുന്ന കാലത്തോളം, ആ നിസ്സഹായരെ പിഴിഞ്ഞൂറ്റുന്ന പണം കൊണ്ട് സുഖലോലുപമായ ജീവിതം നയിക്കുന്ന സമ്പന്നരെ ഞാൻ പാപികളായ തെമ്മാടികൾ എന്ന് വിളിക്കും.”[15,16] വിവേകാനന്ദന്റെ ഈ നിരീക്ഷണത്തിന്റെ വെളിച്ചത്തിൽ, രാജ്യസ്നേഹികളും ജനക്ഷേമതല്പരരുമായി നടിക്കുന്ന ഇന്നത്തെ നേതാക്കളെ നാം എന്തു വിളിക്കണം! മാർക്സിസ്റ്റുകളെന്ന നിലയിൽ ഞങ്ങൾക്ക്, പൊയ്പ്പോയ യുഗങ്ങളിലെ മഹാന്മാരുടെ ആശയങ്ങളുമായി വിയോജിപ്പുണ്ട്. എങ്കിലും അവരുടെ സ്വപ്നങ്ങളെയും, മർദ്ദിത ജനതയോട് അവർ പുലർത്തിയിരുന്ന സഹാനുഭൂതിയെയും ഞങ്ങൾ അത്യാദരപൂർവ്വം വീക്ഷിക്കുന്നു. ഞങ്ങൾ അവരെ ആദരിക്കുന്നുവെന്ന് മാത്രമല്ല, അവർ ജീവിച്ചിരുന്ന സ്ഥലകാലങ്ങളുടെ പശ്ചാത്തലത്തിൽ അവരെ വിലമതിക്കാനും ശ്രമിക്കുന്നു.

മതാചാര്യന്മാരെ ഞങ്ങൾ ആദരിക്കുന്നുവെന്ന് കൂട്ടിച്ചേർക്കാൻ ഞാനാഗ്രഹിക്കുന്നു. ഈ വിഷയത്തിൽ മാർക്സിസ്റ്റുകളെപ്പറ്റി തെറ്റായ ഒരു ധാരണ പരന്നിട്ടുണ്ട്. മതം അതിന്റെ കാലത്ത് പുരോഗമനപരമായ പങ്ക് വഹിച്ചിട്ടുണ്ട് എന്നതാണ് ഞങ്ങളുടെ അഭിപ്രായം. ചില മതങ്ങൾ സാമൂഹ്യപുരോഗതിക്കുവേണ്ടി പോരാട്ടം തന്നെ നടത്തിയിട്ടുണ്ട്. എന്നാൽ, വിദൂരഭൂതകാലത്ത് സമൂഹത്തിൽ ദൈവം എന്ന സങ്കല്പം ഉണ്ടായിരുന്നില്ല. ചരിത്രവിശകലനത്തിന്റെ അടിസ്ഥാനത്തിൽ മാർക്സിസം അസന്ദിഗ്ദ്ധമായി സ്ഥാപിച്ചിട്ടുള്ള കാര്യമാണത്. ആൻഡമാൻ ദ്വീപുകളിൽ ജറോവ എന്നറിയപ്പെടുന്ന ഒരു ആദിമ ഗോത്രവർഗ്ഗത്തെ കാണാം. അവർക്ക് വസ്ത്രം ധരിക്കാനറിയില്ല, സ്വകാര്യസ്വത്തില്ല, വീടോ കുടുംബമോ ഒന്നുമില്ല. അവരുടെയിടയിൽ ഉള്ളവരും ഇല്ലാത്തവരും ഇല്ല, ഭരണാധികാരികളുമില്ല. അവർ ദൈവത്തിൽ വിശ്വസിക്കുന്നില്ല, മതപരമായ അനുഷ്ഠാനങ്ങളും വച്ചുപുലർത്തുന്നില്ല. മാർക്സിസം ചൂണ്ടിക്കാട്ടിയിട്ടുള്ള ആദിമയുഗത്തിലെ മനുഷ്യന്റെ സ്വഭാവം ഇതായിരുന്നു.

ഇനി വിവേകാനന്ദന്റെ കൃതികളിൽ നിന്ന് ചില വരികൾ ഞാൻ വായിക്കാം. വിവേകാനന്ദനെ അന്ധമായി പിന്തുടരുന്ന അനുയായികൾക്ക് ഈ വരികൾ രസിച്ചെന്നുവരില്ല. എന്തെന്നാൽ, ഇവിടെ വിവേകാനന്ദൻ തന്നെയാണ് അവരെ കുഴപ്പത്തിലാക്കുന്നത്. വിവേകാനന്ദൻ 1897-ൽ തന്റെ ലാഹോർ പ്രസംഗത്തിൽ ഇങ്ങനെ പറഞ്ഞു: “പ്രപഞ്ചസത്യം തേടി ബാഹ്യപ്രകൃതിയിൽ നടത്തിയ തിരച്ചിലായിരുന്നു ആദ്യത്തേത്. ജീവിതത്തിലെ പ്രശ്നങ്ങൾക്ക് പദാർത്ഥലോകത്തുനിന്ന് ഉത്തരം കണ്ടെത്താനുള്ള ശ്രമമായിരുന്നു അത്.”[17]വിവേകാനന്ദൻ തന്നെ പറയുകയാണ്, മനുഷ്യന്റെ ആദ്യത്തെ ചിന്ത ഈ ഭൗതികലോകത്തെ കേന്ദ്രീകരിച്ചുള്ളതായിരുന്നുവെന്ന്. അതാണ് വിവേകാനന്ദന്റെ മഹത്വം. അദ്ദേഹം ചരിത്രസത്യം അംഗീകരിച്ചു.

**മാർക്സിസം മാത്രമാണ് മതത്തിന്റെ ചരിത്രപരമായ സ്ഥാനമെന്തെന്ന് ശരിയായി ചൂണ്ടിക്കാട്ടിയത്**

ആദിമ സമൂഹത്തിൽ മതം ഉണ്ടായിരുന്നില്ല. അടിമത്ത സമൂഹത്തിൽ, മർദ്ദകനും മർദ്ദിതനും, ഭരിക്കുന്നവനും ഭരിക്കപ്പെടുന്നവനും, എന്നുള്ള വിഭജനം നിലവിൽ വന്നിരുന്ന സമൂഹത്തിൽ, ആണ് മതം ഉടലെടുത്തത്. ഈ വിഷയത്തിൽ മാർക്സ് ചരിത്രപ്രധാനമായ ഒരു നിരീക്ഷണം നടത്തിയിട്ടുണ്ട്. അദ്ദേഹം പറഞ്ഞു: “മതപരമായ ദുഃഖം

*ശേഷം 13-ാം പേജിൽ)*

പ്രൊവാഷ് ഘോഷ്

# മതം സാമൂഹ്യ രാഷ്ട്രീയ വിഷയങ്ങളിൽ ഇടപെടരുത് എന്നതാണ് മതേതരത്വത്തിന്റെ ശരിയായ വിവക്ഷ

(12-ാംപേജിൽ നിന്ന്)

അതേ സമയം തന്നെ യഥാർത്ഥ ദുഃഖത്തിന്റെ പ്രകാശനമാണ്. യഥാർത്ഥ ദുഃഖത്തിനെതിരായ പ്രതിഷേധവും കൂടിയാണത്. മതം മർദ്ദിത ജീവിയുടെ നിശ്വാസമാണ്, ഹൃദയശൂന്യമായ ലോകത്തിന്റെ ഹൃദയമാണ്, ആത്മാവില്ലാത്ത സാഹചര്യങ്ങളുടെ ആത്മാവാണ്."[18] ആ യുഗത്തിൽ, മർദ്ദിതരായ അടിമകളുടെ വേദനയിലും വിലാപത്തിലും മനസ്സലിഞ്ഞ ഒരുപിടി ചിന്തകന്മാർ ഉയർന്നുവന്നു. അവർ പറഞ്ഞു: സമൂഹത്തിന്റെ നായകസ്ഥാനത്ത് സമൂഹത്തെ ഭരിക്കാൻ ഒരു യജമാനൻ ഉള്ളതുപോലെ, ഈ പ്രപഞ്ചത്തിന്റെയാകെ യജമാനനായി, ഭരണാധികാരിയായി ഒരാളുണ്ട്. അദ്ദേഹത്തിന്റെ ആജ്ഞയനുസരിച്ചാണ് എന്തും സംഭവിക്കുന്നത്. എല്ലാവരും ആ സർവ്വശക്തനായ ദൈവത്തിന്റെ മക്കളാണെന്ന് അവർ പറഞ്ഞു. അടിമയും ഉടമയും ദൈവത്തിന്റെ മക്കളാണ്. അതിനാൽ സമൂഹത്തിൽ എല്ലാം നടക്കേണ്ടത് ദൈവത്തിന്റെ ഇച്ഛയനുസരിച്ചാണ്. അക്കാലത്ത്, മനസ്സ് എന്താണ്, ചിന്ത എന്താണ്, എങ്ങനെയാണ് നാം ചിന്തിക്കുന്നത് തുടങ്ങിയ ചോദ്യങ്ങൾക്കൊന്നും ശാസ്ത്രീയമായ ഉത്തരം ഉണ്ടായിരുന്നില്ല. അതിനും എത്രയോ കാലത്തിന് ശേഷമാണ് മാർക്സിസം, ശാസ്ത്രത്തെ അടിസ്ഥാനപ്പെടുത്തി ഈ ചോദ്യങ്ങൾക്കെല്ലാം ഉത്തരം നൽകിയത്. മനുഷ്യന്റെ തലച്ചോറും ബാഹ്യലോകവും തമ്മിലുള്ള വൈരുദ്ധ്യത്തിലൂടെയാണ് ചിന്ത ഉടലെടുക്കുന്നതെന്ന് മാർക്സിസം ചൂണ്ടിക്കാണിച്ചു. ഭൗതിക സാഹചര്യങ്ങളിലുണ്ടാകുന്ന മാറ്റത്തിനനുസരിച്ച് ചിന്തയും മാറുന്നു. എന്നാൽ, അന്നത്തെ കാലത്തെ ചിന്തകന്മാർ കരുതിയത് സർവ്വശക്തനായ ദൈവമാണ് തങ്ങളെക്കൊണ്ട് ചിന്തിപ്പിക്കുന്നതെന്നായിരുന്നു. ദൈവത്തിന്റെ വിഭവമാണ് ചിന്ത എന്നായിരുന്നു വിശ്വാസം. അതിനാൽ, സമൂഹത്തിന്റെ ക്ഷേമത്തെപ്പറ്റി അവരുടെ മനസ്സിൽ ഉദയം ചെയ്ത ചിന്തകൾ ദൈവത്തിൽ നിന്ന് സിദ്ധിക്കുന്നതാണെന്ന് അവർ കരുതി. അവരെ സംബന്ധിച്ചിടത്തോളം അവ ദൈവത്തിന്റെ കല്പനകളായിരുന്നു. മതം എന്ന ധാരണ ലോകത്തുണ്ടാകുന്നത് അങ്ങനെയാണ്. അതുകൊണ്ടാണ് മഹാനായ എംഗൽസ് ക്രിസ്തുമതത്തെപ്പറ്റി ഇങ്ങനെ പറഞ്ഞത്: "ക്രിസ്തുമതവും തൊഴിലാളിവർഗ്ഗ സോഷ്യലിസവും, രണ്ടും, ബന്ധനത്തിൽ നിന്നും ദുരിതങ്ങളിൽ നിന്നുമുള്ള മോചനം വരും എന്ന് ഉദ്ഘോഷിക്കുന്നു. ജീവിതത്തിനും അപ്പുറത്ത്, മരണാനന്തരം സ്വർഗ്ഗത്തിൽ, ഈ മോചനം വരും എന്നാണ് ക്രിസ്തുമതം പറയുന്നത്. ഈ ലോകത്ത് തന്നെ, സമൂഹത്തിന്റെ പരിവർത്തനത്തിലൂടെ, അത് കൈവരുമെന്ന് സോഷ്യലിസം പറയുന്നു."[19] അദ്ദേഹം പറഞ്ഞത് ക്രിസ്തുമതത്തെപ്പറ്റിയാണെങ്കിലും എല്ലാ മതങ്ങളെയും ഉദ്ദേശിച്ചിരുന്നു. സഖാവ് ശിബ്ദാസ്ഘോഷും ഇങ്ങനെ അഭിപ്രായപ്പെടുകയുണ്ടായി: ...ക്രിസ്തുമതം ഏവരുടെയും സമത്വം ഉദ്ഘോഷിച്ചു. അതനുസരിച്ച്, അടിമകളുടെ മേൽ മർദ്ദനം നടത്തുന്ന ഉടമകൾ ദൈവേച്ഛയ്ക്കെതിരെയാണ് പ്രവർത്തിക്കുന്നതെന്ന് വരും. അതിനാൽ അടിമകളെ പീഡിപ്പിക്കുന്നത് ക്രിസ്തുമത തത്ത്വങ്ങളുടെ ലംഘനമാകുന്നു. ഈ വീക്ഷണകോണിൽ നിന്ന് നോക്കുമ്പോൾ, ക്രിസ്തുമതം ഉടമകളുടെ അനീതിക്കും മർദ്ദനത്തിനുമെതിരെ പോരാട്ടം സംഘടിപ്പിക്കാൻ ഒരു പ്രകാരത്തിൽ അടിമകളെ സഹായിച്ചുവെന്നും, ആ അർത്ഥത്തിൽ അന്ന് സാമൂഹ്യപുരോഗതിയെ സഹായിച്ചുവെന്നും കാണാൻ ബുദ്ധിമുട്ടില്ല. ഇസ്ലാമിന്റെ അനുയായികളുടെ കാര്യവും ഇതിന് സമാനമാണ്...സാമൂഹ്യവികാസത്തിന്റെ ഒരു പ്രത്യേക ഘട്ടത്തിൽ, ധാർമ്മിക-നൈതിക ധാരണകളും മൂല്യബോധവും ശരി-തെറ്റുകളെപ്പറ്റിയുള്ള ധാരണയും മറ്റുള്ളവർക്ക് സേവനം ചെയ്യാനും ആരെയും വെറുക്കാതിരിക്കാനുമുള്ള മനോഭാവവും വളർത്തിയെടുക്കാൻ സഹായിച്ചത് മതമാണെന്ന കാര്യം ഓർക്കണം. തൽഫലമായി, സമൂഹത്തിന് കെട്ടുറപ്പും ഐക്യവും പ്രദാനം ചെയ്യാൻ സഹായിച്ച ഒരു അച്ചടക്കബോധം വളർന്നുവന്നു. ഈ അർത്ഥത്തിലും മതം സാമൂഹ്യപുരോഗതിയിൽ പങ്ക് വഹിച്ചിട്ടുണ്ട്."[20] ഈ അടിസ്ഥാനത്തിൽ ഞങ്ങൾ മതാചാര്യന്മാരെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു.

പതിനാറും പതിനേഴും പതിനെട്ടും നൂറ്റാണ്ടുകളിൽ, യൂറോപ്യൻ നവോത്ഥാനത്തിന്റെ കാലത്ത്, ബൂർഷ്വാ ചിന്തകന്മാരാണ് ആദ്യം മതത്തിനെതിരെ ആക്രമണം നടത്തിയതെന്ന് നിങ്ങളിൽ പലർക്കും അറിയുകയില്ലായിരിക്കാം. ബൂർഷ്വാസി തലയുയർത്തി വരുന്ന സമയമായിരുന്നു അത്. ജന്മിത്തത്തെ നിഷ്കാസനം ചെയ്ത് ഉയർന്നുവന്നുകൊണ്ടിരുന്നതും പുരോഗമനസ്വഭാവമുള്ളതുമായ ശക്തിയായിരുന്നു അന്ന് മുതലാളിത്തം. ജന്മിത്തത്തിൽ രാജാവിനെ ദൈവത്തിന്റെ പ്രതിപുരുഷനായാണ് കണ്ടിരുന്നത്. ബൈബിളിന്റെ വാഴ്ച ദൈവത്തിന്റെ വാഴ്ചയാണെന്നായിരുന്നു വിശ്വാസം. ബൂർഷ്വാസി ശാസ്ത്രത്തെ ആയുധമാക്കിക്കൊണ്ട് ജന്മിത്തത്തിനെതിരെ നടത്തിയ പോരാട്ടത്തിൽ ബൂർഷ്വാ മാനവവാദികൾ മതത്തിനെതിരെ ആക്രമണം അഴിച്ചുവിട്ടു. ബേക്കൺ, സ്പിനോസ, ഹ്യൂം, കാന്റ്, ഫ്യൂവർബാഹ് തുടങ്ങിയ ചിന്തകന്മാർ മതത്തെ ചരിത്രത്തിന്റെ അപഭ്രംശം എന്നാണ് വിശേഷിപ്പിച്ചത്. അവർ മതത്തിന്റെ പങ്ക് എന്തെന്ന് ശരിയായി വിലയിരുത്തിയില്ല. അവരെ സംബന്ധിച്ചിടത്തോളം മതം ചരിത്രത്തിന്റെ അപഭ്രംശം അല്ലെങ്കിൽ വളച്ചൊടിക്കൽ ആയിരുന്നു. അതിനാൽ അവർ മതത്തെ വലിച്ചെറിയാൻ ആഹ്വാനം ചെയ്തു. അതിൽ നിന്ന് വ്യത്യസ്തമായി മാർക്സിസം, മതത്തിന് ചരിത്രത്തിൽ ഒരു സ്ഥാനമുണ്ടെന്നും, ഒരു പ്രത്യേക ചരിത്രഘട്ടത്തിൽ അത് പുരോഗമനപരമായ പങ്ക് വഹിച്ചിരുന്നുവെന്നും അംഗീകരിക്കുന്നു. പക്ഷെ, ഇന്നത്തെ ലോകത്തിന്റെ പ്രശ്നങ്ങളിൽ ഒന്നിനെങ്കിലും പരിഹാരം കാണാൻ മതത്തിന് സാധിക്കുമോ? വിലക്കയറ്റം, തൊഴിലില്ലായ്മ, ദാരിദ്ര്യം, ന്യായമായ കൂലി ലഭിക്കായ്ക, നികുതികളുടെയും ചാർജ്ജുകളുടെയും വർദ്ധനവ്, സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ, മുതലാളിത്ത ചൂഷണം, സാമ്രാജ്യത്വ കടന്നാക്രമണം എന്നിവ പോലെ, ഇന്നത്തെ ജീവിതത്തെ അലട്ടുന്ന നീറുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് രാമായണത്തിലോ മഹാഭാരതത്തിലോ ഗീതയിലോ ബൈബിളിലോ ഖുറാനിലോ എന്തെങ്കിലും പറയുന്നുണ്ടോ? ഇല്ല. ന്യായത്തിന്റെയും സത്യത്തിന്റെയും മാർഗ്ഗം പിന്തുടരണം എന്നുമാത്രമേ എഴുതിയിട്ടുള്ളു. പക്ഷെ, ഒരു പ്രത്യേക ചരിത്രഘട്ടത്തിൽ, ശരിതെറ്റുകളുടെയും സത്യാസത്യങ്ങളുടെയും പ്രശ്നം നിർണ്ണയിക്കപ്പെടേണ്ടത് ആ പ്രത്യേക കാലഘട്ടത്തിന്റെ ആവശ്യകതയുടെ അടിസ്ഥാനത്തിലാണ്. ഇതാണ് മതത്തിന്റെ പരിമിതി. മതവിശ്വാസികളുമായി ഞങ്ങൾക്ക് ഒരു പ്രശ്നവുമില്ല. വിലക്കയറ്റം, പിരിച്ചുവിടൽ, സ്ത്രീപീഡനം, വിദ്യാഭ്യാസ അവസരനിഷേധം, മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വ്യാപനം, അഴിമതി തുടങ്ങിയ വിനകൾക്കെതിരായ സമരത്തിൽ അവർക്ക് ഞങ്ങളുമായി സഹകരിക്കാം. എല്ലാ മതങ്ങളിലെയും വിശ്വാസികൾക്ക് മുന്നോട്ടുവരാം. അവരേവരുമായും സഹകരിച്ച് പോരാടാൻ ഞങ്ങൾക്ക് സാധിക്കും. അഭിപ്രായവ്യത്യാസം എവിടെയാണ്? സമ്പന്നരും ദരിദ്രരും എന്ന വ്യത്യാസം ദൈവത്തിന്റെ സൃഷ്ടിയാണ് എന്ന് പ്രചരിപ്പിക്കപ്പെടുന്നിടത്താണ് ഞങ്ങൾക്ക് അഭിപ്രായഭിന്നതയുള്ളത്. ഒരാൾ ദരിദ്രനായിരിക്കുന്നത് കഴിഞ്ഞ ജന്മത്തിലെ പാപത്തിന്റെ ഫലമായാണ്; പട്ടിണി കിടക്കുന്നത്, ബലാൽസംഗം ചെയ്യപ്പെടുന്നത്, ഒരാളുടെ കുഞ്ഞ് ആശുപത്രിയിൽ മരിക്കുന്നത് – എല്ലാം കഴിഞ്ഞ ജന്മത്തിൽ അയാൾ ചെയ്ത പാപത്തിന്റെ ഫലമായാണ്; സംഭവിക്കുന്നതെല്ലാം വിധിയാണ്; മനുഷ്യൻ ഇച്ഛിക്കുന്നു ദൈവം കല്പിക്കുന്നു; അതായത് എല്ലാം വിധിയുടെ വിളയാട്ടമാണ്. അതുകൊണ്ട്, പ്രതിഷേധിക്കരുത്, എതിർക്കരുത്, കാരണം അത് ദൈവനിശ്ചയമാണ്. അതിനാൽ എത്ര കൊടിയ വേദനയാണെങ്കിലും ദൈവേച്ഛയാണെന്ന് കരുതി സഹിക്കുക. അങ്ങനെയായാൽ അടുത്ത ജന്മത്തിൽ അയാൾക്ക് സൗഖ്യമായിരിക്കാം — ഇങ്ങനെയൊക്കെ പ്രചരിപ്പിക്കുന്നിടത്താണ് ഞങ്ങൾ വിയോജിക്കുന്നത്. മതത്തെ മനുഷ്യനെ മയക്കുന്ന കറുപ്പായാണ് ചൂഷകവർഗ്ഗം ഉപയോഗിക്കുന്നതെന്ന് പറഞ്ഞപ്പോൾ മാർക്സ് ഇതൊക്കെയാണ് ഉദ്ദേശിച്ചത്. നിങ്ങൾക്ക് കാണാൻ കഴിയും, എത്രയോ ആളുകളാണ് കൊടും പട്ടിണി സഹിച്ച് അലഞ്ഞുതിരിയുന്നത്. എത്രയോ സ്ത്രീകൾ പീഡനത്തിനിരയായി വിലപിക്കുകയാണ്. പക്ഷെ, വിവേകാനന്ദന്റെയും മുഹമ്മദ് നബിയുടെയും സന്ദേശങ്ങൾ പ്രചരിപ്പിച്ചുനടക്കുന്നവർ ഇതിനെല്ലാമെതിരെ പ്രതിഷേധിക്കുന്നതായി കാണുന്നുണ്ടോ? ഇത്തരം സാമൂഹ്യതിന്മകൾക്കും അപഭ്രംശങ്ങൾക്കുമെതിരെ അവർ പൊരുതുന്നതായി കാണുന്നുണ്ടോ? ഏതെങ്കിലും ക്ഷേത്രത്തിലെ പൂജാരിയോ പള്ളിയിലെ വൈദികനോ മുസ്ലീംപള്ളിയിലെ ഇമാമോ വിലക്കയറ്റത്തിനും അഴിമതിക്കും സ്ത്രീപീഡനത്തിനുമെതിരെ സമരം ചെയ്യുന്നതായി കാണുന്നുണ്ടോ? ക്രിസ്തുവോ മുഹമ്മദ് നബിയോ ഹിന്ദുമതാചാര്യന്മാരോ വിവേകാനന്ദൻ തന്നെയോ ജീവിച്ചിരുന്നെങ്കിൽ അവർ ഈ തിന്മകളെ എതിർക്കാതിരിക്കുമായിരുന്നുവോ? ഇതെല്ലാം ഈശ്വരേച്ഛ മൂലമാണ് ഉണ്ടായത് എന്നതിനാൽ എല്ലാം അങ്ങനെ തുടരട്ടെ, നമുക്ക് പൂജയിലും നേർച്ചകൾ നേരുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കാം എന്ന് അവർ പറയുമായിരുന്നുവോ? അപ്പോൾ, മതം ചരിത്രഗതിയിൽ കാലഹരണപ്പെട്ടിരിക്കുന്നു എന്ന് വ്യക്തം. ഇന്ന് മതം ചൂഷകന്മാരുടെ കൈയിലെ ഊന്നുവടിയാണ്. ചരിത്രത്തിന്റെ ഒരു ഘട്ടത്തിൽ മതപ്രചാരകന്മാർ പട്ടിണിയും ആക്രമണങ്ങളും, കായികാക്രമണങ്ങളും അനുഭവിച്ചിട്ടുണ്ട്. എന്നാൽ അതൊന്നും കൂസാതെ അവർ പോരാടി. ഇന്ന് ക്ഷേത്രങ്ങൾക്കും പള്ളികൾക്കും ക്രിസ്ത്യൻപള്ളികൾക്കും കോടിക്കണക്കിന് രൂപയുടെ സ്വത്തുക്കളുണ്ട്. ആ ഭീമമായ സ്വത്തിന്മേലിരുന്നുകൊണ്ടാണ് പുരോഹിതന്മാരും വൈദികന്മാരും ഇമാമുമാരും മതപ്രഭാഷണങ്ങൾ നടത്തുന്നത്. അപ്രതിരോധ്യമായ ചരിത്രഗതിയിൽ മതത്തിന് അതിന്റെ പ്രയോജനം നഷ്ടപ്പെട്ടത് ഇങ്ങനെയാണ്.

മാർക്സിസം പൊടുന്നനെ ആകാശത്തു നിന്ന് പൊട്ടിവീണ ഒന്നല്ല എന്ന് മഹാനായ ലെനിൻ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ചരിത്രത്തിൽ ഉദയം ചെയ്തിട്ടുള്ള എല്ലാ മഹാന്മാരുടെയും, ഓരോ യുഗത്തിലും സത്യവും ജ്ഞാനവും തേടി മനുഷ്യൻ നടത്തിയ എല്ലാ സപര്യകളുടെയും, ഏറ്റവും ശ്രേഷ്ഠമായ തുടർച്ചയെന്ന നിലയിൽ, പുതിയ യുഗത്തിന്റെ ആവശ്യകതയ്ക്കനുസരിച്ച് പുതിയ സത്യം അംഗീകരിച്ചുകൊണ്ടാണ് മാർക്സിസം ഉരുത്തിരിഞ്ഞത്. "മനുഷ്യൻ യുഗങ്ങളിലൂടെ നേടിയ വിജ്ഞാനത്തിന്റെ സപര്യയിലേർപ്പെടുന്നവർ മാത്രമാണ് കമ്മ്യൂണിസ്റ്റുകൾ" എന്നും ലെനിൻ പറഞ്ഞു. ഞങ്ങൾ പഴയകാലത്തെ മഹാന്മാരായ മതാചാര്യന്മാരുടെ ജീവിതസമരം പഠിക്കുകയും അതിൽ നിന്ന് ഉൾക്കൊള്ളേണ്ടതായ മൂല്യങ്ങൾ സ്വാംശീകരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. ഞങ്ങൾ എല്ലാ മഹാന്മാരുടെയും ജീവിതത്തിൽ നിന്ന് പഠിക്കാൻ ശ്രമിക്കുന്നു. സഖാവ് ശിബ്ദാസ്ഘോഷ് ഞങ്ങളെ പഠിപ്പിച്ചത് അതാണ്.

**ആർഎസ്എസ് സ്വാതന്ത്ര്യ സമരത്തെ എതിർത്തു**

ആർഎസ്എസ്-ബിജെപിയുടെ ആശയങ്ങൾ എന്തുമാത്രം വികലമാണെന്ന് മനസ്സിലാക്കാൻ അവർ നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യസമരത്തോട് എന്ത് നിലപാട് സ്വീകരിച്ചുവെന്ന് നോക്കിയാൽ മതി. അവരുടെ പ്രത്യയശാസ്ത്രകാരനായ ഗോൾവർക്കർ പറഞ്ഞു: "ഭൂപ്രദേശത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ദേശീയവാദം എന്ന സിദ്ധാന്തവും, അതുപോലെ പൊതുവിപത്തിനെ സംബന്ധിച്ച സിദ്ധാന്തവുമാണ് നമ്മുടെ രാഷ്ട്രസങ്കല്പത്തിന്റെ അടിത്തറയിട്ടിരിക്കുന്നത്. ഈ സിദ്ധാന്തങ്ങൾ നമ്മുടെ യഥാർത്ഥ ഹിന്ദുരാഷ്ട്രപദവിയുടെ ക്രിയാത്മകവും പ്രചോദനാത്മകവുമായ ഉള്ളടക്കം നമുക്ക് നിഷേധിച്ചിരിക്കുകയാണ്. അത് പല 'സ്വാതന്ത്ര്യസമര'ങ്ങളെയും ഫലത്തിൽ ബ്രിട്ടീഷ്വിരുദ്ധ സമരങ്ങളാക്കി മാറ്റിയിരിക്കുന്നു. ബ്രിട്ടീഷ്വിരുദ്ധത തന്നെയാണ് രാജ്യസ്നേഹവും ദേശീയവാദവും എന്ന രീതിയിൽ അവതരിപ്പിക്കപ്പെട്ടു. പ്രതിലോമകരമായ ഈ കാഴ്ചപ്പാട് നമ്മുടെ സ്വാതന്ത്ര്യസമരത്തിന്റെ ഗതിയിൽ അപ്പാടെയും അതിന്റെ നേതാക്കളുടെ മേലും സാധാരണജനങ്ങളുടെ മേലും വിനാശകരമായ ഫലങ്ങളാണ് ഉളവാക്കിയിരിക്കുന്നത്."[7] ഈ വാക്കുകൾ എത്ര അപകടകരമാണെന്ന് കാണുക. ഇൻഡ്യ എന്ന ഭൂമിശാസ്ത്രപരമായ പ്രദേശത്താകമാനം ബ്രിട്ടീഷ് സാമ്രാജ്യത്വവിരുദ്ധ പ്രസ്ഥാനത്തെ കേന്ദ്രീകരിച്ച് വളർന്നുവന്ന ഇൻഡ്യൻ ദേശീയവാദം എന്ന സങ്കല്പം വിനാശകരമാണത്രേ. ഇൻഡ്യൻ ദേശീയവാദത്തിന്റെ ആവിർഭാവം മൂലം അവരുടെ ഹിന്ദുദേശീയവാദത്തിന് കുഴപ്പമുണ്ടായിരിക്കുന്നുവെന്നാണ് അദ്ദേഹം പറയുന്നത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, ബ്രിട്ടീഷ്സാമ്രാജ്യത്വവിരുദ്ധ പ്രസ്ഥാനം രാജ്യസ്നേഹപരവും ദേശീയവാദപരവുമാണെന്ന അഭിപ്രായം തന്നെ പിന്തിരിപ്പനാണ്. ബ്രിട്ടീഷ് സാമ്രാജ്യത്വ വാഴ്ചയെ എതിർത്തുകൊണ്ട് ദേശീയവാദപരമായി സംസാരിച്ച നേതാക്കളെല്ലാം പ്രതിലോമചിന്തകളാൽ നയിക്കപ്പെട്ടവരായിരുന്നുവത്രേ. ഹിന്ദുരാഷ്ട്രം എന്ന മുദ്രാവാക്യമാണ് ഉയർത്തപ്പെടേണ്ടിയിരുന്നത് എന്നാണ് ആർഎസ്എസ്-ബിജെപിയും അവരുടെ നേതാക്കളും പറയുന്നത്. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരായ സ്വാതന്ത്ര്യസമരത്തിലൂടെ വളർന്നുവന്നതും, ഹിന്ദുക്കളെയും മുസ്ലീങ്ങളെയും ഒരുപോലെ ഉൾക്കൊള്ളുന്നതും, ജാതിക്കും മതത്തിനും വംശീയതയ്ക്കും ആചാരാനുഷ്ഠാനഭേദങ്ങൾക്കും ഉപരിയായി വളർന്നുവന്നതുമായ ഏകോപിതമായ ഇൻഡ്യൻ രാഷ്ട്രം എന്ന ആശയം പിന്തിരിപ്പനാണെങ്കിൽ, ദേശബന്ധു ചിത്തരഞ്ജനും ബാലഗംഗാധര തിലകനും ലാലാ ലജ്പത്റായിയും നേതാജി സുഭാഷ് ചന്ദ്രബോസും ഖുദിറാമും ഭഗത്സിംഗും സൂര്യസെന്നും എല്ലാം പ്രതിലോമകാരികളും രാജ്യദ്രോഹികളുമാണെന്ന് പറയേണ്ടിവരും. എന്തെന്നാൽ, അവരാരും ഹിന്ദുരാഷ്ട്രത്തിന് വേണ്ടി വാദിച്ചിട്ടില്ല. ബ്രിട്ടീഷ്സാമ്രാജ്യത്വ വാഴ്ച ഇല്ലായിരുന്നെങ്കിൽ ഏകോപിതമായ ഇൻഡ്യൻ രാഷ്ട്രത്തിന് വേണ്ടിയുള്ള വാദവും ഉണ്ടാകുമായിരുന്നില്ല എന്നതാണ് വസ്തുത. ബ്രിട്ടീഷ് ഭരണത്തിന് മുമ്പ് ഇൻഡ്യയുടെ അവസ്ഥ എന്തായിരുന്നു? കുറെ ഹിന്ദുരാജാക്കന്മാരും മുസ്ലീം നവാബുമാരും ഉണ്ടായിരുന്നു. മുസ്ലീം രാജാക്കന്മാർ വരുന്നതിന് മുമ്പ് ഒറ്റപ്പെട്ട കുറെ ഹിന്ദുരാജ്യങ്ങളുണ്ടായിരുന്നു. അവയൊന്നും ഒരു രാഷ്ട്രമെന്ന നിലയിൽ ഏകോപിതമായിരുന്നില്ല. ബ്രിട്ടീഷുകാർ ഇവിടെ വന്ന് ഭരണം സ്ഥാപിക്കുകയും വ്യത്യസ്ത പ്രദേശങ്ങളെ പരസ്പരം ബന്ധപ്പെടുത്തുന്ന വാർത്താവിനിമയ സംവിധാനം സ്ഥാപിക്കുകയും, അതിലൂടെ മെച്ചപ്പെട്ട വ്യാപാരവാണിജ്യങ്ങൾ വളർത്തിയെടുക്കുകയും, അങ്ങനെ ഏകോപിതമായ ഒരു സമ്പദ്വ്യവസ്ഥ വളർത്തിയെടുക്കുകയും ചെയ്തുകൊണ്ട് ദേശീയ മൂലധനത്തിന്റെ വളർച്ചയ്ക്ക് കളമൊരുക്കിയില്ലായിരുന്നെങ്കിൽ ഒരു ഏകോപിത ഇൻഡ്യൻരാഷ്ട്രം വളർന്നുവരുമായിരുന്നില്ല. പകരം, പ്രത്യേക ബംഗാളി ദേശീയരാഷ്ട്രവും ഒഡിഷ ദേശീയ

(ശേഷം 14-ാം പേജിൽ)

**പ്രൊവാഷ് ഘോഷ്**

# ചരിത്രത്തിൽ മതം വഹിച്ച പങ്ക് ശരിയായി വിലയിരുത്തിയത് മാർക്സിസം മാത്രം

*(13-ാം പേജിൽ നിന്ന്)*

രാഷ്ട്രവും ഗുജറാത്തി ദേശീയരാഷ്ട്രവും തമിഴ് ദേശീയരാഷ്ട്രവുമൊക്കെയേ വളർന്നുവരുമായിരുന്നുള്ളൂ. ഹിന്ദു എന്ന് പറയുന്നത് മതത്തിൽ അടിസ്ഥാനപ്പെടുത്തിയുള്ള ഒറ്റ രാഷ്ട്രമാണെങ്കിൽ പിന്നെ എന്തുകൊണ്ടാണ് നേപ്പാൾ ഒരു പ്രത്യേക രാഷ്ട്രവും ഭരണകൂടവുമായി നിലകൊണ്ടത്? നേപ്പാൾ ഹിന്ദുമതത്തിന്റെ രാജ്യമാണ്. നേപ്പാൾ ഒരു രാഷ്ട്രമായിരിക്കുന്നത് ഹിന്ദുമതത്തെ അടിസ്ഥാനപ്പെടുത്തിയല്ല, മറിച്ച് ഒരു പ്രത്യേക ദേശീയ അസ്തിത്വം എന്ന നിലയിലാണ്. പശ്ചിമേഷ്യയിലെ അറബിരാജ്യങ്ങളുടെ കാര്യമെടുക്കുക. അവരെല്ലാം മുസ്ലീങ്ങളാണെങ്കിലും അവിടെ നിരവധി രാഷ്ട്രങ്ങളുണ്ട്. എന്തുകൊണ്ടങ്ങനെ സംഭവിച്ചു. രാഷ്ട്രങ്ങൾ ഉദയം ചെയ്യുന്നത് മതത്തെ അടിസ്ഥാനപ്പെടുത്തിയല്ല എന്നാണ് അത് കാണിക്കുന്നത്. അതിനാൽ, ബിജെപിയുടെ രക്ഷാധികാരിയായ ആർഎസ്എസ് ഇൻഡ്യൻ നവോത്ഥാനത്തിനും ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ നടന്ന സ്വാതന്ത്ര്യസമരത്തിനും എതിരായിരുന്നുവെന്നോർക്കുക. അതുകൊണ്ടാണ് ആർഎസ്എസ് ദേശീയ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കാതിരുന്നത്. ചരിത്രത്തിന് നിരക്കാത്ത ഈ സിദ്ധാന്തം വച്ചുകൊണ്ട് അവർ ഈ രാജ്യത്തെ എങ്ങോട്ടാണ് നയിക്കുന്നത്?

ഇത്തരത്തിലുള്ള വളച്ചൊടിക്കൽ ഇന്ന് മുതലാളിത്തത്തിന് ആവശ്യമുണ്ട് എന്നതാണ് വസ്തുത. ജനങ്ങൾ ഈ തെറ്റായ ആശയത്തിന്റെ സ്വാധീനത്തിൽ പെട്ടുകഴിഞ്ഞാൽ പിന്നെ, ജീവിതത്തിൽ പ്രതിസന്ധികൾ ഏറിവരുമ്പോഴും അവർ ചോദ്യങ്ങൾ ഉന്നയിക്കുകയോ പ്രതിഷേധിക്കുകയോ ചെയ്യില്ല. മുജ്ജന്മത്തിലെ ചെയ്തികളുടെ ഫലം, വിധിവിഹിതം എന്നൊക്കെയുള്ള കാലഹരണപ്പെട്ട ആശയങ്ങളുടെ തടവുകാരായി, വിധിവിശ്വാസത്തിൽ മയങ്ങി അവർ കഴിഞ്ഞുകൊള്ളും. ഫാസിസ്റ്റ് സംസ്കാരമാണത്. ആർഎസ്എസ് ബിജെപിയിലൂടെ കൂടുതൽ സംഘടിതമായ രീതിയിൽ ആ സംസ്കാരം ഇവിടെ വളർത്തിയെടുക്കാൻ ശ്രമിക്കുകയാണ്. തീർച്ചയായും, ഈ രാജ്യത്ത് അവരുടെ പദ്ധതി നടപ്പിൽ വരുത്തുന്നതിന് പല തടസ്സങ്ങളുമുണ്ട്. കുത്തകമൂലധനത്തിന്റെ കേന്ദ്രീകരണം ഉണ്ടായിട്ടുണ്ടെങ്കിൽപ്പോലും രാജ്യത്ത് പ്രാദേശികമൂലധനവും കുത്തകമൂലധനവും തമ്മിലുള്ള വൈരുദ്ധ്യം നിലനിൽക്കുന്നുവെന്ന കാര്യം സഖാവ് ശിബ്ദാസ് ഘോഷ് ചൂണ്ടിക്കാട്ടിയിട്ടുള്ളതാണ്. ചെറുകിട മൂലധനം വലിയ അളവിൽ ഇവിടെ നിലനിൽക്കുന്നു. അതുപോലെ തന്നെ പ്രാദേശികവാദവും. സമ്പൂർണ്ണമായ ഫാസിസ്റ്റ് ദേശീയൈക്യത്തിന്റെ വളർച്ചയെ ഇതെല്ലാം തടസ്സപ്പെടുത്തുന്നു. അഭ്യസ്തവിദ്യരായ ജനങ്ങളും ഉദാരജനാധിപത്യ വിശ്വാസികളും ഒരു ഗണ്യമായ ശക്തിയാണ്. ഫാസിസത്തിന്റെ വളർച്ചയെ അവർ അത്ര എളുപ്പം അംഗീകരിക്കുകയില്ല. അവർ പ്രതിഷേധിക്കുകയും സമരം വളർത്തിയെടുക്കുകയും ചെയ്യും. പോരാട്ടമുണ്ടാകും. അതാണ് യാഥാർത്ഥ്യം. ശരിയായ രീതിയിൽ വർഗ്ഗ ബഹുജനസമരങ്ങൾ വളർത്തിയെടുക്കാൻ കഴിഞ്ഞാൽ ഫാസിസ്റ്റ് വിപത്തിനെ നമുക്ക് നേരിടാൻ സാധിക്കും. പക്ഷെ, നാം അഭിമുഖീകരിക്കാൻ പോകുന്നത് വലിയൊരു വിപത്തിനെയാണെന്ന കാര്യം, മാർക്സിസ്റ്റ് വിപ്ലവകാരികളെന്ന നിലയിൽ, യഥാർത്ഥ ഇടതുപക്ഷ വിശ്വാസികളെന്ന നിലയിൽ, നാം മനസ്സിലാക്കിയിരിക്കണം.

ആർഎസ്എസ് ഹിന്ദുരാഷ്ട്രം എന്ന മുദ്രാവാക്യമുയർത്തുന്നു. ഈ വിഷയത്തിൽ രവീന്ദ്രനാഥ് ടാഗോറിന്റെ ഒരു നിരീക്ഷണം ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. അദ്ദേഹം പറഞ്ഞു: "ഇൻഡ്യയിൽ ഹിന്ദു മനസ്സുകളെ മാത്രം അംഗീകരിച്ചാൽ മതിയാവില്ല. സാഹിത്യവും കലയും ശില്പകലയും ശാസ്ത്രവും മറ്റും അവയുടെ വൈവിദ്ധ്യപൂർവ്വമായ സമ്പന്നതയിൽ വികാസം പ്രാപിച്ചത് ഹിന്ദുക്കളുടെയും മുസ്ലീങ്ങളുടെയും കൂടിച്ചേരലിലൂടെയാണ്."[21] ആർഎസ്എസ്-ബിജെപി പൗരാണിക പാരമ്പര്യത്തെപ്പറ്റി പറയുന്നു. അങ്ങനെയെങ്കിൽ, ഈ രാജ്യത്ത് ഗൗതമബുദ്ധനും ജീവിച്ചിരുന്നുവെന്നോർക്കുക. ബുദ്ധൻ ദൈവത്തിൽ വിശ്വസിച്ചിരുന്നില്ല. ജൈനമതസ്ഥാപകനായ മഹാവീരനും ഈശ്വരവിശ്വാസിയായിരുന്നില്ല. ചാർവാക മുനിയുടെ തത്ത്വചിന്തയും ലോകായത ദർശനവും മറ്റും പോലെയുള്ള ഭൗതികവാദ തത്ത്വചിന്തകൾ ഈ രാജ്യത്തുണ്ടായിരുന്നു. ഈ രാജ്യത്തിന് വേദാന്ത ദർശനം മാത്രമേ ഉണ്ടായിരുന്നുള്ളുവോ? ആർഎസ്എസ്-ബിജെപി പാരമ്പര്യത്തിന്റെ പേരിൽ മേല്പറഞ്ഞ മറ്റ് തത്ത്വചിന്തകളെയൊന്നും വളർത്തുകയില്ല. എന്തെന്നാൽ, അവ ഹിന്ദുത്വത്തെ അഥവാ ഹിന്ദുരാഷ്ട്രത്തെ പറ്റിയുള്ള അവരുടെ സിദ്ധാന്തത്തിന് ഹാനി വരുത്തും. അവർക്ക് വേണ്ടത് അന്ധമായ വിശ്വാസമാണ്. അന്ധമായ മതഭക്തി. മുതലാളിത്തത്തിന് ആത്മവിശ്വാസം നൽകാൻ അതിന് മാത്രമേ സാധിക്കൂ. അത് ചെയ്യാനാണ് അവർ ശ്രമിക്കുന്നത്. ഇത് നാം മനസ്സിലാക്കിയിരിക്കണം.

മറ്റൊരു വിഷയവും കൂടി ചർച്ച ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ രാജ്യത്ത് മതേതരത്വം എന്ന വാക്ക് വളരെയേറെ വളച്ചൊടിക്കപ്പെട്ടിരിക്കുകയാണ്. മതേതരത്വമെന്നാൽ എല്ലാ മതങ്ങൾക്കും തുല്യ പ്രോത്സാഹനം എന്നാണ് ഇത്രയും കാലം കോൺഗ്രസ്സ് വിശദീകരിച്ചു വന്നത്. എല്ലാ മതങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിന്റെ പേരിൽ ഗാന്ധിജിയുടെ നേതൃത്വത്തിൽ പ്രോത്സാഹിപ്പിക്കപ്പെട്ടത് ഹിന്ദുമതമാണ്. അല്ലെങ്കിൽ രാജ്യം വിഭജിതമാകുമായിരുന്നില്ല. പാകിസ്ഥാൻ സൃഷ്ടിക്കപ്പെടുമായിരുന്നില്ല. ഗാന്ധിജി തന്നെ സ്വയം ഒരു ഹിന്ദു സന്യാസിയുടെ ജീവിതമാണ് നയിച്ചത്. സ്വാതന്ത്ര്യസമരത്തിൽ ഉയർന്ന ജാതിക്കാരായ ഹിന്ദുക്കളുടെ മേധാവിത്വമുണ്ടായിരുന്നു. താണ ജാതിക്കാരെന്ന് വിളിക്കപ്പെടുന്ന ആളുകൾ — തീർച്ചയായും ഞങ്ങൾ ആരെയും താണ ജാതിക്കാരായി കണക്കാക്കുന്നില്ല — സ്വാതന്ത്ര്യസമരത്തിൽ പങ്ക് ചേർന്നതുമില്ല. ഉയർന്ന ജാതിക്കാരെന്ന് കരുതപ്പെടുന്ന ഹിന്ദുക്കൾ മാത്രമാണ് സ്വാതന്ത്ര്യസമരത്തെ നിയന്ത്രിച്ചിരുന്നത്. മതേതരത്വം എന്ന വാക്കിന്റെ ശരിയായ വിവക്ഷയെന്താണ്? നവോത്ഥാനകാലത്ത് യൂറോപ്പിൽ ഉയർന്നുവന്ന ആശയമായ മതേതരത്വത്തിന്റെ നിലപാട് ഭരണകൂടം ഒരു മതത്തെയും പ്രോത്സാഹിപ്പിക്കുകയോ തടസ്സപ്പെടുത്തുകയോ ചെയ്തുകൂടാ എന്നതാണ്. രാഷ്ട്രീയം, സമ്പദ്‌വ്യവസ്ഥ, വിദ്യാഭ്യാസം, സംസ്കാരം എന്നിവയിലൊന്നും മതത്തിന് സ്ഥാനമുണ്ടാവുകയില്ല. മതം വ്യക്തികളുടെ സ്വകാര്യവിഷയമായിരിക്കും. ആർക്കെങ്കിലും താല്പര്യമുണ്ടെങ്കിൽ മതവിശ്വാസം പുലർത്താം, താല്പര്യമില്ലെങ്കിൽ അതിന്റെ ആവശ്യമില്ല. വേണമെങ്കിൽ ദൈവത്തിൽ വിശ്വസിക്കാം, വിശ്വസിക്കാതെയുമിരിക്കാം. അതാണ് യഥാർത്ഥ മതേതരത്വം. പക്ഷെ, പരിഷ്കരണവാദികളായ കോൺഗ്രസ്സ് നേതൃത്വം, അനുരഞ്ജന നിലപാട് സ്വീകരിച്ചിരുന്ന ബൂർഷ്വാസിയുടെ താല്പര്യം പരിഗണിച്ചുകൊണ്ട്, മതേതരത്വത്തെ സംബന്ധിച്ച ഈ ശരിയായ ധാരണ നമ്മുടെ രാജ്യത്ത് വേരുപിടിക്കാൻ അനുവദിച്ചില്ല. മതത്തിന് രാഷ്ട്രീയവുമായി ഒരു ബന്ധവും പാടില്ലെന്ന് സുഭാഷ്ചന്ദ്രബോസും പറഞ്ഞിരുന്നു. ശാസ്ത്രത്തിന്റെയും സാമ്പത്തികശാസ്ത്രത്തിന്റെയും രാഷ്ട്രമീമാംസയുടെയും മറ്റും അടിസ്ഥാനത്തിലാകണം രാഷ്ട്രീയം എന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. അദ്ദേഹം പറഞ്ഞു: "മതത്തെ രാഷ്ട്രീയത്തിൽ നിന്ന് പരിപൂർണ്ണമായും മാറ്റി നിർത്തണം. മതം ഓരോരുത്തരുടെയും സ്വകാര്യവിഷയം മാത്രമായിരിക്കണം. ഏതൊരു വ്യക്തിക്കും ഒരു മനുഷ്യനെന്ന നിലയിൽ, തനിക്ക് താല്പര്യമുള്ള മതം ദീക്ഷിക്കാനുള്ള പരിപൂർണ്ണ സ്വാതന്ത്ര്യം ഉണ്ടായിരിക്കണം. പക്ഷെ, രാഷ്ട്രീയം മതത്തിന്റെയോ മറ്റേതെങ്കിലും പ്രകൃത്യതീത ആശയത്തിന്റെയോ അടിസ്ഥാനത്തിൽ നയിക്കപ്പെട്ടുകൂടാ. രാഷ്ട്രീയത്തെ നയിക്കേണ്ടത് സാമ്പത്തികവും രാഷ്ട്രീയവും ശാസ്ത്രീയവുമായ യുക്തിവിചാരമായിരിക്കണം."[6] അദ്ദേഹം ഇങ്ങനെയും പറയുകയുണ്ടായി: "ഹിന്ദുമഹാസഭ വോട്ടഭ്യർത്ഥിക്കാനായി ഹിന്ദുസന്യാസിമാരെയും സന്യാസിനിമാരെയും കൈയിൽ ത്രിശൂലവും നൽകി അയയ്ക്കുകയുണ്ടായി. കാവി വസ്ത്രവും ത്രിശൂലവും കാണുമ്പോൾ ഏതൊരു ഹിന്ദുവും ശിരസ്സ് നമിക്കുന്നു. മതത്തെ മുതലെടുത്തുകൊണ്ടും അവഹേളിച്ചുകൊണ്ടുമാണ് ഹിന്ദുമഹാസഭ രംഗത്ത് വന്നിരിക്കുന്നത്...ഈ വഞ്ചകരെ ദേശീയജീവിതത്തിൽ നിന്ന് ഒറ്റപ്പെടുത്തണം. അവർക്ക് ചെവികൊടുക്കരുത്. സ്വാതന്ത്ര്യസ്നേഹികളായ എല്ലാ സ്ത്രീപുരുഷന്മാരും ഒറ്റക്കെട്ടായും ഏകാഗ്രമായും രാജ്യത്തെ സേവിക്കണം എന്നതാണ് നമ്മുടെ ആവശ്യം."[22] രവീന്ദ്രനാഥ് ടാഗോറും മതത്തെ രാഷ്ട്രീയത്തിലേയ്ക്ക് കടത്തിവിടുന്നതിനെ എതിർത്തിരുന്നു. ശരത്ചന്ദ്ര ചാറ്റർജിയുടെയും അഭിപ്രായം അതു തന്നെയായിരുന്നു. പക്ഷെ, ഈ ശരിയായ മതേതരത്വം നമ്മുടെ രാജ്യത്ത് അനുവർത്തിക്കപ്പെട്ടില്ല. സിപിഐ(എം), സിപിഐ എന്നീ പാർട്ടികളും മതേതരത്വത്തെ സംബന്ധിച്ച ശരിയായ ധാരണ ജനങ്ങളുടെ മുന്നിൽ അവതരിപ്പിച്ചില്ല. അല്ലെങ്കിൽ അവരുടെ സ്ഥിതി ഇത്രയും ദയനീയമാകുമായിരുന്നുവോ? സിപിഐ(എം)-ന്റെ പ്രവർത്തകരും അനുയായികളും വോട്ടർമാരും വലിയ സംഘങ്ങളായി ബിജെപിയിൽ ചേർന്നുകൊണ്ടിരിക്കുകയാണ്. സിപിഐ(എം) അവരുടെ പ്രവർത്തകരെയും അനുയായികളെയും എന്തുതരം വിപ്ലവരാഷ്ട്രീയവും ഇടതുപക്ഷ രാഷ്ട്രീയവുമാണ് ഇത്രയും കാലം പഠിപ്പിച്ചുകൊണ്ടിരുന്നത് എന്ന് ആലോചിച്ചുനോക്കുക. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഹിന്ദു സിപിഐ(എം)-കാർ ബിജെപിയുടെ ഭാഗത്തേയ്ക്കും മുസ്ലീം സിപിഐ(എം)-കാർ തൃണമൂൽ കോൺഗ്രസ്സിന്റെ ഭാഗത്തേയ്ക്കും ചായുകയുണ്ടായി. സിപിഐ(എം) പഠിപ്പിച്ചിരിക്കുന്ന കമ്മ്യൂണിസത്തിന്റെയും ഇടതുപക്ഷരാഷ്ട്രീയത്തിന്റെയും മതേതരത്വത്തിന്റെയും മേന്മ അതാണ്. വോട്ട് നേടുന്നതിനെ മാത്രം ലാക്കാക്കിയുള്ള അവസരവാദ രാഷ്ട്രീയമാണ് അവർ അനുവർത്തിച്ചുപോന്നത്.

*കുറിപ്പുകൾ*


1. Letter to Ballantyne, Vidyasagar Rachana Sangraha
2. Letter to F.J.Mouat, Vidyasagar Rachana Sangraha
3. Karunasagar Vidyasagar - Indra Mitra
4. Letters written to Hemantabala Debi and her son, daughter, son-in-law, brother and gradson.
5. Quoted from the novels, Charithrahin, Pather Dabi, Shesh Prasna.
6. Crossroads -- Subhas Chandra Bose
7. We or our Nationhood Defined - Golwarkar
8. Swami Vivekananda - Bani O Rachana, Udbodhan (1st Edition, 1st Volume and 3rd Volume)
9. Letter to Mohammed Sarafraj of Nainital, Swami Vivekananda - Messages and Works, Udbodhan (Compiled)
10. Bani O Rachana, 3rd Volume, 5th Edition - Swami Vivekananda
11. Future of India, Swami Vivekananda - Bani O Rachana, Bengali, Udbodhan, 1st Vol 5th Edition
12. Bani O Rachana Samgrah, 7th Volume, Ibid
13. My Life and Mission
14. Amar Samarniti (My War principles) Swami Vivekananda -- Collected Works (Bengali), 5th Volume
15. Swami Vivekananda - Bani O Rachana, Udbodhan (1st Edition, 2nd Volume)
16. Swami Vivekananda Collected Works, Bengali, Volume 5.
17. Advaitha Vedanta, the scientific religion
18. Critique of Hegel's Philosophy of right.
19. On the History of Early Christianity.
20. Some Aspects of Marxism and Dialectical Materialism, Selected Works, Vol.2
21. Essays, Viswa Bharati
22. Ananda Bazar Patrika, 14.05.1940


# നികുതി ചാർജ്ജ് വർദ്ധനവുകൾക്കെതിരെ ജനകീയമുന്നേറ്റം അനിവാര്യം

*(10-ാം പേജിൽ നിന്ന്)*

രിക. ആഗോളവൽക്കരണനയങ്ങളിൽ ഉറച്ച് രാജ്യം മുന്നോട്ടു പോകുന്നിടത്തോളം പ്രതിസന്ധിയുണ്ടാകും. മുതലാളിത്തത്തിന്റെ കൂടപ്പിറപ്പാണ് പ്രതിസന്ധി. അതിനെ പ്രതിരോധിക്കണമെങ്കിൽ ഉറച്ച ജനപക്ഷനിലപാടുകളാണ് കൈക്കൊള്ളേണ്ടത്. അല്ലാതെ ജനങ്ങളെ പിഴിഞ്ഞ് മുതലാളിമാരെ ഊട്ടുകയല്ല വേണ്ടത്.

സംസ്ഥാനത്തിനു കിട്ടാനുള്ള കുടിശ്ശികകൾ കർശനമായി പിരിച്ചെടുക്കണം. പൊതുമുതലിനു മേലുള്ള എല്ലാത്തരം കൈയേറ്റവും ഒഴിപ്പിച്ചെടുക്കണം. വൻകിടക്കാരന്റെ പാട്ടത്തുകകൾ വർദ്ധിപ്പിക്കണം, നികുതിച്ചോർച്ച തടയണം. സർക്കാരിന്റെ, വിശേഷിച്ച് ഉന്നതതലത്തിലുള്ള ആർഭാടവും ധൂർത്തും കർശനമായി തടയണം. അനാവശ്യമായ പദവികളും ആനുകൂല്യങ്ങളും നിർത്തണം. രാഷ്ട്രീയലക്ഷ്യങ്ങൾക്കു വേണ്ടി മാത്രം സ്ഥാപിച്ച് നിലനിർത്തിപ്പോരുന്ന കോർപ്പറേഷനുകളും സ്ഥാപനങ്ങളും അവസാനിപ്പിക്കണം. ജീവനക്കാരെ ചുരുക്കുന്നതിനു പകരം പുനർവിന്യസിക്കണം. നിയമനനിരോധനവും കരാർതൊഴിലും അവസാനിപ്പിച്ച് ഒഴിവുകൾ നികത്തണം. പൊതുവിതരണവും സംഭരണവും ശക്തിപ്പെടുത്തണം. പൊതുമേഖലാ വ്യവസായങ്ങളിൽ സർക്കാർ നിക്ഷേപം വർദ്ധിപ്പിച്ച് ആധുനികവൽക്കരിച്ച് ഉൽപ്പാദനം കൂട്ടണം. കാർഷികോൽപ്പാദനം, വിശേഷിച്ച് ഭക്ഷ്യവിളകൾ, സർക്കാരിന്റെ നേരിട്ടുള്ള മുൻകൈയിൽ വർദ്ധിപ്പിക്കണം. ഉൽപ്പാദനമേഖലകൾ വളരാതെ സ്ഥായിയായ സാമ്പത്തിക അടിത്തറയുണ്ടാകില്ല. അതിന് വിദ്യാർത്ഥി സംരംഭകരല്ല, ശക്തമായ പൊതുമേഖലയാണ് വേണ്ടത്.

ജനങ്ങളോട് ആത്മാർത്ഥതയുള്ള സർക്കാരിനേ ഇത്തരം നടപടികൾ എടുക്കാൻ കഴിയൂ. ഇടതു-വലതു മുന്നണികളുടെ കപടരാഷ്ട്രീയത്തിൽ ജനങ്ങൾക്കു സ്ഥാനമില്ല. കേരളത്തെ മുതലാളിമാരുടെ പറുദീസയാക്കാൻ കച്ചകെട്ടിയിറങ്ങിയവരുടെ ജനവഞ്ചനയുടെ രാഷ്ട്രീയത്തിനെതിരെ, കക്ഷിരാഷ്ട്രീയഭേദമന്യേ ശക്തമായ ജനപക്ഷസമരരാഷ്ട്രീയമാണ് ഉയർന്നുവരേണ്ടത്. അത്തരമൊരു മുന്നേറ്റത്തിലൂടെ മാത്രമേ മനുഷ്യോചിതം നിലനിൽക്കാനുള്ള അവകാശം പോലും സംരക്ഷിക്കാൻ ജനങ്ങൾക്ക് സാധിക്കുകയുള്ളൂ.

# ശരത്ചന്ദ്ര ചാറ്റർജി അനുസ്മരണം



ഇൻഡ്യൻ സ്വാതന്ത്ര്യപ്രസ്ഥാനത്തിലെ അനനുരഞ്ജനധാരയുടെ ഭാഗത്തുനിലകൊണ്ടയാളും മഹാനായ നവോത്ഥാന സാഹിത്യകാരനുമായ ശരത്ചന്ദ്ര ചാറ്റർജിയെ അനുസ്മരിച്ചുകൊണ്ട് ആൾ ഇൻഡ്യ ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷൻ പ്രഭാഷണവും ചർച്ചയും സംഘടിപ്പിച്ചു. എ.ഐ.ഡി.വൈ.ഒ സംസ്ഥാനത്തുടനീളം സംഘടിപ്പിച്ചുവരുന്ന പരിപാടികളുടെ ഭാഗമായാണ് അനുസ്മരണ സമ്മേളനം സംഘടിപ്പിച്ചത്. സെപ്തംബർ 17-ന് തൃശൂർ, സാഹിത്യ അക്കാദമി വൈലോപ്പിള്ളി ഹാളിൽ നടന്ന പരിപാടിയിൽ ബാനർ സാംസ്കാരിക സമിതി സംസ്ഥാന കൺവീനർ ജി.എസ്. പത്മകുമാർ വിഷയാവതരണം നടത്തി.

എ.ഐ.ഡി.വൈ.ഒ സംസ്ഥാന പ്രസിഡന്റ് സ.ടി.കെ. സുധീർകുമാർ അദ്ധ്യക്ഷത വഹിച്ചു. പ്രൊഫ.കെ.ബി. ഉണ്ണിത്താൻ, പ്രൊഫ.ഐ.ഷൺമുഖദാസ്, ആർ.പാർത്ഥസാരഥി വർമ്മ, എം.പ്രദീപൻ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു. എ.ഐ.ഡി.വൈ.ഒ ജില്ലാ കൺവീനർ എ.വി. ബെന്നി സ്വാഗതവും, ജോ.കൺവീനർ എ.എം. സുരേഷ് നന്ദിയും പറഞ്ഞു. ●

*ജി.എസ്. പത്മകുമാർ വിഷയാവതരണം നടത്തുന്നു. വേദിയിൽ ആർ.പാർത്ഥസാരഥി വർമ്മ, ടി.കെ.സുധീർകുമാർ, പ്രൊഫ. കെ.ബി.ഉണ്ണിത്താൻ, എം.പ്രദീപൻ, എ.വി.ബെന്നി എന്നിവർ*

# ക്ഷേത്രത്തിന്റെ പേരിൽ പുനരധിവാസമില്ലാതെ കുടിയൊഴിപ്പിച്ചതിനെതിരെ പ്രതിഷേധകൂട്ടായ്മ




പ്രതിഷേധ കൂട്ടായ്മ എസ്.സീതിലാൽ ഉദ്ഘാടനം ചെയ്യുന്നു

ആലപ്പുഴ: തുറവൂർ ക്ഷേത്രത്തിന്റെ സ്ഥല വിസ്തൃതി കൂട്ടുന്നതിനായി ബലപ്രയോഗത്തിലൂടെ കുടിയിറക്കുന്നതിനെതിരെ തുറവൂരിൽ പ്രതിഷേധകൂട്ടായ്മ സംഘടിപ്പിച്ചു.നിലവിലുള്ള കമ്പോള വിലയേക്കാൾ തുച്ഛമായ വില അടിച്ചേൽപ്പിച്ചാണ് കുടിയൊഴിപ്പിച്ചത്. ഓണാവധിക്കാലത്ത് സമ്പാദിച്ച സിംഗിൾ ബഞ്ച് വിധിയുടെ മറവിലാണ് ജില്ലാ ഭരണകൂടം വൻ പോലീസ് സന്നാഹത്തോടെ വീടുകളും വ്യാപാരസ്ഥാപനവും ഒഴിപ്പിച്ചത്. കേരള സംസ്ഥാന ജനകീയ പ്രതിരോധസമിതി ജില്ലാ സെക്രട്ടറി എസ്. സീതിലാൽ പ്രതിഷേധകൂട്ടായ്മ ഉത്ഘാടനം ചെയ്തു. ഫ്രാൻസിസ് കളത്തുങ്കൽ അദ്ധ്യക്ഷതവഹിച്ചു. എം.ജി.ശ്രീകുമാർ കമ്മത്ത്, രാജേഷ്കമ്മത്ത്, കെ.പി.മനോഹരൻ, പുരുഷോത്തമ കമ്മത്ത്, രാധാകൃഷ്ണനുണ്ണി, കെ.പ്രതാപൻ, കെ.എൽ.ബെന്നി, കെ.കെ.വിക്രമൻ, എം.പി.കാർത്തികേയൻ, സി.കെ.തിലകൻ, എൻ.എൻ.പൈ എന്നിവർ പ്രസംഗിച്ചു.

അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന ജില്ലാക്കമ്മിറ്റിയുടെ ആഭിമുഖ്യത്തിലുള്ള സന്ദർശക സംഘം ക്ഷേത്രത്തിനുസമീപം ആക്രമണത്തിന് ഇരയായവരുടെ വീടുകൾ സന്ദർശിച്ച് തെളിവെടുപ്പ് നടത്തി. കുടിയൊഴിപ്പിക്കലിനിടയിൽ വനിതകൾക്കെതിരെ മാനസികവും ശാരീരികവുമായ അതിക്രമങ്ങൾ നടന്നുവെന്ന് നാട്ടുകാർ സംഘത്തോട് പറഞ്ഞു. സെപ്തംബർ 14 ന് തുറവൂരിൽ വനിതകൾക്കുനേരെ നടന്ന അതിക്രമങ്ങളെക്കുറിച്ച് വനിതാകമ്മീഷൻ അന്വേഷിക്കണമെന്ന് സംഘം ആവശ്യപ്പെട്ടു. അഡ്വ.എം.എ. ബിന്ദു, കെ.ജെ.ഷീല, ഉഷാകുമാരി, ടി.ആർ. രാജിമോൾ, ഓമന ബൈജു, ജാഗി കെ.ചന്ദ്രൻ എന്നിവരാണ് സന്ദർശകസംഘത്തിലുണ്ടായിരുന്നത്. ●

# ജാഗ്രതാ കൂട്ടായ്മ




ഫാ. പ്രശാന്ത് പാലയ്ക്കപ്പിള്ളി കൂട്ടായ്മ ഉദ്ഘാടനം ചെയ്യുന്നു

സർക്കാരിന്റെ 'ഒരു നെൽ ഒരു മീൻ' നയവും കളക്ടറുടെ ഉത്തരവും ലംഘിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടും തൊഴിലും ഭവനങ്ങളും പച്ചക്കറി വിളകളും ശുദ്ധജല സ്രോതസുകളും പരിസ്ഥിതിയും നശിപ്പിക്കുന്ന നിരന്തര ചെമ്മീൻവാറ്റിനെതിരെയും പൊക്കാളി സംരക്ഷണ സമിതി ഒക്ടോബർ 3 ന് ചെല്ലാനം ഗോണ്ടുപറമ്പിൽ ജാഗ്രതാ കൂട്ടായ്മ സംഘടിപ്പിച്ചു. ഫാ. പ്രശാന്ത് പാലക്കപ്പിള്ളി കൂട്ടായ്മ ഉദ്ഘാടനം ചെയ്തു. ആൾ ഇന്ത്യ യു.ടി.യു.സി. സംസ്ഥാന വൈസ് പ്രസിഡന്റ് സഖാവ് പി.എം. ദിനേശൻ മുഖ്യപ്രസംഗം നടത്തി. യോഗത്തിൽ സമിതി ജനറൽ കൺവീനർ ഫ്രാൻസിസ്കളത്തുങ്കൽ അദ്ധ്യക്ഷത വഹിച്ചു.

ചെല്ലാനം സെന്റ് സെബാസ്റ്റ്യൻ പള്ളിക്കു സമീപത്തു നിന്നും ആരംഭിച്ച പ്രകടനത്തിൽ വനിതകളുൾപ്പെടെ നിരവധി ആളുകൾ പങ്കെടുത്തു. ഷൈന പരിമളത്ത്,ബാബു പള്ളിപ്പറമ്പിൽ, റോജി ആറാട്ടുകുളങ്ങര, വർഗ്ഗീസുകുട്ടി മുണ്ടുപറമ്പിൽ, ബെന്നികളത്തിൽ, കെ.കെ.തിലകൻ, സേവ്യർ തറയിൽ, ആലുങ്കൽ ജേക്കബ്, മേരിക്കുട്ടി തൈക്കൂട്ടത്തിൽ, ജെസി ആന്റണി തോപ്പിൽപറമ്പിൽ, രാജപ്പൻ തൈവളപ്പിൽ, കൃഷ്ണൻ കലശത്തറ തുടങ്ങിയവർ പ്രകടനത്തിന് നേതൃത്വം വഹിച്ചു. ●

# പുന്നപ്ര തെക്ക് പഞ്ചായത്തിനു മുൻപിൽ പ്രതിഷേധ ധർണ്ണ

പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിലെ 17-ാം വാർഡിൽ സെന്റ് ജൂഡ് കുരിശ്ശടി മുതൽ വാവക്കാട്ടു പൊഴിവരെയുള്ള പഞ്ചായത്ത് സീവാൾ റോഡ് കഴിഞ്ഞ ഇരുപത് വർഷത്തിലേറെയായി ആയിരക്കണക്കിന് മത്സ്യ തൊഴിലാളികളും നാട്ടുകാരും ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. പലതവണ പഞ്ചായത്ത് ഫണ്ട് തുക വിനിയോഗിച്ച് അറ്റകുറ്റപണികൾ നടത്തിയിട്ടുള്ള ഈ റോഡ് ഇപ്പോൾ സ്വകാര്യവ്യക്തികൾ റിസോർട്ടിനുവേണ്ടി കൈയ്യേറി വഴി തിരിച്ചുവിടാൻ നീക്കം നടത്തിയിരിക്കുന്നു. പഞ്ചായത്ത് സ്റ്റോപ്പ് മെമ്മോ കൊടുത്തിട്ടും 17-ാം വാർഡ് മെമ്പറുടെ പിൻതുണയോടെ തൽപരകക്ഷികൾ ചിലനിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നു. പ്രദേശവാസികളും മത്സ്യതൊഴിലാളികളും രണ്ട് മാസമായി പ്രക്ഷോഭ രംഗത്താണ്. അതിന്റെ ഭാഗമായി 2014 സെപ്റ്റംബർ 26 ന് രാവിലെ 10 മണി മുതൽ പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിനു മുൻപിൽ പ്രതിഷേധ ധർണ്ണ നടത്തി.

ധർണ്ണ ജനകീയ പ്രതിരോധ സമിതി ജില്ലാ സെക്രട്ടറി എസ്സ്. സീതിലാൽ ഉദ്ഘാടനം ചെയ്തു. സമരസമിതി വൈസ് പ്രസിഡന്റ് ടി.വിശ്വകുമാർ അദ്ധ്യക്ഷത വഹിച്ചു. ഗാന്ധി യുവകേന്ദ്ര സംസ്ഥാന നേതാവ് അഡ്വ. എം.നാസർ പൈങ്ങാമഠം, കേരള മത്സ്യ ബന്ധന തൊഴിലാളി യൂണിയൻ ജില്ലാ സെക്രട്ടറി പി.ആർ. സതീശൻ, അഖിലേന്ത്യ മഹിളാസാംസ്കാരിക സംഘടന ജില്ലാ സെക്രട്ടറി കെ.ജെ.ഷീല, സ്ത്രീ സുരക്ഷ സമിതി ജില്ലാ നേതാവ് ടി.ആർ. രാജിമോൾ, ശ്രീമതി റോസമ്മ ജോർജ്ജ് എന്നിവർ ധർണ്ണയെ അഭിസംബോധന ചെയ്തു കൊണ്ട് സംസാരിച്ചു. തീരദേശ സംരക്ഷണ സമിതി കൺവീനർ കെ. പി. സുബൈദ സ്വാഗതവും, സമരസമിതി പ്രവർത്തക രേഷ്മ ജെസ്റ്റിൻ നന്ദിയും രേഖപ്പെടുത്തി. തീരദേശ സംരക്ഷണ സമിതി, പഞ്ചായത്ത് കമ്മിറ്റിക്കു മുൻപാകെ നിവേദനം നൽകി. ●

## യുവതിക്ക് പോലീസ് സ്റ്റേഷനിൽ ക്രൂരമർദ്ദനം:

# സ്ത്രീസുരക്ഷാ സമിതി പ്രതിഷേധയോഗം നടത്തി



പ്രതിഷേധയോഗം മിനി കെ.ഫിലിപ്പ് ഉദ്ഘാടനം ചെയ്യുന്നു.

ചേരാനെല്ലൂരിൽ യുവതിക്കുനേരെയുണ്ടായ പോലീസ് അതിക്രമത്തിൽ പ്രതിഷേധിച്ച് സ്ത്രീസുരക്ഷാ സമിതിയും അഖിലേന്ത്യ മഹിളാ സാംസ്കാരിക സംഘടനയും സംയുക്തമായി സെപ്തംബർ 20 ന് എറണാകുളത്ത് മേനക ജംങ്ഷനിൽ പ്രതിഷേധയോഗം സംഘടിപ്പിച്ചു. പ്രതിഷേധയോഗം സ്ത്രീസുരക്ഷാ സമിതി സംസ്ഥാന ജനറൽ സെക്രട്ടറി മിനി കെ. ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. മോഷണകുറ്റം ആരോപിച്ച് മതിയായ തെളിവുകളില്ലാതെ യുവതിയെ അറസ്റ്റ് ചെയ്യുകയും കസ്റ്റഡിയിൽവച്ച് പുരുഷ പോലീസ് ഉൾപ്പെടെ ക്രൂരമായി മർദ്ദിക്കുകയും ചെയ്ത സംഭവത്തിൽ കുറ്റക്കാരായ പോലീസുകാരെ സർവ്വീസിൽനിന്ന് നീക്കം ചെയ്യണമെന്ന് മിനി കെ.ഫിലിപ്പ് അഭിപ്രായപ്പെട്ടു.

അഖിലേന്ത്യ മഹിളാ സാംസ്കാരിക സംഘടന സംസ്ഥാന സെക്രട്ടറി ഷൈല കെ. ജോൺ മുഖ്യപ്രസംഗം നടത്തി. കെ.കെ.ശോഭ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജനകീയ ആക്ഷൻ കമ്മിറ്റി ചെയർമാൻ ജോളി എംബ്ലശ്ശേരി, സ്ത്രീസുരക്ഷാ സമിതി സംസ്ഥാ കമ്മിറ്റിയംഗം സി.വി.പീതാംബരൻ, അഖിലേന്ത്യ മഹിളാ സാംസ്കാരിക സംഘടന സംസ്ഥാന കമ്മിറ്റിയംഗം ഷീല കെ.ജെ, എം.കെ.ഉഷ തുടങ്ങിയവർ പ്രസംഗിച്ചു. ●

Date of Posting 9 th & 10 th of every month at RMS, Trivandrum.
Date of publishing October 1st, 2014.
P.R. No. KL/TV(N)/452/2012-2014
R. N. 24773/1992

# UNITY
MALAYALAM MONTHLY

Vol 41 No.6
Price : Rs 5.00
October 2014

## ഈശ്വരചന്ദ്രവിദ്യാസാഗർ ജന്മവാർഷികാചരണം

# വിദ്യാഭ്യാസ സംരക്ഷണ സംഗമം സംഘടിപ്പിച്ചു



വിദ്യാഭ്യാസ സംരക്ഷണ സംഗമം പ്രൊഫ.എം.കെസാനു ഉദ്ഘാടനം ചെയ്യുന്നു

**വി**ദ്യാഭ്യാസത്തിന്റെ വാണിജ്യവൽക്കരണത്തിനും വർഗ്ഗീയവൽക്കരണത്തിനുമെതിരെ സെപ്തംബർ 26 ആൾ ഇന്ത്യാ സേവ് എജ്യൂക്കേഷൻ കമ്മിറ്റി ശാസ്ത്രീയ മതേതര വിദ്യാഭ്യാസദിനമായി അഖിലേന്ത്യാതലത്തിൽ ആചരിച്ചു.

ആഗോളവൽക്കരണനയനടപടികളുടെ ഭാഗമായി പ്രൈമറി വിദ്യാഭ്യാസം മുതൽ ഉന്നതവിദ്യാഭ്യാസരംഗംവരെ വിനാശകരമായ ഉടച്ചുവാർക്കലുകളാണ് രാജ്യമൊട്ടാകെ നടന്നുവരുന്നത്.

ബി.ജെ.പി. സർക്കാർ അധികാരത്തിൽ വന്നതോടെ, ദേശീയ വിദ്യാഭ്യാസമേഖലയെ വർഗീയ വൽക്കരിക്കാനുള്ള നീക്കങ്ങൾ കേന്ദ്രമാനവവിഭവ വികസന വകുപ്പുമന്ത്രാലയം ആരംഭിച്ചിരിക്കുന്നു. 'ഭാരതവൽക്കരണം' എന്ന പേരിൽ ഇന്ത്യൻ ചരിത്ര പാഠപുസ്തകങ്ങൾ തിരുത്തിയെഴുതാൻ ആർ.എസ്.എസ് നേതൃത്വം നൽകുന്നു. എല്ലാ പുരാതന, പഴഞ്ചൻ വിധി വിശ്വാസങ്ങളും നിഗൂഢ ചിന്തകളും ക്ലാസ്മുറികളിലേക്ക് കൊണ്ടുവന്ന് വിദ്യാർഥികളിൽ അന്ധവിശ്വാസവും വർഗീയ മനോഭാവവും വളർത്താൻ അവർ വിദ്യാഭ്യാസത്തെ കരുവാക്കുകയാണ്. ഹിന്ദുമതശാസനങ്ങൾ, വേദഗണിതം, സംസ്കൃതം എന്നിവയൊക്കെ പാഠപുസ്തകങ്ങളിൽ കുത്തിനിറയ്ക്കാനാണ് നീക്കം. യുക്തിചിന്തയും ശാസ്ത്രബോധവും മാനവീക വീക്ഷണങ്ങളുമെല്ലാം ഒറ്റയടിക്ക് ഇല്ലാതായാൽ രാജ്യം അന്ധതയുടെയും മതഭ്രാന്തിന്റെയും ദേശഭ്രാന്തിന്റെയും പിടിയിൽ അകപ്പെടുമെന്ന അപകടമാണ് നമ്മുടെ മുന്നിലുള്ളത്.

ഈ സാഹചര്യത്തിലാണ്, അഖിലേന്ത്യാ സേവ് എജ്യുക്കേഷൻ കമ്മിറ്റി ഈശ്വരചന്ദ്ര വിദ്യാസാഗർ ദിനം ശാസ്ത്രീയ-മതേതര വിദ്യാഭ്യാസ ദിനമായി ആചരിക്കാൻ തീരുമാനിച്ചത്. സംസ്ഥാനതലത്തിൽ എറണാകുളത്ത് അച്യുതമേനോൻ ഹാളിൽ സെപ്തംബർ 27 ന് വിദ്യാഭ്യാസ സംരക്ഷണ സംഗമം സംഘടിപ്പിച്ചു.

അഖിലേന്ത്യാ സേവ് എജ്യൂക്കേഷൻ കമ്മിറ്റി നേതാക്കളിലൊരാളായ ഡോ.വി.വേണുഗോപാലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന വിദ്യാഭ്യാസ സംരക്ഷണ സംഗമം പ്രൊഫ. എം.കെ.സാനു ഉദ്ഘാടനം ചെയ്തു. രാജ്യത്ത് നടപ്പാക്കുന്ന മതവികാര വിദ്യാഭ്യാസം വിദ്യാഭ്യാസത്തെ കലുഷിതമാക്കുകയും വിഭജിക്കുകയും ചെയ്യുന്നുവെന്നും അതിനെ തടയാൻ വിദ്യാഭ്യാസ സംരക്ഷണ പ്രസ്ഥാനം ആവശ്യമാണെന്നും പ്രൊഫ. എം.കെ.സാനു അഭിപ്രായപ്പെട്ടു.

സേവ് എജ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന കൺവീനർ എം.ഷാജർഖാൻ വിഷയാവതരണം നടത്തി. പ്രൊഫ. പി.എൻ.തങ്കച്ചൻ, പ്രൊഫ. ഫ്രാൻസിസ് കളത്തുങ്കൽ, ഡോ. ജ്യോതിരാജ്, ഡോ. ഇ.ശ്രീകുമാരൻ, അഡ്വ.ഇ.എൻ.ശാന്തിരാജ്, കെ.പി.സാൽവിൻ, വിദ്യാ ആർ.ശേഖർ എന്നിവർ പ്രസംഗിച്ചു. കെ.ഒ. സുധീർ നന്ദി പറഞ്ഞു. ●

# ഇടതുപക്ഷ ഐക്യമുന്നണി കോട്ടയം ജില്ലാ കൺവൻഷൻ




സഖാവ് ടി.എൽ.സന്തോഷ് കൺവൻഷൻ ഉദ്ഘാടനം ചെയ്യുന്നു. വേദിയിൽ സഖാക്കൾ കെ.എസ്.ഹരിഹരൻ, എം.രാജൻ, വി.വേണുഗോപാൽ, ജയ്സൺജോസഫ് തുടങ്ങിയവർ



സദസ്സിന്റെ ഒരു ദൃശ്യം

**ഇ**ടതുപക്ഷ ഐക്യമുന്നണിയുടെ കോട്ടയം ജില്ലാ കൺവൻഷൻ ഒക്ടോബർ 5 ന് കോട്ടയത്ത് സാഹിത്യ പ്രവർത്തക സഹകരണ സംഘം ഹാളിൽ നടന്നു. ആർഎംപിയുടെ സംസ്ഥാന ചെയർമാൻ സഖാവ് ടി.എൽ.സന്തോഷ് കൺവൻഷൻ ഉദ്ഘാടനം ചെയ്തു.

എംസിപിഐ (യുണൈറ്റഡ്) സംസ്ഥാന സെക്രട്ടറി സഖാവ് എം.രാജൻ മുഖ്യപ്രസംഗം നടത്തി. ഇടതുപക്ഷ ഐക്യമുന്നണിയുടെ സംസ്ഥാന ചെയർമാനും ആർഎംപി സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവുമായ സഖാവ് കെ.എസ്.ഹരിഹരൻ, ഇടതുപക്ഷ ഐക്യമുന്നണിയുടെ കൺവീനറും എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവുമായ സഖാവ് വി.വേണുഗോപാൽ തുടങ്ങിയവർ പ്രസംഗിച്ചു.

മരുന്നുകളുടെ വില നിയന്ത്രണം എടുത്തുകളഞ്ഞ നടപടി പിൻവലിക്കുവാനാവശ്യപ്പെട്ടുകൊണ്ട് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ കമ്മിറ്റിയംഗം സഖാവ് എൻ.വേണുഗോപാൽ പ്രമേയം അവതരിപ്പിച്ചു. റബ്ബറിന്റെ വിലയിടിവിനെ തടഞ്ഞുനിർത്താൻ അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം എസ്.യു.സി.ഐ (കമ്മ്യൂണിസ്റ്റ്) ജില്ലാ കമ്മിറ്റിയംഗം സഖാവ് കെ.പി.വിജയൻ അവതരിപ്പിച്ചു. കോട്ടയം മെഡിക്കൽ കോളജിലെ പരാധീനതകൾ പരിഹരിച്ച് ജനങ്ങൾക്ക് മതിയായ ചികിത്സ ഉറപ്പാക്കണം എന്നാവശ്യപ്പെടുന്ന പ്രമേയവും അവതരിപ്പിക്കപ്പെട്ടു. മൂന്ന് പ്രമേയങ്ങളും സദസ്സ് ഐകകണ്ഠ്യേന പാസ്സാക്കി. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് ജയ്സൺ ജോസഫ് അദ്ധ്യക്ഷത വഹിച്ചു. സഖാവ് മിനി കെ.ഫിലിപ്പ് സ്വാഗതം ആശംസിച്ചു.

മിനി കെ.ഫിലിപ്പ് കൺവീനറായി ഇടതുപക്ഷ ഐക്യമുന്നണി കോട്ടയം ജില്ലാ കമ്മിറ്റി തെരഞ്ഞെടുക്കപ്പെട്ടു. സമ്മേളനാനന്തരം നഗരത്തിൽ നടന്ന പ്രകടനത്തിന് സഖാക്കൾ എൻ.കെ.ബിജു, കെ.പി,വിജയൻ. എം.കെ. കണ്ണൻ, വി.പി.കൊച്ചുമോൻ, കെ.സദാനന്ദൻ, ഇ.വി.പ്രകാശ്, എ.ജി.അജയകുമാർ, രാജീവ് കിടങ്ങൂർ, പ്രവീൺ തുടങ്ങിയവർ നേതൃത്വം നൽകി. ●

# മഹാനായ അയ്യൻകാളി നയിച്ച കർഷക സമരത്തിന്റെ നൂറാം വാർഷികാചരണം



**ഒ**ക്ടോബർ 5 ന് അഞ്ചൽ ശാന്തികേന്ദ്രത്തിൽ നടന്ന ചർച്ചാ സമ്മേളനത്തിൽ എം.കൃഷ്ണകുമാർ വിഷയാവതരണം നടത്തുന്നു. എസ്‌വിഎസ്‌വി രക്ഷാധികാരി കെ.തങ്കപ്പൻ ഉദ്ഘാടനം ചെയ്തു, കെ.ശശാങ്കൻ, ഡോ.വി.കെ.ജയകുമാർ, എം.ആർ.സജിത്ഘോഷ്, കെ.ശരത്കുമാർ, ജ്യോതികൃഷ്ണൻ, ബി.രാമചന്ദ്രൻ, ജി.ധ്രുവകുമാർ, ജോസ് സാരനാഥ്, സി.മുരളി, കെ.നിസ്സാം, എസ്.ഷൈലജ എന്നിവർ പ്രസംഗിച്ചു. ●



**അ**യ്യൻകാളി നയിച്ച കർഷക സമരത്തിന്റെ ശതാബ്ദി ആചരണ സമ്മേളനം സെപ്തംബർ 28 ന് കൊട്ടാരക്കരയിൽ നടന്ന എഐഡിവൈഒ സംസ്ഥാന സെക്രട്ടറി എൻ.കെ.ബിജു ഉദ്ഘാടനം ചെയ്യുന്നു. എസ്‌വിഎസ്‌വി രക്ഷാധികാരി എൻ.തങ്കപ്പൻ, പി.പി.പ്രശാന്ത് കുമാർ, കാർഷിക പണിമുടക്ക് ശതാബ്ദി ആചരണ സമിതി ജില്ലാ കൺവീനർ ബി.രാമചന്ദ്രൻ എന്നിവർ വേദിയിൽ ●



**ചെ**ങ്ങറ സമരഭൂമിയിൽ മഹാനായ അയ്യൻകാളിയുടെ 151-ാം ജന്മവാർഷികദിനാചരണത്തിൽ ചെങ്ങറ സമരനായകൻ ളാഹഗോപാലൻ പ്രസംഗിക്കുന്നു. സമ്മേളനത്തിന്റെ ഉദ്ഘാടകനും അയ്യൻകാളിയുടെ ചെറുമകനുമായ പി.ശശിധരൻ(ഐപിഎസ്), എസ്‌വിഎസ്‌വി രക്ഷാധികാരി എൻ. തങ്കപ്പൻ, ജനകീയപ്രതിരോധ സമിതി ജില്ലാ സെക്രട്ടറി കെ.ജി.അനിൽകുമാർ. തുടങ്ങിയവരെ വേദിയിൽ കാണാം. ●

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.